
# ഗിരിദീപം


ഡിസംബർ 2024



ക്രിസ്തുമസ് ആശംസകൾ




# GOLDEN JUBILERIANS







Rev. Fr. Joseph
**Chathanattu**



Rev. Fr. Jose
**Elayanithottam**



Rev. Fr. George
**Elukkunnel**




Rev. Fr. Jose
**Kakkattil**



Rev. Fr. Joseph
**Karukamalil**



Rev. Fr. Mathew
**Payyanatt**



Rev. Fr. Emmanuel
**Poovathinkal**

ഡിസംബർ 2024

വാല്യം 07
ലക്കം 12

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 607/2024, Circular No. 15/2024 ........ 05
2. സർക്കുലർ - മേജർ ആർച്ചുബിഷപ്പ് ........ 08
3. Prot. No. 608/2024, Pastoral Letter No. 06/2024 ........ 13
4. കച്ചേരിക്കാര്യം ........ 18
5. പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 26
6. പഞ്ചാബ് മിഷൻ സന്ദർശനം - മാർ ജോർജ് ഞറളക്കാട്ട് ........ 30
7. നവീകരണ ധ്യാനം ........ 33
8. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 35
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 41
10. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 45
    തിരുബാലസഖ്യം ........ 51
11. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 54
12. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 59
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 65
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 67
14. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി ........ 69
    കുടുംബക്കൂട്ടായ്മ ........ 72
    ADAM ........ 74
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 76
    ഫ്രാൻസിസ്ക്കൻ അല്മായ സഭ ........ 78
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 79
    ബയോ മൗണ്ടൻ ഫാർമേഴ്സ് ........ 88
16. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 89
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 99
18. Engagements - December (Archbishop Mar Joseph Pamplany) ........ 92
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 94
20. Engagements - December (Archbishop Mar George Njaralakatt) ........ 96
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 97
22. Engagements - December (Archbishop Mar George Valiamattam) ........ 98

# സർക്കുലർ
## മാർ ജോസഫ് പാംപ്ലാനി
Prot. No. 607 /2024, Circular No. 15/2024

## ക്രിസ്തുമസ്

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുപ്പിറവിക്ക് ഒരുക്കമായുള്ള മംഗളവാർത്താക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ദൂതൻ അവളോട് പറഞ്ഞു, 'ഭയപ്പെടേണ്ട ഇതാ സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു'(ലൂക്ക 2:10-11). നൂറ്റാണ്ടുകളായി രക്ഷകനുവേണ്ടിയുള്ള മനുഷ്യകുലത്തിന്റെ കാത്തിരിപ്പാണ് ഈശോയുടെ ജനനത്തോടെ അവസാനിച്ചത്. ദൈവപുത്രന്റെ മനുഷ്യാവതാരം എന്ന വിശ്വാസത്തിന്റെ അടിസ്ഥാനസത്യത്തെ ആഴത്തിൽ ധ്യാനിക്കുവാനും ഏതു പ്രതിസന്ധികൾക്കുനടുവിലും നിരാശയുടെ പടുകുഴിയിൽ നിന്നും രക്ഷിക്കുവാൻ ദൈവപുത്രൻ നമ്മെ തേടിവരും എന്ന യാഥാർത്ഥ്യം തിരിച്ചറിയാനുമുള്ള കാലമാണ് ക്രിസ്തുമസ്.

പുൽക്കൂടും നക്ഷത്രദീപാലങ്കാരങ്ങളും ക്രിസ്തുമസ് കാലത്തിന്റെ അടയാളങ്ങളാണ്. രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന അസ്സീസിയിലെ വി. ഫ്രാൻസീസാണ് ആദ്യമായി പുൽക്കൂട് നിർമ്മിച്ചതെന്നാണ് കരുതപ്പെടുന്നത്. രാജാധിരാജൻ പരിമിതികൾക്കുനടുവിൽ ഏറ്റവും എളിയവനായി ജനിച്ചതിന്റെ ഓർമ്മപ്പെടുത്തലാണ് പുൽക്കൂട്. ജീവിതത്തിൽ നാം പുലർത്തേണ്ട ലാളിത്യത്തിന്റെയും ദൈവാശ്രയബോധത്തിന്റെയും ജീവിതശൈ

ലിയെ പുൽക്കൂട് പ്രതിഫലിപ്പിക്കുന്നുണ്ട്. വീടുകളിൽ പുൽക്കൂട് ഒരുക്കുമ്പോഴും നക്ഷത്രങ്ങൾ തൂക്കുമ്പോഴും ഈ ലാളിത്യം ജീവിതത്തിന്റെ ഭാഗമാക്കാൻ പ്രത്യേക ശ്രദ്ധ കാണിക്കുമല്ലോ. പരമ്പരാഗതമായി നാം കൈമാറുന്ന ക്രൈസ്തവ ആഘോഷങ്ങളുടെ അടയാളങ്ങൾ വരുംതലമുറകളിലേക്ക് പകരുവാൻ നമുക്ക് കടമയുണ്ട്. ക്രിസ്തുമസിനോടനുബന്ധിച്ച് നാം നടത്തുന്ന ക്രിസ്തുമസ്കരോൾ ഈശോയുടെ ജനനത്തിന്റെ സദ്വാർത്ത സകലരേയും അറിയിക്കുവാനുള്ള അവസരമാണ്. ഭക്തിസാന്ദ്രമായി ക്രിസ്തുമസിന്റെ സന്ദേശം എല്ലാകുടുംബങ്ങളിലും എത്തിക്കുന്ന രീതിയിൽ ഇടവകകളിൽ കരോൾ നടത്തുവാനും ശ്രദ്ധിക്കുമല്ലോ. ദൈവം മനുഷ്യനായി അവതരിച്ചതിലൂടെ മനുഷ്യത്വത്തിന്റെ ഉത്സവമാണ് ക്രിസ്തുമസ്. അതിനാൽ ജാതിമതഭേദമെന്യേ സകല മനുഷ്യരോടും ക്രിസ്തുമസിന്റെ സന്തോഷം പങ്കവയ്ക്കാൻ നാം ശ്രദ്ധിക്കണം.

ആത്മീയ ഉണർവിന്റെ അവസരമാക്കി ക്രിസ്തുമസ് കാലത്തെ നമുക്ക് മാറ്റാം. 25 നോമ്പിന്റെ ദിനങ്ങളിൽ മത്സ്യ- മാംസാദികൾ വർജ്ജിച്ചുകൊണ്ട് തിരുപ്പിറവിക്കായി ഒരുങ്ങുന്ന പാരമ്പര്യമാണ് നമ്മുടെ സഭയിലുള്ളത്. സാധിക്കുന്നിടത്തോളം കുടുംബാംഗങ്ങൾ ഒരുമിച്ച് 25 നോമ്പിന്റെ ദിനങ്ങളിൽ ദിവ്യബലിയിൽ പങ്കെടുക്കുന്നത് ക്രിസ്തുമസിന് ഏറ്റവും നല്ല ഒരുക്കമായിരിക്കുമെന്ന് ഓർമ്മിപ്പിക്കട്ടെ. ഉണ്ണീശോയ്ക്കായി സുകൃതമഞ്ജരി ഒരുക്കുവാൻ കുഞ്ഞുങ്ങളെ മാതാപിതാക്കളും മതാധ്യാപകരും പരിശീലിപ്പിക്കണം.

ഈ ക്രിസ്തുമസ് കാലം തലശ്ശേരി അതിരൂപതയിൽ ആത്മീയ ആഘോഷങ്ങളുടെ അവസരമാണ്. ഡിസംബർ 6, 7 തീയതികളിൽ ചെമ്പേരി ലൂർദ്മാതാ ബസിലിക്കയിലേക്ക് നടക്കുന്ന മരിയൻ തീർത്ഥാടനത്തെക്കുറിച്ച് ഇതിനോടകം നിങ്ങൾ അറിഞ്ഞതാണല്ലോ. ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽനിന്നും, എടൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽനിന്നും കാൽനടയായി ജപമാല ചൊല്ലി തീർത്ഥാടനമായി ചെമ്പേരി ലൂർദ്മാതാ ബസിലിക്കയയിൽ ഡിസംബർ 7 ശനിയാഴ്ച രാവിലെ 4.30 ന് എത്തിച്ചേരുംവിധമാണ്. ഈ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. പൈസക്കരിയിൽനിന്നും ചെമ്പൻതൊട്ടിയിൽനിന്നും ശനിയാഴ്ച രാവിലെ നാലുമണിക്ക് ചെമ്പേരിയിൽ എത്തിച്ചേരുംവിധമുള്ള തീർത്ഥാടനവും നടക്കും. തിരുക്കുടുംബം ഉണ്ണീയേശുവിനെ വഹിച്ചുകൊണ്ട് ഈജിപ്തിലേക്ക് ക്ലേശത്തോടെ യാത്ര ചെയ്തതിന്റെ ഓർമ്മയിൽ ഈ തീർത്ഥാടനത്തിൽ

പങ്കുചേരുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദണ്ഡവിമോചനപ്രാപ്തിക്കുള്ള അവസരമാണിത്. ഡിസംബർ 7 ന് രാവിലെ ചെമ്പേരി ലൂർദ്മാതാ ബസിലിക്കയിൽ നടക്കുന്ന ദിവ്യബലിയിൽ തലശ്ശേരി അതിരൂപതിലെ മുഴുവൻ കുടുംബങ്ങളെയും അമലോത്ഭവമാതാവിന് സമർപ്പിച്ചു പ്രാർത്ഥിക്കുന്നതാണ്.

ദിവ്യകാരുണ്യ വർഷാചരണത്തിന്റെ സമാപനം ഡിസംബർ 11,12,13,14 തീയതികളിൽ തോമാപുരത്ത് നടത്തുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സോടുകൂടിയാണ് നടക്കുന്നത്. ദിവ്യകാരുണ്യ കൺവെൻഷനിലും സമാപനദിനത്തിലെ ദിവ്യകാരുണ്യ പഠനശിബിരത്തിലും ദിവ്യകാരുണ്യപ്രദക്ഷിണത്തിലും പങ്കെടുക്കുവാൻ പരിശ്രമിക്കുമല്ലോ. ഡിസംബർ 21 ന് ഇരിട്ടിയിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ 'ബോൺ നതാലെ' എന്ന പേരിൽ നടത്തുന്ന ക്രിസ്തുമസ് സന്ദേശസംഗമം യുവജനങ്ങളുടെ കൂട്ടായ്മയ്ക്കും സാക്ഷ്യത്തിനുമുള്ള നല്ലൊരു അവസരമാണ്. ഇടവകകളിൽ നിന്നും യുവജനങ്ങളെ ഈ കൂട്ടായ്മയിലേക്ക് പറഞ്ഞയക്കുമല്ലോ.

പങ്കുവയ്ക്കലിന്റെയും പരസ്നേഹത്തിന്റെയും വസന്തകാലമായി ഈ ക്രിസ്തുമസ്നാളുകൾ മാറട്ടെ. സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോ നിങ്ങളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങൾ ഏവരേയും ആശീർവദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2024 നവംബർ 24 മിശിഹായുടെ രാജത്വതിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 ഡിസംബർ 01-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 1133/2024

## സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം 2025

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

2025 ജനുവരി 6 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ സീറോമലബാർസഭയിൽ പ്രേഷിത വാരം ആചരിക്കുകയാണല്ലോ. നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പരിചയപ്പെടുന്നതിനും പ്രേഷിതരെ നന്ദിയോടെ ഓർക്കുന്നതിനും പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രേഷിതർക്കും പ്രേഷിതപ്രവർത്തനങ്ങൾക്കുംവേണ്ടി പ്രാർഥിക്കുന്നതിനുംവേണ്ടിയാണ് ഈ പ്രേഷിതവാരം വർഷങ്ങളായി നമ്മൾ ആചരിച്ചുവരുന്നത്.

മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതയും പ്രേഷിതനുമാണ്. ഈശോയാണ് ഈ പ്രേഷിതാത്മകതയുടെ ശ്രോതസ്സ്. ഈശോയുടെ മൗതികശരീരമായ തിരുസഭ, അവിടത്തെ ദൗത്യമാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ഈശോ ശിഷ്യന്മാരോടു കല്പ്പിച്ച കാര്യങ്ങൾ - പോവുക, സുവിശേഷംപ്രസംഗിക്കുക, ശിഷ്യപ്പെടുത്തുക, സ്നാനപ്പെടുത്തുക, പഠിപ്പിക്കുക, കൂദാശകളിലൂടെ വിശുദ്ധീകരിക്കുക, നയിക്കുക, നന്മചെയ്തു ചുറ്റിസഞ്ചരിക്കുക, പ്രാർഥനയിൽ ദൈവൈക്യപ്പെടുക, ഐക്യത്തിൽ സമൂഹമായിരിക്കുക - എന്നിവ ചെയ്യുമ്പോൾ നമ്മൾ പ്രേഷിതപ്രവർത്തനമാണു നടത്തുന്നത്.

വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു (1:1). താൻ കണ്ടതും കേട്ടതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെയാണു നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ നമ്മോടു പ്രഘോഷിച്ചതും നമുക്കു പകർന്നുതന്നതും. ആകയാൽ, പ്രേഷിതചൈതന്യം സ്വന്തമാക്കാൻ നാം ആദ്യം ചെയ്യേണ്ടത് ഈശോയെ വ്യക്തിപരമായി കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുക എന്നുള്ളതാണ്.

ദൈവാനുഭവമുള്ള വ്യക്തി തന്റെ സഹോദരങ്ങളിൽ ദൈവത്തെ നിശ്ചയമായും കണ്ടെത്തുന്നു. ദൈവസ്നേഹത്തിന്റെയും സഹോദര സ്നേഹത്തിന്റെയും ഇഴയടുപ്പം യോഹന്നാൻ ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു: "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ. 4:20). ദൈവവചനത്തിലൂടെയും പ്രാർഥനയിലൂടെയും കൂദാശകളിലൂടെയും ദൈവവുമായുള്ള ഐക്യം പ്രാപിക്കുന്നതിന്റെ പ്രകാശനവും പ്രതിഫലനവുമായിരിക്കണം നമ്മുടെ ശുശ്രൂഷാമേഖലകൾ. ഈശോയുടെ മുഖം അപരനിൽ കണ്ടുമുട്ടുന്ന സാഹചര്യങ്ങളും സാദ്ധ്യതകളുമാണ് നമ്മുടെ സ്ഥാപനങ്ങൾ. സീറോമലബാർസഭയിൽ നമുക്കു ധാരാളം സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കേന്ദ്രങ്ങളായി മാറുമ്പോഴാണ് അവ മറ്റുള്ളവർക്ക് സുവിശേഷമായി മാറുന്നത്. ഈ മേഖലയിൽ ഫലപ്രദമായ സാക്ഷ്യംനല്കാൻ നമുക്ക് സാധിക്കുന്നുണ്ടോയെന്നത് ആത്മപരിശോധനയുടെ വിഷയമാണ്.

പ്രേഷിതപ്രവർത്തനം ആരുടെ ഉത്തരവാദിത്വമാണ് എന്നത് ഗൗരവകരമായ വിശകലനം ആവശ്യമുള്ള ചോദ്യമാണ്. ശുശ്രൂഷാപൗരോഹിത്യം പ്രത്യേകമായി സ്വീകരിച്ചിരിക്കുന്ന മെത്രാന്മാരും വൈദികരും ഡീക്കന്മാരും, പൊതുപൗരോഹിത്യം മാമ്മോദീസായിലൂടെ സ്വീകരിച്ചിരിക്കുന്ന സമർപ്പിതരും അല്മായരും ഒന്നിച്ച് പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതരാകണമെന്നതാണു തിരുസഭ ആഗ്രഹിക്കുന്നത്. പ്രേഷിതവേല വൈദികർക്കും സമർപ്പിതർക്കുംവേണ്ടി മാത്രമുള്ളതല്ല, മാമ്മോദീസ സ്വീകരിച്ച എല്ലാവരും സ്വീകരിക്കേണ്ട ജീവിതദൗത്യമാണത്.

വൈദികരും സമർപ്പിതരും പ്രേഷിതവേലക്കായി സമയം പൂർണമായും മാറ്റിവക്കുമ്പോൾ അല്മായർക്ക് എപ്രകാരമാണ് ഈ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകാൻ സാധിക്കുന്നത് എന്ന് 2024 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിചിന്തനംചെയ്യുകയുണ്ടായി. പ്രേഷിതർക്കും പ്രേഷിതപ്രവർത്തനങ്ങൾക്കുംവേണ്ടി നിരന്തരം പ്രാർഥിക്കാനും പ്രായശ്ചിത്തപ്രവൃത്തികൾ കാഴ്ചവയ്ക്കാനും അല്മായർക്കും സാധിക്കുമെന്നതു വലിയ പ്രേഷിതപ്രവർത്തനമായി അസംബ്ലി എടുത്തുപറയുകയുണ്ടായി. നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങൾ നിസ്വാർഥമായ പ്രേഷിത ഇടപെടലുകൾ ആവശ്യപ്പെടുന്നുണ്ട്. ഇവയ്ക്കായി സമയവും

സമ്പത്തും മാറ്റിവയ്ക്കാൻ തങ്ങളുടെ ജീവിതാവസ്ഥയിൽനിന്നുകൊണ്ട് അല്മായർക്കും സാധിക്കുന്നതാണ്. നമ്മുടെ സഭ പ്രവാസികളുടെ സഭയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിവിധ ജോലികൾക്കായി സ്വന്തം ജന്മദേശം വിട്ട് സ്വദേശത്തെ മറ്റു സ്ഥലങ്ങളിലും വിദേശങ്ങളിലും പോകുന്നവർ ഒരു പ്രേഷിതസമൂഹമായി പരിണമിക്കേണ്ടിയിരിക്കുന്നു. പ്രവാസലോകത്തുള്ള നമ്മുടെ സഭാംഗങ്ങളുടെ വിശ്വാസജീവിതംതന്നെ വലിയ ഒരു പ്രേഷിതസാക്ഷ്യമാണ്. ക്രൈസ്തവമൂല്യങ്ങൾ മുറുകെപിടിക്കുന്ന കുടുംബജീവിതവും തങ്ങൾ ആയിരിക്കുന്ന സ്ഥലത്തുള്ള ഇടവകാജീവിതവും പ്രവാസികളുടെ പ്രേഷിതസാക്ഷ്യത്തിന്റെ അടിസ്ഥാനപരമായ ആദ്യപടിയാണ്. തങ്ങളായിരിക്കുന്നയിടങ്ങളിൽ സുവിശേഷത്തിന്റെ പ്രേഷിതരാകാൻ എല്ലാ പ്രവാസിമക്കളോടും ഈ സന്ദർഭത്തിൽ ഞാൻ ആഹ്വാനംചെയ്യുന്നു.

സീറോമലബാർസഭയുടെ എല്ലാ മിഷൻരൂപതകളും പ്രത്യേകമായ വിധത്തിൽ നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനമേഖലകളാണ്. ഇവിടങ്ങളിലെല്ലാം വിദ്യാഭ്യാസം, ആതുരസേവനം, സമൂഹ്യസേവനം എന്നീ മേഖലകളിൽ വലിയ സേവനസാധ്യതകളാണ് നിലനില്ക്കുന്നത്. ഈ പ്രദേശങ്ങളിലേക്ക് അധ്യാപകരായും നേഴ്സുമാരായും ഡോക്ടർമാരായും മറ്റ് ആരോഗ്യ പ്രവർത്തകരായും സാമൂഹ്യപ്രവർത്തകരായും കടന്നുചെല്ലാൻ അല്മായർക്കും സാധിക്കും. ഈ സാധ്യത സീറോമലബാർസഭയിലെ അല്മായരും മിഷൻ രൂപതകളും വേണ്ടവിധം പ്രയോജനപ്പെടുത്തണം.

പ്രേഷിതപ്രവർത്തനങ്ങളുടെ അടിസ്ഥാനം ഈശോയുടെ സുവിശേഷമാണ്. അതിനാൽ സുവിശേഷം പ്രസംഗിക്കുക എന്ന അടിസ്ഥാനപരമായ ദൗത്യം നിർവഹിക്കാതെ പ്രേഷിതപ്രവർത്തനം പൂർണമാകുകയില്ല. എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാനുള്ള ഈശോയുടെ കല്പന സമകാലിക സമൂഹത്തിൽ നിർവഹിക്കാനുള്ള നൂതനമായ മാർഗമാണ് മാധ്യമങ്ങളും നവസാമൂഹ്യമാധ്യമങ്ങളും. സോഷ്യൽ മീഡിയയിൽ വളരെയേറെ സമയം ചിലവഴിക്കുന്നവർക്ക്, അവയുടെ ഉപയോഗത്തിൽ കൂടുതൽ വൈദഗ്ധ്യം ഉള്ളവർക്ക്, കൂടുതൽ ഫലപ്രദമായി സുവിശേഷം പങ്കുവയ്ക്കാൻ സാധിക്കും. ഈ മേഖലയിൽ പ്രാവീണ്യമുള്ള എല്ലാവരോടും പ്രത്യേകിച്ച് പ്രിയപ്പെട്ട യുവജനങ്ങളോടും സാമൂഹ്യമാധ്യമങ്ങളിൽ ഈശോയുടെ പ്രേഷിതരാകാൻ സ്നേഹത്തോടെ ആഹ്വാനംചെയ്യുന്നു. മാധ്യമങ്ങളിലൂടെയും നവസാമൂഹ്യമാധ്യമങ്ങളിലൂടെയും സുവിശേഷം വിവിധ

രീതികളിൽ പ്രഘോഷിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം വർഷം പ്രത്യേക ജൂബിലിയായി ആഘോഷിക്കുകയാണല്ലോ. ഈ അവസരത്തിൽ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ നമുക്കും പ്രത്യാശയുടെ തീർഥാടകരായ പ്രേഷിതരാകാം. ഫ്രാൻസിസ് മാർപാപ്പ ഈ വർഷത്തെ തന്റെ ആഗോളപ്രേഷിതദിനസന്ദേശത്തിൽ എഴുതിയതു നമ്മുടെ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. കർത്താവു സ്വർഗത്തിൽ നമുക്കായി തയ്യാറാക്കിയിരിക്കുന്ന വിരുന്നിലേക്കു നമ്മുടെ സഹോദരിസഹോദരന്മാരെ ക്ഷണിക്കുന്ന പ്രേഷിതരാകാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. തന്റെ വിരുന്നിന് ആദ്യം ക്ഷണിക്കപ്പെട്ടവർ വരാതിരുന്നപ്പോൾ തെരുവിൽ കാണുന്ന എല്ലാവരെയും ക്ഷണിക്കാൻ ആളെ അയച്ചവനാണ് നമ്മുടെ ദൈവം. അർഹതയുണ്ട് എന്നു സ്വയം കരുതുന്നവർ അർഹിക്കുന്ന ക്ഷണം നിഷേധിക്കുമ്പോൾ, അർഹതയില്ല എന്നു കരുതിയിരുന്നവർ ക്ഷണിക്കപ്പെടുകയാണ്. പ്രത്യാശയുടെ സുവിശേഷമായ ദൈവികവിരുന്നിലേക്കുള്ള ക്ഷണക്കത്ത് നമുക്കു ചുറ്റുമുള്ള പ്രത്യാശ നഷ്ടപ്പെട്ടവരിലേക്ക് എത്തിച്ചുനല്കാൻ ഈ പ്രേഷിതവാരാചരണത്തിലൂടെ സാധിക്കട്ടെ.

സീറോമലബാർസഭ പ്രേഷിതവാരം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഭാരതത്തിലും വിദേശങ്ങളിലും പ്രേഷിതരംഗത്തു ശുശ്രൂഷചെയ്യുന്ന എല്ലാ സഭാമക്കളെയും നന്ദിയോടെ ഓർക്കുകയും അവർക്കു ദൈവികസംരക്ഷണമുണ്ടാകാൻ പ്രാർഥിക്കുകയുംചെയ്യാം. പ്രേഷിതമേഖലകളിൽ തീക്ഷണതയോടെ വ്യാപരിക്കുന്ന രൂപതകളെയും വൈദികരെയും സമർപ്പിതരെയും പ്രത്യേകിച്ച് അല്മായനേതൃത്വത്തിൽ പ്രേഷിതപ്രവർത്തനം നടത്തുന്ന വിവിധ ഗ്രൂപ്പുകളെയും പ്രത്യേകമായി നമുക്കനുസ്മരിക്കാം.

ഈ വർഷത്തെ പ്രേഷിതവാരാചരണം ഫലപ്രദമായി നടത്താൻ നമ്മുടെ സഭയിലെ എല്ലാ രൂപതകളും സംഘടനകളും സംവിധാനങ്ങളും പ്രത്യേകമായി താത്പര്യമെടുക്കണമെന്നു ഞാനാഗ്രഹിക്കുന്നു. യുവജനങ്ങളും സൺഡേസ്കൂൾ കുട്ടികളുമുൾപ്പെടെ എല്ലാവരിലേക്കും മിഷൻചൈതന്യം പകർന്നുനല്കാൻ പര്യാപ്തമായ ആഘോഷപരിപാടികൾ എല്ലായിടവകകളിലും സംഘടിപ്പിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവ

ത്ക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻകാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോടു മുൻവർഷങ്ങളിലെന്നതുപോലെ ഉദാരമായി സഹകരിക്കണമെന്നും എല്ലാവരോടും അഭ്യർഥിക്കുന്നു.

എല്ലാവർക്കും പുതുവർഷത്തിൽ സന്തോഷവും സമാധാനവും സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024 നവംബർ 25-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

1. ഈ സർക്കുലർ 2024 ഡിസംബർ 22-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2025 ഫെബ്രുവരി 20നു മുമ്പായി എത്തി ക്കേണ്ടതാണ്.

Prot. No. 608/2024, Pastoral Letter No. 06/2024

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

## സമുദായ ശാക്തീകരണവർഷം – 2025

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപത പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിക്കുന്നതിനൊരുക്കമായി 2025 സമുദായ ശാക്തീകരണ വർഷമായി ആചരിക്കുകയാണ്. തലശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിലും മറ്റ് നൈയാമിക സമിതികളും മുന്നോട്ടുവച്ച നിർദ്ദേശപ്രകാരമാണ് സമുദായ ശാക്തീകരണം ഈ വർഷത്തെ നമ്മുടെ അജപാലന പ്രവർത്തനങ്ങളുടെ പ്രാധാന ലക്ഷ്യമായി നിർണ്ണയിച്ചത്. “വിശ്വസിച്ചിരുന്നവരെല്ലാം ഒരു സമൂഹമായിത്തീർന്നു” (അപ്പ. 2: 41–44). ഒരു സമൂഹമെന്നനിലയിലാണ് സഭ ഈ ലോകത്ത് നിലനിൽക്കുന്നത് എന്ന യാഥാർത്ഥ്യം ഈ തിരുവചനം അനുസ്മരിപ്പിക്കുന്നു. സഭയെ ഈശോ ഏല്പിച്ച ദൗത്യം കാര്യക്ഷമമയി നടക്കുവാൻ ഒരു സമുദായം എന്ന നിലയിൽ കെട്ടുറപ്പോടെ നാം നിലകൊള്ളേണ്ടിയിരിക്കുന്നു. വിശ്വാസീസമൂഹം ശക്തിപ്പെട്ടില്ലെങ്കിൽ എല്ലാ ക്രിസ്തീയ വിശ്വാസികളുടെയും അവകാശവും കടമയുമായ സുവിശേഷ പ്രഘോഷണം കാര്യക്ഷമമായി നടത്താനാവില്ല. (CCEO. C 14). 2024 ഓഗസ്റ്റ് മാസത്തിൽ പാലായിൽ വച്ച് നടന്ന 5-ാമത് സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ ചാർച്ചാവിഷയങ്ങളിലൊന്ന് സീറോമലബാർ സമുദായശക്തീ

കരണമായിരുന്നു. ഈ കാലഘട്ടത്തിന്റെ ഏറ്റവും നിർണ്ണായകമായ ഒരാവശ്യമായി സമുദായ ശാക്തീകരണത്തെ നാം പരിഗണിക്കേണ്ടതായിട്ടുണ്ട്.

പൊതു സമൂഹത്തിൽ ജീവിക്കുന്നതും ഒരേ സവിശേഷതകളോ, താല്പര്യങ്ങളോ ഉള്ളതുമായ ആളുകളുടെ കൂട്ടത്തെയാണ് സമുദായം എന്ന് വിളിക്കുന്നത്. കേരളസമൂഹത്തിലെ ഒരു ഉപസമൂഹമാണ് സുറിയാനി കത്തോലിക്കാ സമുദായം. വിശ്വാസം, പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, സംസ്ക്കാരം, ചരിത്രം, ഭാഷ, ഭക്ഷണരീതി, വസ്ത്രധാരണരീതി തുടങ്ങിയ കാര്യങ്ങളിൽ തങ്ങളുടേതായ സവിശേഷതകൾ സുറിയാനി കത്തോലിക്കർക്കുണ്ട്. സഭ എന്ന പദം ക്രൈസ്തവ സമൂഹത്തിന്റെ ആത്മീയവും ദൈവശാസ്ത്രപരവുമായ വശത്തെ സൂചിപ്പിക്കുമ്പോൾ സമുദായം എന്ന പദം ക്രൈസ്തവ സമൂഹത്തിന്റെ ഭൗതിക വശങ്ങളെയാണ് സൂചിപ്പിക്കുന്നത്. സുറിയാനി ക്രിസ്ത്യാനികൾ തങ്ങളെത്തന്നെ ഒരു ജാതിയായി കണക്കാക്കിയിരുന്നു. തങ്ങളുടെ തലവനായ അർക്കിദിയാക്കോനെ 'ജാതിക്കുകർത്തവ്യൻ' എന്നാണ് വിളിച്ചിരുന്നത്.

ഒന്നാമതായി സമുദായശാക്തീകരണ വർഷത്തിൽ പ്രാധാന്യം നല്കേണ്ടത് സമുദായബോധമുള്ള ഒരു സമൂഹമായി നാം മാറുക എന്നുള്ളതിനാണ്. സ്വന്തമായി ഒരു സംസ്ക്കാരവും പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും നമുക്കുണ്ടെന്നും അവ വ്യതിരിക്തത നഷ്ടപ്പെട്ടുപോകാതെ സംരക്ഷിക്കപ്പെടേണ്ടതുമാണെന്ന ബോധ്യം നാം ഓരോരുത്തർക്കും ഉണ്ടാകേണ്ടതാണ്. കൂട്ടായ്മാബോധത്തിലേയ്ക്ക് ഈ സ്വത്വബോധം നമ്മെ നയിക്കും. തന്റെ സമുദായത്തിലെ വ്യക്തികളെ കൂടുതൽ മനസ്സിലാക്കുവാനും അവരെ സ്നേഹിക്കുവാനും അവരോട് കൂട്ടുചേർന്ന് പ്രവർത്തിക്കുവാനും കൂട്ടായ്മാബോധം നമ്മെ സഹായിക്കും. തനിക്ക് സ്വന്തമായവയെ സ്നേഹിക്കുവാനും അവരെ പരിരക്ഷിക്കുവാനും അവരിൽ അഭിമാനം കൊള്ളുവാനും ഒരുവനെ സമുദായബോധം പ്രേരിപ്പിക്കുന്നതോടൊപ്പം ഇതര സമുദായങ്ങളോട് സൗഹാർദ്ദ സമീപനം സ്വീകരിക്കുവാനും സഹായിക്കുന്നു. സ്വത്വബോധമില്ലാത്ത സമൂഹങ്ങൾ കേവലം ആൾക്കൂട്ടമായി ലക്ഷ്യമില്ലാതെ അവസാനിക്കും.

രണ്ടാമതായി സമുദായ ശക്തീകരണവർഷത്തിൽ ഒരു സമൂഹമെന്നനിലയിൽ നാം നേരിടുന്ന പ്രതിസന്ധികളെ തിരിച്ചറിയണം. ഒരു

നമ്മുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിഷയങ്ങളായ ജനസംഖ്യയിലുണ്ടായ കുറവ്, കൃഷി, തൊഴിൽ, സാമ്പത്തികമേഖലയിലുള്ള പരാജയം, സാമ്പത്തിക രാഷ്ട്രീയ രംഗത്തെ പിന്നാക്കാവസ്ഥ, തുടങ്ങിയ മേഖലകളിൽ നാം പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഒരു കാലഘട്ടത്തിൽ എല്ലാ തലങ്ങളിലും മുൻപന്തിയിൽ നിന്നിരുന്ന കേരളത്തിലെ സുറിയാനി സമൂഹം ഇന്ന് ഏറെ പിന്നാക്കാവസ്ഥായിലേക്ക് പോയിട്ടുണ്ട്. ക്രൈസ്തവരുടെ പ്രധാന തൊഴിൽ വരുമാനമേഖലയായ കാർഷികരംഗം തകർന്നിരിക്കുന്നതിനാൽ കർഷകർ വലിയ പ്രതിസന്ധിയിലാണ്. കാർഷികമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന കുടിയേറ്റ ജനത അതിജീവനത്തിനായി കഷ്ടപ്പെടുകയാണ്. കർഷകരുടെ ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിമാറ്റി മെച്ചപ്പെട്ടവരുമാനം ലഭ്യമാക്കുവാൻ ലക്ഷ്യം വച്ചുകൊണ്ട് നാം ആരംഭിച്ചിരിക്കുന്ന ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടത് സമുദായ ശാക്തീകരണവർഷത്തിലെ പ്രധാന ലക്ഷ്യമാണ്. സ്ഥിരമായ വരുമാനമില്ലാത്തവരുടേയും തൊഴിലില്ലാത്തവരുടേയും എണ്ണത്തിൽ കാര്യമായ വർദ്ധനവും സംഭവിച്ചിട്ടുണ്ട്. രാഷ്ട്രീയ ഭരണപങ്കാളിത്ത മേഖലയിൽ നമ്മുടെ സമുദായാംഗങ്ങളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നുണ്ട്. വിദ്യാഭ്യാസരംഗമാണ് നമ്മുടെ ശ്രദ്ധപതിയേണ്ട മറ്റൊരു മേഖല. ഉപരിപഠനത്തിനായി കുട്ടികൾ വിവിധ രാജ്യങ്ങളിലേയ്ക്ക് കുടിയേറിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം ഒരു സമൂഹമെന്ന നിലയിൽ നമ്മെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളെ നാം എങ്ങിനെ അഭിമുഖീകരിക്കണമെന്ന് ഗൗരവമായ ആലോചനകൾ നടത്തണം.

മൂന്നാമതായി സമുദായ ശാക്തീകരണവർഷത്തിൽ ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ സമൂഹങ്ങൾക്ക് നല്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ആളുകളെ ബോധവാന്മാരാക്കണം. സർക്കാറിന്റെ നിരവധിയായ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും ഉദാസീനതയും അർഹമായ പല അവകാശങ്ങളും നഷ്ടപ്പെടാൻ ഇടയാക്കുന്നു. ഇത്തരം കാര്യങ്ങളിൽ ആളുകളെ സഹായിക്കുവാൻ ഹെൽപ്ഡെസ്ക് എന്ന പേരിൽ നമ്മുടെ അതിരൂപതയിൽ ഒരു സഹായവേദി ആവിഷ്ക്കരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഹെൽപ് ഡെസ്കിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നത് സമുദായശാക്തീകരണത്തിന് ഏറെ സഹായകമാകും.

നാലാമതായി സമുദായ ശാക്തീകരണവർഷത്തിൽ വിവിധ അപ്പസ്‌റ്റൊലേറ്റുകളുടെ നേതൃത്വത്തിൽ സമുദായ ശാക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണം. പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നല്കുകയും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വലിയ കുടുംബങ്ങളിലെ കുട്ടികളെ സഹായിക്കുവാനുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യണം. സർക്കാർ ജോലികളിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന എഡ്യൂസ് പാർക്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യപകമാക്കുന്നത്. വിദേശരാജ്യങ്ങളിലേയ്ക്കുള്ള കുട്ടികളുടെ കുടിയേറ്റത്തെ തടയുവാൻ ഇടയാകും. എല്ലാ ഇടവകകളിലും സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റുകൾ ആരംഭിക്കുകയും സാമൂഹ്യവിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെടുവാൻ ദൈവജനത്തെ തയ്യാറാക്കുകയും ചെയ്യണം. കുടുംബക്കൂട്ടായ്മകളിൽ സമുദായബോധം വളർത്തുന്ന പഠനവും ചർച്ചകളും ഉൾപ്പെടുത്തണം.

അഞ്ചാമതായി സമുദായ ശാക്തീകരണവർഷത്തിൽ കുടിയേറ്റ ജനതയുടെ സംഭാവനകൾ വിവരിക്കുന്ന പുസ്തകങ്ങൾ, സിംമ്പോസിയങ്ങൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിച്ച് ദൈവജനത്തിന് നല്കണം. ഓരോ പ്രദേശങ്ങളുടെയും ചരിത്രരചന നടത്തുവാൻ ബഹു. വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ പ്രാപ്തരായ ആളുകളെ സംഘടിപ്പിക്കണം. മലബാറിന്റെ ചരിത്രം കുടിയേറ്റ ജനതയുടെ കൂടി ചരിത്രമാണ്. ഓരോ പ്രദേശങ്ങൾക്കും ഉണ്ടായിട്ടുള്ള വളർച്ചയിൽ നമ്മുടെ സമുദായത്തിന്റെ പങ്ക് വരുംതലമുറകൾക്ക് കൈമാറാനുള്ള ഏക വഴിയാണ് ചരിത്രരചനയെന്ന് നാം തിരിച്ചറിയണം. ഒരു സമുദായത്തെ തകർക്കാനുള്ള എളുപ്പമാർഗം അതിന്റെ മഹത്തായ ചരിത്രത്തെ തമസ്ക്കരിക്കുന്നതാണെന്ന സത്യം നാം മറക്കരുത്. സുറിയാനി കത്തോലിക്കർക്ക് സമുദായ ബോധത്തിന്റെ വെളിച്ചം പകർന്ന നിധീരിക്കൽ മാണിക്കത്തനാരുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. 'തങ്ങൾ ആരാണെന്ന് തിരിച്ചറിയുകയും ഈ ലോകത്തിൽ തങ്ങൾക്കുമാത്രം പൂർത്തിയാക്കുവാൻ കഴിയുന്ന ഒരു ലക്ഷ്യമുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുന്നതാണ് സമുദായശാക്തീകരണത്തിനുള്ള ഏറ്റവും വലിയ കരുത്ത്. ഒറ്റക്ക് നിന്നാൽ ചിന്തിക്കുവാൻ പോലും കഴിയാത്തവ ഒന്നിച്ചുനിന്നാൽ അനായാസേന നേടിയെടുക്കുവാൻ നമുക്ക് കഴിയും'.

2025 ജനുവരി 5 ഞായറാഴ്ചയിലെ പ്രധാന ദിവ്യബലിക്കുശേഷം എല്ലാ ഇടവകകളിലും സമുദായ ശാക്തീകരണവർഷം ഉദ്ഘാടനം ചെയ്ത് ബഹു. വികാരിയച്ചന്മാർ തിരി തെളിക്കണം. എല്ലാ പള്ളികളിലും 'സമുദായ ശാക്തീകരണവർഷം 2025' എന്ന ബോർഡ് സ്ഥാപിക്കണം. തിരുസഭയുടെ ദൗത്യം നിർവ്വഹിക്കുവാൻ കെട്ടുറപ്പുള്ള ഒരു സമുദായമായി നിലകൊള്ളുവാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ഏവരേയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ നിങ്ങൾ ഏവരേയും ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 നവംബർ 30 ന് വി. അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.*

---

*NB:* ഈ ഇടയലേഖനം 2024 ഡിസംബർ 29-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
ഡിസംബർ 2024

**1. പുതിയ നിയമനം**

i) റവ. ഫാ. ലൂക്കാ മാടശ്ശേരി - ഡയറക്ടർ ഇൻഫാം (22.11.2024 മുതൽ)

ii) റവ. ഫാ. തോമസ് പള്ളിക്കൽ - പ്രോ. വികാരി, കാഞ്ഞിരടുക്കം (12.11.2024 മുതൽ)

iii) റവ. ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ - പ്രോ. വികാരി, പടിയൂർ (01.12.2024 മുതൽ)

iv) റവ. ഫാ. തോമസ് ചിന്താർമണിയിൽ - അസി. വികാരി, പടുപ്പ് (01.12.2024 മുതൽ)

v) റവ. ഫാ. ജോസഫ് വട്ടക്കുന്നേൽ OFM Cap.- അസി. വികാരി തിരുമേനി (14.12.2024 മുതൽ)

vi) റവ. ഫാ. ജൂഡ് തദേവൂസ് മാങ്കുഴിയിൽ OFM Cap.- അസി. വികാരി കരുണാപുരം (14.12.2024 മുതൽ)

vii) റവ. ഫാ. ചാക്കോ അറയ്ക്കപറമ്പിൽ OFM Cap.- അസി. വികാരി വെളിമാനം (01.12.2024 മുതൽ)

**2. അഭിനന്ദനങ്ങൾ**

**i). റവ. ഫാ. ഫിലിപ്പ് കവിയിൽ:** സി.ബി.സി.ഐയുടെ കീഴിലുള്ള കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയിൽ സീറോമലബാർ സഭയുടെ വൈദിക പ്രതിനിധിയായി ബഹു. ഫിലിപ്പ് കവിയിലച്ചനെ സീറോമലബാർ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിയമിച്ചു. എ.കെ.സി.സി. ഗ്ലോബൽ ഡയറക്ടർ എന്ന നിലയിലുള്ള ബഹു. ഫിലിപ്പച്ചന്റെ സ്തുത്യർഹമായ സേവനത്തിനുള്ള അംഗീകാരം കൂടിയാണ് പുതിയ നിയമനം. ബഹു. ഫിലിപ്പച്ചന് അനുമോദനങ്ങളും ആശംസകളും.

**ii). റവ. ഫാ. വർഗ്ഗീസ് കളപ്പുരയ്ക്കൽ:** ചെമ്പേരി വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും എം.ബി.എ. പഠനം ഉന്നതവിജയത്തോടെ പൂർത്തിയാക്കിയ പ്രിയപ്പെട്ട ജിസ് കളപ്പുരയ്ക്കൽ അച്ചന് അഭിനന്ദനങ്ങളും ആശംസകളും.

**iii). റവ. ഫാ. അലക്സ് നിരപ്പേൽ:** ചെമ്പേരി വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും എം.ബി.എ. പഠനം ഉന്നതവിജയത്തോടെ പൂർത്തിയാക്കിയ പ്രിയപ്പെട്ട അലക്സ് നിരപ്പേലച്ചന് അഭിനന്ദനങ്ങളും ആശംസകളും.

**3. ലിറ്റർജിക്കൽ അപ്പൊസ്റ്റൊലേറ്റ്**

തലശ്ശേരി അതിരൂപതയിലെ ആരാധനക്രമ സംബന്ധമായ കാര്യങ്ങൾ ഏകോപിപ്പിക്കുവാനും പൊതുവായ ലിറ്റർജിക്കൽ ആഘോഷങ്ങളുടെ കാര്യങ്ങൾ ക്രമീകരിക്കുവാനുമായി ലിറ്റർജിക്കൽ അപ്പൊസ്റ്റൊലേറ്റ് പ്രവർത്തിക്കുന്നുണ്ട്. ബഹു. അബ്രാഹം കൊച്ചുപുരയ്ക്കൽ അച്ചൻ ഡയറക്ടറായും ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചൻ അസി. ഡയറക്ടറായും പ്രവർത്തിക്കുന്ന ലിറ്റർജിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ പ്രവർത്തനങ്ങൾ അതിരൂപതാ ചാൻസലറുടെ മേൽനോട്ടത്തിലായിരിക്കും നടക്കുക. കാറ്റകെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഭാഗമായാണ് ലിറ്റർജിക്കൽ അപ്പൊസ്റ്റൊലേറ്റ് നിലനിൽക്കുന്നത്.

**4. തിരുപ്പട്ട സ്വീകരണങ്ങൾ**

ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി 9 മ്ശംശാനമാരാണ് തിരുപ്പട്ടം സ്വീകരിക്കുന്നത്. കുന്നോത്ത്, ആലുവ, കോട്ടയം, സത്ന, റോം എന്നീ മേജർ സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി തിരുപ്പട്ട സ്വീകണത്തിന് ഒരുങ്ങിക്കൊണ്ടിരിക്കുന്ന ബഹു. ഡീക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കാം. തിരുപ്പട്ട സ്വീകരണങ്ങളുടെ സ്ഥലവും സമയവും താഴെ കൊടുത്തിരിക്കുന്നു.

| പേര് | ഇടവക | തീയതി | സമയം |
|---|---|---|---|
| 1. ജോസഫ് ചെറുകരക്കുന്നേൽ | ആലക്കോട് | ഡിസംബർ 26 | 08.45 am |
| 2. ചാക്കോ കളപ്പുരയ്ക്കൽ | വായാട്ടുപറമ്പ് | ഡിസംബർ 27 | 08.45 am |
| 3. മാർട്ടിൻ പാഴൂപറമ്പിൽ | ചെറുപാറ | ഡിസംബർ 27 | 02.30 pm |
| 4. സെബാസ്റ്റ്യൻ കണിപറമ്പിൽ | ചുള്ളി | ഡിസംബർ 30 | 08.45 am |
| 5. അഗസ്റ്റിൻ ചെറുനിലം | കാലാങ്കി | ഡിസംബർ 31 | 08.45 am |
| 6. അഗസ്റ്റിൻ ഈറ്റയ്ക്കൽ | ചെമ്പേരി | ജനുവരി 01 | 08.45 am |
| 7. ജോൺ വലിയപറമ്പിൽ | നാട്ടക്കൽ | ജനുവരി 02 | 08.45 am |
| 8. ജെയിംസ് അട്ടാറക്കൽ | ചെടിക്കുളം | ജനുവരി 03 | 08.45 am |
| 9. തോമസ് വള്ളിയിൽ | പാലാവയൽ | ജനുവരി 04 | 08.45 am |

**5. മംഗള വാർത്തക്കാലം**

കർത്താവിന്റെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള ഇരുപത്തഞ്ചു

നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ ഒന്നു മുതൽ 25 വരെയുള്ള ദിവസങ്ങളിൽ വിവാഹ ആഘോഷങ്ങൾക്ക് മുടക്കം ഉണ്ടായിരിക്കും. ഇക്കാലയളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യ ത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**6. കൂരിയാ ട്രൈബ്യൂണൽ അവധി**

ക്രിസ്തുമസ് പ്രമാണിച്ച് ഡിസംബർ 25 മുതൽ 29 വരെ അതിരൂപത കാര്യാലയവും ട്രൈബ്യൂണലും അവധിയായിരിക്കും.

**7. ബൈബിൾ ഞായർ**

ഡിസംബർ 22-ാം തീയതി ഞായറാഴ്ച കേരളസഭ ബൈബിൾ ഞായറായി ആചരിക്കുന്നു. ഡിസംബർ മാസം ബൈബിൾ പാരായണം മാസമായി ആചരിക്കുന്നു. വി. ഗ്രന്ഥത്തോട് ദൈവജനത്തിന് ആഭിമുഖ്യം വരത്തക്കവിധത്തിൽ ബൈബിൾ ഞായറും ബൈബിൾ പാരായണ മാസവും ഇടവകയിൽ ആചരിക്കുമല്ലോ.

**8. പാസ്റ്ററൽ കൗൺസിൽ യോഗം**

തലശ്ശേരി അതിരൂപതയുടെ 19-ാമത് പാസ്റ്ററൽ കൗൺസിലിന്റെ 4-ാം സമ്മേളനം 2024 ഡിസംബർ 21 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1:30 വരെ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ചേരുന്നതായിരിക്കും. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ നിർബന്ധമായും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**9. ഡയറി 2025**

2024-ലെ വിശുദ്ധ ഗ്രന്ഥവായനകളും അനുദിന വിശുദ്ധരെക്കുറി ച്ചുള്ള കുറിപ്പും അടുത്തവർഷത്തെ അതിരൂപതയിലെ പ്രധാന പരിപാടികളുടെ തീയതികളും ചേർന്നുള്ള ഡയറി തയ്യാറായിട്ടുണ്ട്. കൂരിയായിൽ നിന്ന് ഡയറി ലഭിക്കുന്നതാണ്.

**10. പിറവി തിരുക്കർമ്മങ്ങളുടെ സമയം**

ക്രിസ്തുമസ് രാത്രിയിലെ കുർബാനയുടെ സമയത്തെക്കുറിച്ച് കഴിഞ്ഞവർഷം അഭിവന്ദ്യ പിതാവ് നൽകിയ നിർദ്ദേശം ഒരിക്കൽകൂടി ഓർമിപ്പിക്കുന്നു. പരമ്പരാഗതമായി ക്രിസ്തുമസ് കുർബാന ഡിസംബർ 24 രാത്രി 12 മണിക്ക് (ഡിസംബർ 25 ന്റെ ആദ്യ മണിക്കൂറിൽ) ആണ് നാം അർപ്പിക്കുന്നത്. അതിൻപ്രകാരം എല്ലാ പള്ളികളിലും തിരുപ്പിറ വിയുടെ കർമ്മങ്ങൾ ഡിസംബർ 24 രാത്രി 12 മണിക്കാണ് നടത്തേണ്ടത്.

**11. എമ്മാവൂസ് നൈറ്റ്**

ദിവ്യകാരുണ്യവർഷാചരണത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപതയിലെ ബഹു. വൈദികർ 2024 നവംബർ 14 വ്യാഴാഴ്ച രാത്രി

മുഴുവൻ മദർഹോമിൽ ദിവ്യകാരുണ്യ ആരാധന നടത്തി 14-ാം തീയതി വ്യാഴാഴ്ച രാത്രി 6:30ന് ആഘോഷമായ റംശാ പ്രാർത്ഥനയോടെ എമ്മാവൂസ് നൈറ്റ് എന്ന പേരിൽ ദിവ്യകാരുണ്യ ആരാധന നടന്നു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ ആഘോഷമായ റംശാ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. 148 വൈദികർ മദർഹോമിൽ എത്തിച്ചേർന്നിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ വചന വിചിന്തനത്തോടെയാണ് എമ്മാവൂസ് നൈറ്റ് ആരംഭിച്ചത്. വിശുദ്ധ കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും മുഴുവൻ സമയവും സന്നിഹിതനായിരുന്നു. ബഹു. മാത്യു വേങ്ങക്കുന്നേൽ, ബഹു. ജെയിംസ് പുത്തൻനടയിൽ, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ബഹു. കുര്യാക്കോസ് കോലക്കുന്നേൽ, ബഹു. മൈക്കിൾ മഞ്ഞക്കുന്നേൽ, ബഹു. അഗസ്റ്റിൻ ചക്കാംകുന്നേൽ, ബഹു. സേവ്യർ പുത്തൻപുരയ്ക്കൽ (സീനി.) എന്നീ വൈദികർ ഓരോ മണിക്കൂറുകളിലും ദിവ്യകാരുണ്യ ആരാധനയ്ക്കും വചനം വിചിന്തനങ്ങൾക്കും നേതൃത്വം നൽകി. ബഹു. ജോസഫ് വയലുകൾ, ബഹു. മാത്യു പ്രവർത്തുംമലയിൽ, ബഹു. വർഗീസ് കളപ്പുരക്കൽ, ബഹു. ജോസഫ് ആനക്കല്ലിൽ, ബഹു ജോസഫ് ചൊള്ളംപുഴയിൽ എന്നീ വൈദികർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ആഘോഷമായ ദിവ്യകാരുണ്യ പ്രദക്ഷിണവും ഉണ്ടായിരുന്നു. അഭിഷേകപ്രാർത്ഥനയോടെ പിറ്റേന്ന് വെള്ളിയാഴ്ച രാവിലെ 5 മണിയോടെ എമ്മാവൂസ് നൈറ്റ് അവസാനിച്ചു. നമ്മുടെ അതിരൂപത യിൽ ആദ്യമായി നടന്ന ബഹു. വൈദികരുടെ ഒരു രാത്രി മുഴുവൻ നടന്ന ദിവ്യകാരുണ്യ ആരാധന അനുഗ്രഹീതമായ അനുഭവമായിരുന്നു. വർഷത്തിലൊരിക്കലെങ്കിലും ഇപ്രകാരം ബഹു. വൈദികർ എല്ലാവരും ഒരുമിച്ച് വരുന്ന, ഒരു രാത്രി മുഴുവൻ നീണ്ടുനിൽക്കുന്ന ദിവ്യകാരുണ്യ ആരാധന സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു.

**12. തലശ്ശേരി അതിരൂപതാ മരിയൻ തീർത്ഥാടനം**

2024 ഡിസംബർ 6,7 തീയതികളിൽ ചെമ്പേരി ലൂർദ് മാതാ ബസിലിക്കയിലേക്ക് തലശ്ശേരി അതിരൂപതാ 'മരിയൻ തീർത്ഥാടനം' എന്ന പേരിൽ ജപമാല ചൊല്ലി കാൽനടയായുള്ള തീർത്ഥാടനം ഈ വർഷം മുതൽ ആരംഭിക്കുകയാണ്. മാതാവിന്റെ അമലോത്ഭവതിരുനാളിനോടനുബന്ധിച്ചാണ് ഈ തീർഥാടനം നടക്കുന്നത്. ഈ വർഷത്തെ മരിയൻ തീർത്ഥാടനം ഡിസംബർ 6,7 തീയതികളിലായാണ് നടക്കുന്നത്. ആലക്കോട് സെന്റ് മേരീസ് ഫോറോന ദൈവാലയത്തിൽ

നിന്നും ഡിസംബർ 6-ാം തീയതി വെള്ളിയാഴ്ച രാത്രി 10.30 നും എടൂർ സെന്റ് മേരീസ് ദൈവാലയത്തിൽ നിന്ന് വെള്ളിയാഴ്ച രാത്രി 8:30 നും തീർത്ഥാടനങ്ങൾ ആരംഭിക്കും. പരിശുദ്ധ കന്യകാമറിയത്തെ കുറിച്ചുള്ള വചനചിന്തകളും ദിവകാരുണ്യആരാധനയും ഉൾപ്പെടുത്തി കൊണ്ടുള്ള മരിയൻ നൈറ്റും ഒരുക്കിയിട്ടുണ്ട്. ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് മരിയൻ നൈറ്റ് ആരംഭിക്കും. 9 മണിക്കുള്ള ദിവ്യബലിക്കുശേഷം 10:30ന് ചെമ്പേരിയിലേക്കുള്ള തീർത്ഥാടനം ആരംഭിക്കും. എടൂരിൽ വെള്ളിയാഴ്ച വൈകിട്ട് 5:30ന് മരിയൻ നൈറ്റ് ആരംഭിക്കും. 7:30 നുള്ള ദിവ്യബലിക്കുശേഷം 8:30ന് തീർത്ഥാടനം ആരംഭിക്കും. ഡിസംബർ 7 ശനിയാഴ്ച രാവിലെ 4:30 ന് ചെമ്പേരിയിൽ എത്തിച്ചേരുന്നവിധമാണ് തീർത്ഥാടനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ചെമ്പേരിയിൽ അന്നേ ദിവസം രാത്രി മുഴുവൻ അഖണ്ഡാരാധന നടക്കും. ചെമ്പന്തൊട്ടി യിൽനിന്നും പൈസക്കരിയിൽ നിന്നും രാവിലെ 4:30 ന് ചെമ്പേരിയിൽ എത്തിച്ചേരുന്ന വിധത്തിലുള്ള തീർത്ഥാടനങ്ങളും നടക്കും. ശനിയാഴ്ച രാവിലെ 5 മണിക്ക് തീർത്ഥാടകർക്കുള്ള ദിവ്യബലി അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ കാർമികത്വത്തിൽ നടക്കും. ദിവ്യബലി മദ്ധ്യേ തലശ്ശേരി അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും അമലോത്ഭവ മാതാവിന് അഭിവന്ദ്യ പിതാവ് സമർപ്പിക്കും. തീർത്ഥാടകരായി എത്തുന്നവർക്ക് ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

മരിയൻ തീർത്ഥാടനത്തിന് പരമാവധി ആളുകളെ പങ്കെടുപ്പി ക്കുമല്ലോ. വായാട്ടുപറമ്പ് ഫൊറോനയിൽനിന്നുള്ള ആളുകൾ ആലക്കോട് നിന്ന് വരുന്ന തീർത്ഥാടകസംഘത്തോടൊപ്പവും കുന്നോത്ത്, നെല്ലിക്കാപൊയിൽ, മണിക്കടവ് എന്നീ ഫൊറോനയിലെ തീർത്ഥാടകർ എടൂരിൽ നിന്നും വരുന്ന തീർത്ഥാടകസംഘത്തിന്റെ ഒപ്പവും ചേരേണ്ടതാണ്. പരിശുദ്ധ അമ്മയോടൊപ്പം ഈശോയിലേക്ക് നടക്കുന്ന ആത്മീയനുഭവത്തിന്റെ അവസരമായി മരിയൻ തീർത്ഥാടനം മാറട്ടെ.

**13. ദിവ്യകാരുണ്യ കോൺഗ്രസ്**

തലശ്ശേരി അതിരൂപത ദിവ്യകാരുണ്യവർഷാചരണത്തിന്റെ സമാപനം 2024 ഡിസംബർ 11,12,13,14 തീയതികളിൽ തോമാപുരത്ത് വച്ച് നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസോടുകൂടിയാണ് നടക്കുന്നത്. തലശ്ശേരി അതിരൂപത്തിൽ ആദ്യമായി നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന് വിപുലമായ ഒരുക്കങ്ങളാണ് നടക്കുന്നത്. ഡിസംബർ

11,12,13 തീയതികളിൽ വൈകുന്നേരം 4:30 മുതൽ 9:30 വരെ ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചൻ നേതൃത്വം നൽകുന്ന ദിവ്യകാരുണ്യ കൺവെൻഷൻ നടക്കും. ഡിസംബർ 12,13 തീയതികളിൽ പകൽ സമയങ്ങളിൽ അതിരൂപതയിലെ വിവിധ ഇടവകകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന യുവജനങ്ങൾക്കുവേണ്ടി വിശ്വാസ സംബന്ധ മായ വിഷയങ്ങളെ അടിസ്ഥാനമാക്കി പഠനശിബിരം നടക്കും. സമാപന ദിനമായ ഡിസംബർ 14 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ തലശ്ശേരി അതിരൂപതയിലെ മുഴുവൻ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾക്കായി ദിവ്യകാരുണ്യ പഠന ശിബിരം നടക്കും. അന്നേദിവസം വൈകിട്ട് 4:30 ന് അതിരൂപതയിലെ മുഴുവൻ വൈദികരും അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യകർമ്മത്തിൽ സമൂഹബലി അർപ്പിക്കും. ദിവ്യബലിക്കുശേഷം 6 മണിക്ക് തോമാപുരം ടൗണിലൂടെ നടക്കുന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സമാപിക്കുക. ഡിസംബർ 11 മുതൽ 13 വരെ നടക്കുന്ന ദിവ്യകാരുണ്യ കൺവെൻഷനിൽ പങ്കെടുക്കുവാൻ ദൈവജനത്തെ ഓർമിപ്പിക്കുമല്ലോ.

സമൂഹബലിക്കായി ബഹു. വൈദികർ തിരുവസ്ത്രങ്ങൾ കൊണ്ടുവരേണ്ടതാണ്. കൺവെൻഷൻ ദിനങ്ങളിൽ കുമ്പസാരത്തിനായി ബഹു. വൈദികരുടെ സഹായം ആവശ്യമാണ്. സമാപന ദിവസത്തെ സമൂഹ ബലിയിലും ദിവ്യകാരുണ്യപ്രദക്ഷിണത്തിലും ഓരോ ഇടവകയിൽ നിന്നും താഴെപറയുന്ന പ്രതിനിധികളെ പങ്കെടുപ്പിക്കണം.

1) ഇടവക വികാരി/അസി. വികാരി
2) ആശ്രമം സുപ്പീരിയർ
3) മദർ സുപ്പരിയർമാർ
4) ഇടവക കോഡിനേറ്റർ
5) സൺഡേസ്കൂൾ എച്ച് എം
6) സ്ത്രീ പ്രതിനിധി (മാതൃവേദി പ്രസിഡന്റ് ആവാം)
7) യുവജന പ്രതിനിധി (കെ.സി.വൈ.എം, എസ്.എം.വൈ.എം. പ്രസിഡന്റ് ആവാം).

### 14. ആദരാഞ്ജലികൾ

**1. ശ്രീമതി അന്നക്കുട്ടി ചെറുകര (85)** : ബഹു. തോമസ് ചെറുകര അച്ചന്റെ പ്രിയ മാതാവ് ശ്രീമതി അന്നക്കുട്ടി ചെറുകര 2024 നവംബർ 01 ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ 2024 നവംബർ 04 ന് മേരിഗിരി ലിറ്റിൽ ഫ്ളവർ ഫൊറോന ദൈവാലയ സെമിത്തേരി

യിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മച്ചിയുടെ വേർപാടിൽ വ്യസനിക്കുന്ന ബഹു. ടോമിയച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപത കുടുംബത്തിന്റെ അനുശോചന ങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. റവ. സി. അമല SMS (73) :** സ്നേഹഗിരി സന്യാസിനി സഭാംഗ മായ റവ. സി. അമല SMS 2024 നവംബർ 21 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 നവംബർ 22 ന് കരുണാപുരം സെന്റ് ജൂഡ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. പുളിങ്ങോം ഇടവകയിലെ തേരേട്ട് കുടുംബ ത്തിലെ പരേതനായ ആഗസ്റ്റിൻ - അന്നമ്മ ദമ്പതിക ളുടെ മകളായി രുന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**15. സ്നേഹസ്മൃതി**

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# PPF വാർത്തകൾ

**1. വരവ് - ചിലവ് കണക്കുകൾ - 2024**

| | | | | |
|---|---|---|---|---|
| a) വരവ് | : | വ്യക്തിഗത വിഹിതം | - | 18,73,500 |
| | | ഇടവകതല വിഹിതം | - | 45,77,000 |
| | | സ്ഥാപനതല വിഹിതം | - | 5,32,500 |
| | | ഇൻഷുറൻസ് ക്ലെയിം | - | 13,00,000 |
| | | **ആകെ വരവ്** | **-** | **82,83,000** |
| a) ചിലവ് | : | ചികിത്സാ ചിലവ് | - | 52,28,124 |
| | | സ്റ്റാർ ഹെൽത്ത് പോളിസി | - | 7,22,160 |
| | | കെയർ ഹെൽത്ത് പോളിസി | - | 36,23,419 |
| | | ശാന്തിഭവൻ | - | 72,00,000 |
| | | **ആകെ ചിലവ്** | **-** | **1,67,73,703** |
| c) കുടിശിക | : | വ്യക്തിഗത വിഹിതം | - | 17,59,500 |
| | | ഇടവകതല വിഹിതം | - | 15,18,000 |
| | | സ്ഥാപനതല വിഹിതം | - | 3,30,500 |
| | | **ആകെ കിട്ടാനുള്ള തുക** | **-** | **36,07,500** |

**2. കുടിശ്ശിക സമാഹരണം**

19-11-2024 ന് ചേർന്ന പ്രസ്ബിറ്ററൽ യോഗം കുടിശിക സമാഹരിക്കാൻ ഏകകണ്ഠേന തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം ഫൊറോനാ വികാരിമാരുടേയും ഫൊറോനാ പ്രതിനിധി വൈദികന്റെയും നേതൃത്വത്തിൽ ഓരോ ഫൊറോനായിലുമുള്ള ഇടവക-വ്യക്തിതല കുടിശ്ശികകൾ ഫൊറോനാതല മാസധ്യാനത്തിൽ സമാഹരിച്ച് ഓഫീസിൽ ഏൽപ്പിക്കണം. കുടിശ്ശികകൾ 2024-ൽ തന്നെ തീർത്ത് റെസീപ്റ്റ് കൈപ്പറ്റേണ്ടതാണ്.

**3. കുടിശ്ശിക ലിസ്റ്റ്**

നിലവിലെ വ്യക്തി - ഇടവകതല ലിസ്റ്റ് ഫൊറോനാ വികാരിമാർക്ക് ഒരിക്കൽകൂടി അയച്ചുകൊടുക്കുവാനും തീരുമാനിച്ചു.

**4.** ആശുപത്രികളിൽ അഡ്മിറ്റായി ചികിത്സ ആവശ്യമായി വരുന്നവർ നിർബന്ധമായും എന്നെ അറിയിക്കേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# തലശ്ശേരി അതിരൂപതാ പ്രെസ്ബിറ്ററൽ കൗൺസിൽ പ്രഥമയോഗ റിപ്പോർട്ട് - 2024-2027

2024-2027 വർഷങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രെസ്ബിറ്ററൽ കൗൺസിലിന്റെ പ്രഥമയോഗം 2024 നവംബർ 19-ാം തീയതി സന്ദേശ ഭവനിൽ വച്ചു നടത്തപ്പെട്ടു. രാവിലെ 10.00 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗ ത്തിൽ ഫാ. മാത്യു മുക്കുഴി പ്രാർത്ഥനാ ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് പെരിയ ബഹു. മോൺ. ആന്റണി മുതുകുന്നേൽ എല്ലാവരേയും പ്രസ്തുത സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു. അഭിവന്ദ്യ പിതാ വിന്റെ അധ്യക്ഷപ്രസംഗം കൗൺസിൽ അംഗങ്ങൾക്ക് തങ്ങളുടെ ഉത്ത രവാദിത്വത്തെപ്പറ്റി ദിശാബോധം നൽകുന്നതായിരുന്നു. തീരുമാനങ്ങ ളെടുക്കുന്നതിലും അവ നടപ്പിലാക്കുന്നതിലും സിനഡാത്മകത എങ്ങനെ പ്രവർത്തനനിരതമാക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ റോമിൽവച്ചു നടന്ന അസംബ്ലിയിൽ പറഞ്ഞവ പിതാവ് ഹ്രസ്വമായി അവതരിപ്പിച്ചു. അതിനെത്തുടർന്ന് ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേൽ അച്ചൻ പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളുടെ ചുമതലകളെപ്പറ്റിയും പൗരസ്ത്യ കാനൻ നിയമത്തിലും അതിരൂപതാനിയമാവലിയും പറഞ്ഞിട്ടുള്ള കാര്യങ്ങളിലേക്ക് ഏവരു ടെയും ശ്രദ്ധ ക്ഷണിക്കുകയും നിലവിലെ പ്രെസ്ബിറ്ററൽ കൗൺസി ലിൽ അംഗങ്ങളായിരിക്കുന്ന എല്ലാവരുടെയും പേരുകൾ വായിക്കു കയും ചെയ്തു.

സമ്മേളനത്തിന്റെ പ്രാരംഭനടപടികൾക്കുശേഷം വിവിധ കമ്മറ്റി കളിലേക്കുള്ള പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് നടന്നു. പ്രെസ്ബിറ്റ റൽ കൗൺസിലിന്റെ സെക്രട്ടറിയായി ഫാ. മാത്യു കൊട്ടുകാപ്പള്ളിയെ തിരഞ്ഞെടുത്തു. തുടർന്ന് പ്രെസ്ബിറ്ററൽ കൗൺസിൽ അജണ്ട കമ്മറ്റി അംഗമായി ഫാ. കുര്യാക്കോസ് കളരിയ്ക്കലിനെ യോഗം തിരഞ്ഞെ ടുത്തു. പാസ്റ്ററൽ കൗൺസിലിലേക്ക് ഫാ. തോമസ് കിടാരത്തിൽ, ഫാ. മാത്യു പൊട്ടംപ്ലാക്കൽ എന്നിവരും എഡ്യൂക്കേഷൻ കൗൺസിലിലേക്ക് ഫാ. സെബാൻ ഇടയാടി, ഫാ. ജോസഫ് ആനചാരി, ഫാ. ഫിലിപ്പ് കാരക്കാട്ട് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. വൈദിക ക്ഷേമസമിതി യിലേക്ക് ബഹു. വികാരി ജനറാളച്ചന്മാരെ കൂടാതെ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, ഫാ. അബ്രാഹം പുതുശ്ശേരി, ഫാ. സെബാൻ ചെരി പുറം എന്നിവരെയും യോഗം തിരഞ്ഞെടുത്തു.

തിരഞ്ഞെടുപ്പുകൾക്കുശേഷം വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചു. വൈദിക ക്ഷേമത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നേതൃത്വം നൽകി. PPF -ന്റെ

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ വരവ് - ചെലവ് കണക്കുകൾ അദ്ദേഹം അവതരിപ്പിച്ചു. വ്യക്തഗത, ഇടവക, ഡിപ്പാർട്ടുമെന്റ് വിഹിതങ്ങളിലായി ആകെ 36 ലക്ഷം രൂപ ഇനിയും പിരിഞ്ഞുകിട്ടാനുണ്ടെന്ന വസ്തുത അദ്ദേഹം യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. കുടിശ്ശികയുള്ള വ്യക്തികളെയും ഇടവകയെയും അതാത് ഫൊറോന വികാരിമാരും ഫൊറോനയിൽനിന്നുള്ള കൗൺസിൽ അംഗങ്ങളും ഇടപെട്ട് വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി സഹകരിക്കാൻ പ്രോത്സാഹിപ്പിക്കണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. PPF ഇടവകവിഹിതം അടയ്ക്കണമെന്നത് വാർഷികപൊതുയോഗ തീരുമാനങ്ങൾ പാസാക്കുന്നതിനുള്ള വ്യവസ്ഥകളിലൊന്നായി മുൻകാലങ്ങളിൽ പരിഗണിച്ചിരുന്നത് വീണ്ടും ഗൗരവത്തിലെടുക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു. ഇക്കാര്യം നവംബർ 30-നു നടക്കുന്ന പ്രെസ്ബിറ്റേറിയത്തിൽ ഒരിക്കൽകൂടി ഓർമ്മപ്പെടുത്താമെന്നും അതേസമയം ഇടവകയുടെ വരുമാനത്തിന്റെ 10%-ൽ അല്ലാതെ PPF വിഹിതത്തിൽ ഇളവുചോദിക്കുന്നത് ആശാസ്യമല്ലെന്നും പിതാവ് കൂട്ടിച്ചേർത്തു.

വൈദികരുടെ മെഡിക്കൽ ഇൻഷുറൻസ് പോളിസികളെക്കുറിച്ച് നടന്ന ചർച്ചയിൽ നിലവിലുള്ള പോളിസികളുടെ അപര്യാപ്തതയും പുതിയ ഗ്രൂപ്പ് ഇൻഷുറൻസ് പോളിസികളെപ്പറ്റി ചിന്തിക്കേണ്ടതിന്റെ ആവശ്യകതയും ചർച്ചാ വിഷയമായി. ഇൻഷുറൻസ് മേഖല നിരന്തരമായ ശ്രദ്ധയും പഠനവും ആവശ്യമായ വിഷയമാകയാൽ ആ മേഖലയിൽ വൈദഗ്ധ്യമുള്ളവരുമായി കൂടിയാലോചിച്ച് വേണം മുന്നോട്ടുള്ള നടപടികൾ സ്വീകരിക്കുവാൻ എന്ന നിലപാടിൽ യോഗം എത്തിച്ചേരുകയും ആയതിലേക്ക് വിഷയം സമഗ്രമായി പഠിച്ച്, നിലവിലുള്ള ഇൻഷുറൻസ് സ്കീം അവസാനിക്കുംമുമ്പ് ഉചിതമായ തീരുമാനത്തിലെത്തിച്ചേരാനായി ഒരു മാസത്തിനുള്ളിൽ ഒരു റിപ്പോർട്ട് നൽകാനായി വൈദികക്ഷേമ സമിതിയെ പിതാവ് ചുമതലപ്പെടുത്തി. നിലവിൽ ആരുടെയും മെഡിക്കൽ ബില്ലുകൾ ഇതുവരെ രൂപത നിഷേധിച്ചിട്ടില്ലെന്നും അതുപോലെതന്നെ, വൈദികർ റിട്ടയർമെന്റിനുശേഷം വൈദിക മന്ദിരത്തിൽ വിശ്രമജീവിതത്തിനുപോകുന്നതാണ് രൂപതയെ സംബന്ധിച്ച് സൗകര്യപ്രദവും അഭികാമ്യവുമെന്നും പിതാവ് കൂട്ടിച്ചേർത്തു.

വൈദികക്ഷേമത്തെക്കുറിച്ചുള്ള ചർച്ചകൾക്കുശേഷം ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയെപ്പറ്റി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിഷയാവതരണം നടത്തി. കമ്പനി എക്സ്പോർട്ട് ലൈസൻസ് നേടി പുരോഗതിയുടെ പാതയിലാണെന്ന കാര്യം അദ്ദേഹം യോഗത്തിലറിയിച്ചു. ഒരു കോടിയെങ്കിലും നിക്ഷേപം നടത്തി ഡയറക്ടർ ബോർഡിൽ അംഗത്വമെടുക്കുന്ന ആളുകളെ കണ്ടെത്തി ബോർഡ് വിപുലീകരിക്കൽ, മാർക്കറ്റിങ് നെറ്റ്‌വർക്ക് വിപു

ലീകരണം, ഉല്പാദനം വർദ്ധിപ്പിക്കൽ എന്നിവയാണ് കർമ്മപദ്ധതിയെന്നും ഇടവകകൾ ഷെയർ വാങ്ങിയും ഔട്ട്ലെറ്റുകൾ തുടങ്ങിയും പദ്ധതിയോട് സഹകരിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

സമ്മേളനത്തിലെ മൂന്നാമത്തെ വിഷയമായി ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേൽ അച്ചൻ വിയാനിനിധിയെപ്പറ്റി സംസാരിച്ചു. ഇതിനകം 120 വൈദികർ ഈ പദ്ധതിയോട് സഹകരിച്ചെന്ന വസ്തുതയും അദ്ദേഹം വെളിപ്പെടുത്തി. വൈദിക ക്ഷേമനിധിയുടെ ദീർഘകാലാടിസ്ഥാന പ്ലാനിംഗിൽ വിയാനിനിധി ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് അഭിവന്ദ്യ പിതാവ് ഊന്നിപ്പറയുകയും അഞ്ചുപേരെ കണ്ടെത്താൻ സാധിക്കാത്തവർ രണ്ടുപേരെയെങ്കിലും കണ്ടെത്തിക്കൊണ്ട് ഈ പദ്ധതിയോട് സഹകരിക്കണമെന്നും എല്ലാ വൈദികരുടേയും ഭാഗത്തുനിന്നുള്ള സഹകരണമാണ് ഏറ്റവും പ്രധാനമെന്നും ഓർമ്മപ്പെടുത്തുകയും ചെയ്തു.

യോഗത്തിൽ നാലാമത്തെ വിഷയമായി ദിവ്യകാരുണ്യ വർഷാചരണത്തിന് സമാപനം കുറിച്ചുകൊണ്ട് ഡിസം. 12-14 തീയതികളിലായി തോമാപുരത്തുവച്ചു നടത്തപ്പെടുന്ന ദിവ്യകാരുണ്യ കോൺഗ്രസിനെപ്പറ്റി തോമാപുരം ഫൊറോന വികാരി ഫാ. മാണി മേൽവെട്ടം സംസാരിച്ചു. ദിവ്യകാരുണ്യകോൺഗ്രസിനായി തോമാപുരം മേഖല നടത്തിയിട്ടുള്ള വിപുലമായ ഒരുക്കങ്ങളെപ്പറ്റി അദ്ദേഹം ഹ്രസ്വമായി പ്രതിപാദിച്ചു. സമാപനദിവസത്തെ കർമ്മപരിപാടികളിൽ എല്ലാ ഇടവകയിൽനിന്നും പ്രതിനിധികൾ പങ്കെടുക്കണമെന്നും യുവജനങ്ങൾക്കായുള്ള പഠന ശിബിരത്തിൽ ഓരോ ഇടവകയും രണ്ടുപേരെയെങ്കിലും പറഞ്ഞയയ്ക്കണമെന്നും പിതാവ് ഓർമ്മപ്പെടുത്തി. ദിവ്യകാരുണ്യ കോൺഗ്രസിന്റെ ചെലവുകളിലേക്ക് എല്ലാ ഇടവകകളുടെയും സംഭാവന ഉണ്ടാകണമെന്ന അഭിപ്രായം മാനിച്ചുകൊണ്ട് സമാപന ദിവസത്തെ സ്തോത്രക്കാഴ്ചയ്ക്ക് വൈദികർ തങ്ങളുടെ ഇടവകയുടെ പേരെഴുതിയ കവറിൽ സാധിക്കുന്ന തുക കാഴ്ചസമർപ്പണം നടത്താൻ നിർദ്ദേശിക്കണമെന്നും പിതാവ് അഭിപ്രായപ്പെട്ടു.

യോഗത്തിലെ അഞ്ചാമത്തെ വിഷയമായി "സാമുദായിക ശാക്തീകരണ വർഷം 2025" എന്നതിനെപ്പറ്റി മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ചർച്ച ചെയ്ത വിഷയങ്ങളുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ സാമുദായിക ശാക്തീകരണ വർഷാചരണത്തിന് ഒരുക്കമായുള്ള ഒരു കരടുരേഖ യോഗത്തിൽ വിതരണം ചെയ്യുകയും ഉള്ളടക്കം ഹ്രസ്വമായി അവതരിപ്പിക്കുകയും ചെയ്തു. സ്വന്തം ദേശത്തിന്റെയും സമുദായത്തിന്റെയും ചരിത്രം രേഖപ്പെടുത്തി വയ്ക്കേണ്ടത് സാമുദായിക ശാക്തീകരണത്തിന്റെ പ്രധാന നടപടികളിലൊന്നാണെന്ന്

അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. വലിയ ഇടവകകളെങ്കിലും ദേശത്തിന്റെ കാർഷിക-സാംസ്ക്കാരിക ചരിത്രം രേഖപ്പെടുത്തണമെന്നും ലഭ്യമാകുന്ന പരമാവധി ഉറവിടങ്ങളും രേഖകളും ഉപയോഗപ്പെടുത്തി സെക്യൂലർ പരിപ്രേഷ്യത്തിൽതന്നെ ചരിത്ര രചന നടത്തണമെന്നും യോഗം അഭിപ്രായപ്പെട്ടു. വായാട്ടുപറമ്പ് ഇടവകയും കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയും ഇതിനോടകം ആരംഭിച്ച ചരിത്രരചന സംരംഭത്തെ പിതാവ് അഭിനന്ദിച്ചു. രൂപതയുടെ പ്രാദേശിക ചരിത്രമെഴുതുന്നതിനെ ക്രോഡീകരിക്കാൻ ഫാ. മാത്യു കൊട്ടുകാപ്പള്ളിയേയും സഹകാരികളായി ഫാ. ജോൺസൺ പുലിയുറുമ്പിൽ, ഫാ. കുര്യാക്കോസ് പുതുക്കുളങ്ങര, ഫാ. സ്കറിയ ചിരണയ്ക്കൽ എന്നിവരെയും അഭിവന്ദ്യ പിതാവ് ചുമതലപ്പെടുത്തി. ചെമ്പേരിയുടെ ചരിത്രരചന നിർവ്വഹിക്കാൻ ഫാ. ജോർജ് കാഞ്ഞിരക്കാട്ടിനോടും പിതാവ് ആവശ്യപ്പെട്ടു. രൂപതയുടെ കുടിയേറ്റചരിത്രം ഉൾക്കൊള്ളുന്ന ഒരു മ്യൂസിയം രൂപതയുടെ പ്ലാറ്റിനം ജൂബിലി മുൻപിൽകണ്ട് ആസൂത്രണം ചെയ്യേണ്ടതിനെപ്പറ്റിയും ചർച്ചകൾ നടന്നു.

യോഗത്തിലെ അവസാന വിഷയമായി മരിയൻ തീർത്ഥാടനം അവതരിപ്പിക്കപ്പെട്ടു. 2024 ഡിസംബർ 8 ന് ചെമ്പേരി ലൂർദ് മാതാ ബസലിക്കയിലേക്ക് നടത്തപ്പെടുന്ന തീർത്ഥാടനത്തിനായി റീജിയൺ തിരിച്ച് നടത്തേണ്ട ക്രമീകരണങ്ങളെക്കുറിച്ചും ഫാ. ജോസഫ് മുട്ടത്തുകുന്നേൽ വിശദീകരിച്ചു. അതിരൂപതാതല തീർത്ഥാടനത്തെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെപ്പറ്റിയും അഭിവന്ദ്യ പിതാവും സംസാരിച്ചു.

സ്പിരിച്വൽ കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്നവർ പുലർത്തേണ്ട വിവേകത്തെപ്പറ്റി അവരെ ഓർമ്മപ്പെടുത്തണമെന്നും നവീകരണരംഗത്തു പ്രവർത്തിക്കുന്നവർക്കുള്ള പരിശീലന പരിപാടികളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും യോഗാംഗങ്ങൾ ആവശ്യപ്പെട്ടു.

ചെമ്പന്തൊട്ടി സ്കൂളിൽ യുവജനോത്സവം നടക്കുന്ന നാളുകളിൽ ദൈവാലയത്തിലെ ഊറാറ അനാദരവോടെ കൈകാര്യം ചെയ്തവിഷയം യോഗത്തിൽ പരാമർശിക്കപ്പെട്ടു. ചെമ്പന്തൊട്ടി ഫൊറോന വികാരി ഫാ. ആന്റണി മഞ്ഞളാംകുന്നേൽ അവിടെ നടന്ന സംഭവങ്ങൾ കൃത്യമായി വിശദീകരിക്കുകയും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം പുലർത്തിയ വൈകാരിക പക്വതയെ അഭിവന്ദ്യ പിതാവും യോഗാംഗങ്ങളും അഭിനന്ദിക്കുകയും ചെയ്തു. തുടർന്ന് ത്രിസന്ധ്യാജപത്തോടെ യോഗത്തിന്റെ നടപടിക്രമങ്ങൾ അവസാനിച്ചു.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
സെക്രട്ടറി

# പഞ്ചാബ് മിഷൻ സന്ദർശനം

*മാർ ജോർജ് ഞറളക്കാട്ട്*

തലശ്ശേരി അതിരൂപതയെ ഏല്പ്പിച്ചിരിക്കുന്ന പഞ്ചാബിലെ മിഷൻ പ്രദേശങ്ങൾ 2024 ഒക്ടോബർ 01 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ ഞാൻ സന്ദർശിക്കുകയുണ്ടായി. പഞ്ചാബ് മിഷന്റെ പ്രവർത്തനങ്ങൾ നേരിട്ടു മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലുള്ള അനുഭവക്കുറിപ്പാണിത്. തലശ്ശേരി അതിരൂപതാംഗങ്ങളായ ബഹു. സെബാസ്റ്റ്യൻ പുതുപ്പള്ളിൽ, ബഹു. ജോസഫ് കരിമ്പൂഴിക്കൽ, ബഹു. മാത്യു മുക്കുഴിയിൽ എന്നീ വൈദികർ മിഷൻ പ്രദേശങ്ങളിൽ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നത് നേരിൽ കണ്ട് മനസ്സിലാക്കാൻ സാധിച്ചു.

നമ്മുടെ പ്രിയപ്പെട്ട അച്ചന്മാർക്ക് പഞ്ചാബി ഭാഷയിൽ വി. കുർബാന അർപ്പിക്കാനും വി. ഗ്രന്ഥം വായിക്കാനും പ്രസംഗിക്കാനും ആളുകളുമായി സംവദിക്കാനും കഴിയുന്നുണ്ട്. അവരുടെ തീക്ഷ്ണമായ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു. അവരുടെ പ്രവർത്തനഫലമായി ദൈവവചനംകേട്ട് ആളുകൾ വിശ്വാസത്തിലേക്ക് വരുന്നുണ്ട്. ഒക്ടോബർ 5-ാം തീയതി 14 പേർ ഈശോയെ സ്വീകരിച്ച് സഭാമക്കളായി. ആ കൂദാശ പരികർമ്മം ചെയ്യാൻ എനിക്ക് ദൈവം അവസരമൊരുക്കി. പിറ്റേദിവസം ഞായറാഴ്ച നവാഗതർ ഉൾപ്പെടെയുള്ള വിശ്വാസസമൂഹം മുഴുവൻ വി. ബലിയിൽ പങ്കുചേർന്നു. അവരുടെ താല്പര്യവും തീക്ഷ്ണതയും എടുത്തുപറയേണ്ടതാണ്.

ഒക്ടോബർ 13-ാം തീയതി ബഹു. സെബാസ്റ്റ്യനച്ചനും ബഹു. മനോജച്ചനും താമസിക്കുന്ന 'ബാരൻ' മിഷനിൽ ഫാമിലി സൺഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. മാതാപിതാക്കളും മക്കളും കുടുംബസമേതം ബലിയർപ്പണത്തിലും ആരാധനയിലും ആഘോഷങ്ങളിലും പങ്കുചേർന്നു.  ഓരോ കുടുംബത്തിനും തിരുക്കുടുംബത്തിന്റെ ചിത്രവും ജപമാലയും നല്കി. മിഷൻപ്രദേശങ്ങളിലെ ഏതാനും കോളനികളും ഭവനങ്ങളും സന്ദർശിക്കുകയും ഒരു ഭവനത്തിൽ വച്ച് നടത്തിയ പ്രാർത്ഥനാസമ്മേളത്തിൽ പങ്കെടുക്കുകയും ചെയ്തു.

നമ്മുടെ അച്ചന്മാർ വളരെ പരിമിതമായ വാടകവീടുകളിലാണ് നിലവിൽ താമസിക്കുന്നത്. ആദ്യ ഒരാഴ്ച ഞാൻ പാട്യാലയിലുള്ള സി. എം.ഐ. ഭവനിൽ താമസിച്ചു. അവിടുത്തെ സുപ്പീരിയർ ബഹു. ജെയിംസച്ചനും സമൂഹത്തിനും പ്രത്യേകം നന്ദി. ഒക്ടോബർ 3-ാം ആഴ്ച

യിൽ ജലന്തർ രൂപതയുടെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു. ബഹു. മനോജച്ചനും ബഹു. സ്റ്റിനോ അച്ചനും ഒപ്പമുണ്ടായിരുന്നു. അജ്നാൽ, ജെയ്തോ എന്നീ മിഷനുകളും സന്ദർശിച്ചു. ബഹു. മാത്യു ഇല്ലിക്കൽ, ബഹു. മാത്യു കുമ്പുക്കൽ CST എന്നീ അച്ചന്മാരെ കൃതജ്ഞതയോടെ ഓർക്കുന്നു. മാനന്തവാടി രൂപതയിലെ ബഹു. വൈദികർ സേവനം ചെയ്യുന്ന കോട്ടസിക്കാർ, ഫിറോസ്പൂർ പ്രദേശങ്ങൾ സന്ദർശിച്ചു. അവരും സ്തുത്യർഹമായ സേവനങ്ങൾ തീക്ഷ്ണതയോടെ ചെയ്യുന്നു. ഫിറോസ്പൂരിലെ പഴയ ദൈവാലയം സന്ദർശിച്ചു. അവിടുത്തെ വികാരി ബഹു. മൈക്കിൾ ആനിക്കുഴിക്കാട്ടിലച്ചൻ ഏറെ സ്നേഹത്തോടെ ഞങ്ങളെ സ്വാഗതം ചെയ്തു.

പിന്നീട് ഫരീദാബാദ് രൂപതയുടെ പഞ്ചാബ് മിഷന്റെ കേന്ദ്രമായ ലുധിയാന സന്ദർശിച്ചു. അഭിവന്ദ്യ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് താമസിക്കുന്ന സ്ഥലത്തെ ഇടവക തിരുനാളിന് വി. കുർബാന അർപ്പിച്ചു സന്ദേശം നല്കി. ഒക്ടോബർ മാസത്തിലെ മാതാവിന്റെ തിരുനാളായിരുന്നു. തുടർന്നുള്ള യാത്രയിൽ പ്രധാനമായും കോട്ട്ഷമീർ എന്ന സ്ഥലത്ത് മേരിഗിരി ഇടവകാംഗമായ ബഹു. സണ്ണി കുരിശുംമൂട്ടിൽ CST-യുടെ കൂടെ താമസിച്ച് CST മിഷനുകൾ സന്ദർശിച്ചു. പഞ്ചാബ് മിഷനിൽ സി.എസ്.ടി. വൈദികർ സജീവമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ വർഷവും വി. കൊച്ചുത്രേ്യസ്യയുടെയും മിഷൻ ഞായറിന്റെയും പശ്ചാത്തലത്തിൽ വലിയ ആഘോഷം നടത്താറുണ്ട്. എല്ലാ സി.എസ്.ടി. മിഷനിൽനിന്നും കുട്ടികളും യുവജനങ്ങളും ഒരുമിച്ചുചേർന്ന് ആഘോഷമായ വി. കുർബാനയ്ക്ക് ശേഷം വർണ്ണാഭമായ മിഷൻ റാലി നടത്തുന്നു. MSMI സാൻജോസ് പ്രൊവിൻസിലെ സിസ്റ്റേഴ്സ് സേവനം ചെയ്യുന്ന പ്രദേശങ്ങളിലും സന്ദർശിച്ചു.

പഞ്ചാബിലെ ആളുകൾ അവരുടെ ഭവനങ്ങളിൽ ഏറെ ഹൃദ്യതയോടെയാണ് നമ്മളെ സ്വീകരിക്കുന്നത്. വാതിൽക്കൽ വച്ച് ദീപാർച്ചനയോടെയാണ് വീട്ടിലേക്ക് സ്വാഗതം ചെയ്യുന്നത്. ശെമയോന്റെ ഭവനത്തിൽ ഈശോയെ പാദങ്ങൾ കഴുകി, സുഗന്ധം പൂശി എതിരേറ്റതുപോലെ ഒരു ഭവനത്തിലെ പ്രാർത്ഥനാവേളയിൽ കുടുംബനാഥ എന്നെ സ്വീകരിച്ചു. പഞ്ചാബിലെ ഭൂരിഭാഗം ജനങ്ങളും കർഷകരാണ്. ഒക്ടോബർ മാസത്തിൽ നെൽപ്പാടങ്ങൾ വിളവെടുപ്പിന് പാകമായ സമയമാണ്. മെഷീനുകൾ ഉപയോഗിച്ചാണ് അവരുടെ കൊയ്ത്തും മെതിയും വൈക്കോൽ ശേഖരണവും നടത്തുന്നത്. ചെറിയ കൃഷിയിടങ്ങളുള്ള

ആളുകൾ ഇപ്പോഴും കായികാദ്ധ്വാനത്തിലൂടെ വിളവെടുക്കുന്നു. മണ്ണിനെയും കൃഷിയെയും അവർ ആഴമായി സ്നേഹിക്കുന്നു.

അവിടുത്തെ ആളുകളുടെ പ്രധാനഭക്ഷണം ഗോതമ്പ് പൊടികൊണ്ടുണ്ടാക്കുന്ന റൊട്ടിയാണ്. ചപ്പാത്തി, പൊറോട്ട. ഇവയെല്ലാം റൊട്ടിയെന്ന് അറിയപ്പെടുന്നു. പരിപ്പും പയർവർഗങ്ങളും വെജിറ്റബിൾസും കറി വയ്ക്കുന്നു. അവർ തരുന്നത് നമ്മൾ സ്വീകരിച്ചാൽ അവർക്ക് ഏറെ സന്തോഷമായി. ഭവനങ്ങൾ സന്ദർശിക്കുമ്പോൾ ഭവനങ്ങളെ ആശീർവദിക്കുകയും രോഗികൾക്ക്‌വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. ഭവനങ്ങൾ സന്ദർശിക്കുവാൻ അടുത്ത ഭവനങ്ങളിലെ ആൾക്കാരും ഒരുമിച്ച് ചേരുന്നു.

നമ്മുടെ വൈദികരെ സഹായിക്കാനും പ്രേഷിതവേലയിൽ സഹകരിക്കാനും ഭവനങ്ങൾ സന്ദർശിച്ച് ആളുകളെ ഒരുക്കുവാനുമായി കാറ്റെക്കിസ്റ്റ് ഉണ്ട്. അവരെ നാം 'ഉപദേശികൾ' എന്നു വിളിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് നമ്മൾ ശമ്പളവും അവരുടെ താമസത്തിനായി സൗകര്യങ്ങളും ക്രമപ്പെടുത്തുന്നു. കാറ്റെക്കിസ്റ്റ് പ്രേഷിത പ്രവർത്തനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

പഞ്ചാബ് മിഷൻ പ്രവർത്തനത്തിന് യോജിച്ച മണ്ണാണ്. അനുകൂലമായ സാഹചര്യം അവിടെയുണ്ട്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് നമ്മുടെ പ്രവർത്തനങ്ങളെ വ്യാപിപ്പിക്കാൻ ആളും അർത്ഥവും വേണം. നമ്മുടെ അതിരൂപതയിലെ ചില സി.എം.ഐ ശാഖകൾ പഞ്ചാബിലെ ചില മിഷനുകളുമായി ബന്ധപ്പെടുന്നുണ്ട്, സഹായിക്കുന്നുണ്ട്. നമ്മുടെ മൂന്ന് വൈദികരും പരിമിതസൗകര്യങ്ങളുള്ള വാടകവീടുകളിൽ താമസിക്കുന്നു. അവർക്ക് രണ്ടിടത്തും ചെറിയ പള്ളിയും താമസസൗകര്യങ്ങളും ക്രമപ്പെടുത്തേണ്ടതുണ്ട്. പഞ്ചാബ് മിഷനുവേണ്ടിയുള്ള നമ്മുടെ സഹകരണങ്ങൾ വർദ്ധിപ്പിക്കണം. മിഷൻ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന നമ്മുടെ അച്ചന്മാർക്കുവേണ്ടി തീക്ഷ്ണതയോടെ നാം പ്രാർത്ഥിക്കണം. ക്ലേശങ്ങൾ നിറഞ്ഞതാണ് അവരുടെ ജീവിതവും പ്രവർത്തനങ്ങളും. നമ്മുടെ പ്രാർത്ഥനകൾ, സാമ്പത്തികസഹായം, സന്ദർശനങ്ങൾ, ഫോൺ വിളികൾ എന്നിവ ഏറെ ഉപകരിക്കും. നമ്മുടെ ഇടവകകളും മിഷൻലീഗും കൂടുതലായി അവരെ സഹായിക്കാൻ ഉത്സുകരാകട്ടെ.

# നവീകരണ ധ്യാനം

അതിരൂപതാതല നവീകരണ ധ്യാനം ഇതിനോടകം 16 ഫൊറോനകളിൽ വിജയകരമായി പൂർത്തിയായി. 2024 ഡിസംബർ മാസത്തിൽ ബാക്കിയുള്ള 3 ഫൊറോനകളിൽ നടത്തുന്ന ധ്യാനങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**KANHANGAD FORANE 2024 December 05-08 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Chayyoth | Fr. Robin Karikattu MCBS & Team | 9526573695 |
| 2 | Cheemeni | Fr. Lijo OFM Cap & Team | 9188868486 |
| 3 | Ennappara | Fr. Austin Chackamkunnel & Team | 9497436252 |
| 4 | Kalichanadukkom | Fr. Varghese Vettiyanickal & Team | 9645058343 |
| 5 | Kanhangad | Fr. Joseph Vadakkepparambil & Team | 9495097312 |
| 6 | Kanjiradukkom | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 7 | Neeleswaram | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 8 | Nelliyadukkom | Fr. Sebastian Muttathupara & Team | 9645158918 |
| 9 | Padannakkad | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Udayapuram | Fr. Roy CSSR & Team | 8281886480 |

**KASARGOD FORANE 2024 December 12-15 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Badiyadukka | Fr. Sebastian Muttathupara & Team | 9645158918 |
| 2 | Hosangadi | Fr. Roy CSSR & Team | 8281886480 |
| 3 | Kasargod | Fr. Clint Vettikuzhiyil MCBS & Team | 8590673452 |
| 4 | Mulleria - Delam | Fr. Shaji OFM Con. & Team | 9446608997 |
| 5 | Perla - Kumbla | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 6 | Poinachi - Peria | Fr. Lijo OFM Cap & Team | 9188868486 |

**NELLICKAMPOIL FORANE 2024 December 19-22 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Arabi | Fr. Robin Karikattu MCBS & Team | 9526573695 |
| 2 | Iritty | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 3 | Kalluvayal | Fr. Joseph Vadakkepparambil & Team | 9495097312 |
| 4 | Nellickampoil | Fr. Kuriakose Kolakkunnel & Team | 9495546307 |
| 5 | Padiyoor | Fr. Jiss Kalappura & Team | 8157922650 |

| | | | |
|---|---|---|---|
| 6 | Puravayal | Fr. Xavier Puthenpura (Sr.) & Team | 9496121536 |
| 7 | Thermala | Fr. Austin Chackamkunnel & Team | 9497436252 |
| 8 | Thirur | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 9 | Ulickal | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Vilamana | Fr. Roy CSSR & Team | 8281886480 |

NB:

1) ബഹു. വികാരിയച്ചന്മാർ ധ്യാനഗുരുക്കന്മാരുമായി സംസാരിച്ച് ധ്യാനത്തിന്റെ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.
2) ധ്യാന വിളംബരത്തിനായി വരുന്ന അച്ചന്മാരെയും ഫോണിൽ ബന്ധപ്പെട്ട് ക്ഷണിക്കുമല്ലോ.
3) നവീകരണ ധ്യാനത്തിന് ഒരുക്കമായുള്ള വീട് വെഞ്ചരിപ്പും ഹോംമിഷനും മുൻകൂട്ടി നടത്തി ജനത്തെ ബഹു. വികാരിച്ചന്മാർ ഒരുക്കുമല്ലോ.

ദൈവാനുഗ്രഹപ്രദമായ ധ്യാനം ആശംസിക്കുന്നു.

ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്,

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*കോർഡിനേറ്റർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*കൺവീനർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു" (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ - തിരുപ്പിറവിയുടെ ഓർമകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്തുമസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങുന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

## 2. ഡിപ്ലോമ രജിസ്ട്രേഷൻ

ഡിപ്ലോമ രജിസ്ട്രേഷൻ ഫോമുകൾ നിശ്ചയിച്ച സമയത്തു തന്നെ ഓഫീസിലെത്തിച്ച എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

## 3. ഡിപ്ലോമ പരീക്ഷ (ക്ലാസ് XII)

പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷ 2025 ജനുവരി 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 4. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായന വർഷത്തെ അസൈൻമെന്റ് ഓഫീസിൽ ഇതുവരെയും എത്തിക്കാത്തവർ **ഡിസംബർ 08-നുള്ളിൽ** എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അസൈൻ മെന്റുകൾ പരിഗണിക്കുന്നതല്ല.

## 5. ക്രിസ്തുമസ് പരീക്ഷ ഡിസംബർ 08

ക്രിസ്തുമസ് പരീക്ഷ ഡിസംബർ 08 ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെ ക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്തുമസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

## 6. ജനറൽ ചോദ്യങ്ങൾ

ക്രിസ്തുമസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ **നവംബർ 26-ന്** പ്രസിദ്ധീകരിക്കുന്നതായിരിക്കും. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യങ്ങൾ കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 7. മതബോധന മണിക്കൂർ

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

## 8. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജന പ്പെടുത്താവുന്നതാണ്.

## 9. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തല ശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുക ളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ് ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

## 10. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2024-2025 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വില യിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേഞായറാഴ്ച കുട്ടികളെ അറിയി ക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിം ഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണു ന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാ സ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### ഡിസംബർ മാസത്തിലെ അതിരൂപത വിസിറ്റ്

**ഡിസംബർ 01:** പൊടിക്കളം, പുലിക്കുരുമ്പ, ഏറ്റുപാറ, പരപ്പ, ആര്യപ്പറമ്പ്, വട്ട്യറ, എളുകൊച്ചി, മുടയരഞ്ഞി, വരക്കാട്, പുളിങ്ങോം, ശാന്തിനഗർ, ഭീമന ടി, കല്ലുവയൽ, പടന്നക്കാട്, കരുണാപുരം, ചെറുപാറ. **ഡിസംബർ 15:** കോട്ടൂർ, നെല്ലിക്കുറ്റി, പാടാംകവല, ഉദയഗിരി, നെടുംപുറംചാൽ, കുന്നോത്ത്, കാവും തല, കാലാങ്കി, വെള്ളരിക്കുണ്ട്, ഉളിക്കൽ, ചായ്യോത്ത്, കരുവൻചാൽ, പെരു മ്പടവ്. **ഡിസംബർ 22:** ലിസ്സിഗിരി, കുട്ടാപറമ്പ്, പൂളക്കുറ്റി, മാടത്തിൽ, തോമ്മാ പുരം, കോലുവള്ളി, പടിയൂർ, എണ്ണപ്പാറ. **ഡിസംബർ 29:** ജയഗിരി, എടക്കാനം, കോഴിച്ചാൽ.

## 11. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറി

യുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

**12. ആസ്പെക്ട് 2024-2025**

2024-2025 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് വിശ്വാസപരിശീലനകേന്ദ്രം പ്രസിദ്ധീകരിക്കുന്ന **"വിശുദ്ധ കുർബാനയിലെ ദൈവാനുഭവം"** എന്ന പുസ്തകമാണ്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ഡിസംബർ മാസത്തിൽ പുസ്തകങ്ങൾ പ്രധാനാധ്യാപകർക്ക് വിതരണം ചെയ്യുന്നതാണ്. പുസ്തകത്തിന് 90 രൂപയാണ് വില.

**13. വിശ്വാസപരിശീലകരുടെ ധ്യാനം - "റേമ 2024"**

വിശ്വാസപരിശീലകരുടെ അടുത്ത ധ്യാനം ഡിസംബർ 13-15 തീയതികളിലാണ്. ഇതുവരെ നടത്തിയ ധ്യാനങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ ഈ ധ്യാനത്തിൽ പങ്കെടുക്കുമല്ലോ.

നവംബർ 24-26 നടത്തിയ ധ്യാനത്തിൽ ഇരുന്നൂറിലധികം വിശ്വാസപരിശീലകർ പങ്കെടുത്തു. ധ്യാനത്തിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

**14. "എൻലൈറ്റ് 2024-2025"**

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. ▸ സെമിനാർ ഒരു ഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸ ഡിസംബർ 01, 15, 22 ജനുവരി 5, 12, 19 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

**15. സോൾട്ട് 2024: ചെറുപുഴ, പടന്നക്കാട്**

തലശ്ശേരി അതിരൂപതയിൽ 2024-2025 പ്രവർത്തനവർഷത്തിൽ ആലക്കോട്, മേരിഗിരി, ചെറുപുഴ, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി എന്നീ ഫൊറോനകളിൽ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ചെറുപുഴ, പടന്നക്കാട് എന്നീ സ്ഥലങ്ങളിൽ വച്ച് സോൾട്ട് 2024 എന്ന പേരിൽ സംഗമം നടത്തി. റവ. ഫാ. അഖിൽ മുക്കുഴി, ഡോ. അലക്സ് ജോർജ് കാവുകാട്ട് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സംഗമത്തിന് നേതൃത്വം നൽകിയ ഫൊറോന വികാരയച്ചന്മാർക്കും കട്ടികളെ പറഞ്ഞയച്ച ബഹു. വൈദികർക്കും ടീച്ചേഴ്സിനും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

## 16. ദിവ്യകാരുണ്യസന്ധ്യ

ഡിസംബർ മാസത്തിൽ ദിവ്യകാരുണ്യസന്ധ്യ നടക്കുന്ന സ്ഥലങ്ങൾ:

| തീയതി | സ്ഥലം | ഫൊറോന |
|---|---|---|
| ഡിസംബർ 01 | പേരട്ട | കുന്നോത്ത് |
| ഡിസംബർ 12 | തളിപ്പറമ്പ് | തളിപ്പറമ്പ് |

## 17. വിശ്വാസോത്സവം 2025

ഈ അധ്യയനവർഷത്തെ വിശ്വാസോത്സവത്തിനാവശ്യമായ വർക്കുബുക്കുകളുടെ ഓർഡർഫോം ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം നൽകുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 30-നകം ഓഫീസിൽ എത്തിക്കുമല്ലോ.

## 18. Mission Quest 2024 - ഡിസംബർ 14

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന മിഷൻ ക്വിസ്മത്സരമാണ് **Mission Quest**. **2024 ഡിസംബർ 14 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക്** നടത്തുന്നു. സാധിക്കുന്ന എല്ലാവരും ക്വിസിൽ പങ്കെടുക്കുമല്ലോ.

**നിർദ്ദേശങ്ങൾ**

(a) ഈ മത്സരം നടത്തുന്നത് ഗൂഗിൾഫോം ഉപയോഗിച്ചാണ് (b) സീറോ മലബാർ സഭയുടെ 35 രൂപതകളിലുമുള്ള മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെ മത്സരങ്ങളും അതിനായി വെവ്വേറെ ഗൂഗിൾഫോം ലിങ്കുകളുമാണ് (c) ഗൂഗിൾഫോമിന്റെ ലിങ്കുകൾ സീറോമലബാർ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കും www.syromalabarmission.com (d) **2024 ഡിസംബർ 14 ശനിയാഴ്ച വൈകു ന്നേരം 6 മണി മുതൽ 40 മിനിട്ട് സമയത്തേക്കായിരിക്കും ഗൂഗിൾഫോം സജീവമാകുക** (e) മത്സരത്തിൽ പങ്കെടുക്കാൻ മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ, മത്സരസമയത്ത് പേര്, ഇടവക, രൂപത, ഫോൺ നമ്പർ, ഇമെയിൽ എന്നിവ രേഖപ്പെടുത്തണം (f) ഓരോ ചോദ്യത്തിനും നൽകപ്പെട്ടിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായത് മാത്രം തിരഞ്ഞെടുക്കുക (g) ബൈബിൾ ഭാഗത്തിന് പഠനസഹായിയോ സാമ്പിൾ ചോദ്യങ്ങളോ ഇല്ല. മറ്റ് വിഭാഗങ്ങൾക്കുള്ള സാമ്പിൾ ചോദ്യങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കും (h) മത്സരവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാൻ missionquestsym@gmail.com എന്ന ഇമെയിൽ ഐഡിയോ 9496038700 എന്ന വാട്സ് ആപ്പ് നമ്പറോ പ്രയോജനപ്പെടുത്തുക (i) ക്വിസ് മത്സരം സംബന്ധിച്ച് സീറോമലബാർ മിഷൻ ഓഫീസിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**പഠനഭാഗങ്ങൾ (കുട്ടികൾ, മുതിർന്നവർ)**

1) **വി. ലൂക്കായുടെ സുവിശേഷം** (ഈശോയുടെ മിഷൻ പ്രവർത്തനങ്ങൾ), അനുപാതം – 30%; POC Bible/NRSV 2) **സുവിശേഷപ്രഘോഷണം** (Evangelli Nuntiandi), അനുപാതം – 40%; പഠനസഹായിയും മാതൃകാചോദ്യങ്ങളും www.syromalabarmission.com 3) **സീറോമലബാർ സഭയുടെ ആരാധന ക്രമ വിശ്വാസപരിശീലനം** (1, 2 അധ്യായങ്ങൾ), അനുപാതം – 30%; മാതൃകാ ചോദ്യങ്ങൾക്ക് www.syromalabarmission.com.

**19. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2024–2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**20. ദിവ്യകാരുണ്യ വചനമത്സരം**

ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് വിശ്വാസപരിശീലകർക്കായി തിരുവചന എഴുത്തുമത്സരം നടത്തുന്നു. വി. ഗ്രന്ഥത്തിലെ വി. കുർബാനയുമായി ബന്ധപ്പെട്ട വചനങ്ങളാണ് പഠിക്കേണ്ടത്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**21. ആദരാഞ്ജലികൾ**

വെള്ളാട്, അമ്മംകുളം എന്നീ സൺഡേസ്കൂളുകളിൽ വിശ്വാസപരിശീലകനായിരുന്ന ജോസ് പുത്തൻപുരയിൽ, എടൂർ സൺഡേസ്കൂൾ വിശ്വാസസപരിശീലകയായിരുന്ന സോണിയ ബിനോയ് കിഴക്കേപടവത്ത്, പേരാവൂർ ഫൊറോന പ്രസിഡണ്ട് ജോൺസൺ പൊട്ടയ്ക്കൽ സാറിന്റെ പിതാവ് ജോസഫ് പൊട്ടയ്ക്കൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്തൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### ആൽഫാ കോൺവൊക്കേഷൻ പ്രോഗ്രാം

2021 ബാച്ചിൽ ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ BTh, MTh വിദ്യാർത്ഥികളുടെ ബിരുദദാനം 2024 നവംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 9.30 തലശ്ശേരി സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. സന്യസ്തരും അല്മായരുമടങ്ങുന്ന 220 പേരാണ് ഈ വർഷം ആൽഫാ സെന്ററിൽ നിന്നും ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയത്. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കോൺവൊക്കേഷൻ പ്രഭാഷണം നടത്തി ഉദ്ഘാടനം ചെയ്തു. കൊല്ലം കേന്ദ്രമായുള്ള ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ പ്രൊഫ. ഡോ. ജഗതിരാജ് വി.പി മുഖ്യപ്രഭാഷണം നടത്തി. തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് എമിരത്തൂസ് മാർ ജോർജ് വലിയമറ്റം റാങ്കുജേതാക്കളെ അനുമോദിച്ചു. ആൽഫാ സെന്ററിന്റെ പ്രസിഡന്റ് റവ. ഡോ. ഫിലിപ്പ് കവിയിൽ അധ്യക്ഷഭാഷണം നടത്തി. തലശ്ശേരി അതിരൂപത മുഖ്യവികാരി ജനറാൾ റവ. ഫാ. ആന്റണി മുതുകുന്നേൽ ആശംസകളർപ്പിച്ച് സംസാരിച്ചു. ആൽഫാ സെന്ററിന്റെ ഡീൻ ഓഫ് സ്റ്റഡീസ് റവ. ഡോ. ജോജി കാക്കരമറ്റത്തിൽ സത്യപ്രതിജ്ഞാ ചടങ്ങിനു നേതൃത്വം നൽകി. MTh ബിരുദം കരസ്ഥമാക്കിയ ഡോ. സജി ഡാനിയൽ ആൽഫായിലെ പഠനകാലഘട്ടം വിലയിരുത്തി അനുഭവങ്ങൾ പങ്കുവച്ചു. ആൽഫാ സെന്റർ ഡയറക്ടർ ഫാ. തോമസ് മാപ്പിളപ്പറമ്പിൽ സ്വാഗതവും കൺട്രോളർ ഓഫ് എക്സാമിനേഷൻസ് റവ. ഡോ. റോസ്‌ലറ്റ് വള്ളിപ്പറമ്പിൽ എസ്.എ.ബി.എസ്. നന്ദിയും പറഞ്ഞു.

### ലോഗോസ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും

ലോഗോസ് ക്വിസ് 2024 വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും താമസിയാതെ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

### വചനം എഴുത്ത് മത്സരം

തലശ്ശേരി അതിരൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റും ഫാമിലി അപ്പൊസ്റ്റൊലേറ്റും സംയുക്തമായി അമ്മമാർക്കായി വചനം എഴുത്ത് മത്സരം സംഘടിപ്പിക്കുന്നു. ഈ വർഷം നാല് സുവിശേഷങ്ങളിൽ നിന്നുള്ള വചനങ്ങൾ മാത്രമായിരിക്കും എഴുതേണ്ടത്. ഒരു മണിക്കൂർ സമയമാണ് ലഭിക്കുക. ഒരേ അധ്യായത്തിൽ നിന്നും തുടർച്ചയായി വചനങ്ങൾ എഴുതരുത്. എന്നാൽ, ഒരേ അധ്യായത്തിൽ നിന്നും പല വചനങ്ങൾ എഴുതാം. ഡിസംബർ 10 ന് ചൊവ്വാഴ്ച രാവിലെ 11 മുതൽ 12 വരെ ആയിരിക്കും മത്സരസമയം. കഴിഞ്ഞ വർഷത്തെപോലെ പടന്നക്കാട്, ചെറുപുഴ, ആലക്കോട്, ചെമ്പേരി, ഇരിട്ടി എന്നീ കേന്ദ്രങ്ങളിൽ വെച്ചായിരിക്കും മത്സരം ഒരേ സമയം നടത്തപ്പെടുന്നത്. കൂടുതൽ പേരെ പങ്കെടുപ്പിക്കാനും നേരത്തെ പഠിച്ചൊരുങ്ങാൻ പ്രോത്സാഹിപ്പിക്കാനും ശ്രദ്ധിക്കുമല്ലോ.

### ബൈബിൾ പാരായണമാസം

ഡിസംബർ മാസം ബൈബിൾ പാരായണമാസമായും ഡിസംബർ 22-ാം തീയതി ബൈബിൾ ഞായറായും കേരളസഭ ആചരിക്കുകയാണ്. വിശുദ്ധഗ്രന്ഥത്തോടു കൂടുതൽ അടുപ്പവും ആഭിമുഖ്യവും ഊട്ടിയുറപ്പിക്കുന്നതിനു കെ.സി.ബി.സി.യുടെ ആഹ്വാനപ്രകാരം ഡിസംബർ മാസമാണു ബൈബിൾ പാരായണമാസമായി കേരളസഭയിൽ ആചരിക്കുന്നത്. വചനം മാംസമായി അവതരിച്ച തിരുപ്പിറവിയെ അനുസ്മരിക്കുന്ന ഡിസംബറിൽ അക്ഷരം ധരിച്ച വചനത്തെ ആഴത്തിൽ വായിച്ചൊരുങ്ങാൻ അവസരമൊരുക്കുകയാണു ബൈബിൾ പാരായണമാസാചരണത്തിന്റെ പ്രധാന ലക്ഷ്യം. വ്യക്തികൾ ബൈബിൾ പാരായണത്തിനു ദിവസവും നിശ്ചിതസമയം മാറ്റിവയ്ക്കുന്നതിനു പുറമേ, കുടുംബങ്ങൾ, കുടുംബയൂണിറ്റുകൾ, ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ഡിസംബറിൽ പ്രത്യേക വചനപാരായണം നടക്കും. പൊതുസമൂഹത്തിൽ തന്നെയും ബൈബിൾ പാരായണ താത്പര്യം ഉളവാക്കുന്ന വിധത്തിലായിരിക്കണം ബൈബിൾ പാരായണം രൂപതാതലത്തിലും, ഇടവകതലത്തിലും, കുടുംബക്കൂട്ടായ്മവഴിയും, കുടുംബങ്ങളിലും ക്രമപ്പെടുത്തേണ്ടത്. ദിവസവും 31/2 മണിക്കൂർ ബൈബിൾ വായനയ്ക്കായി നാം മാറ്റിവച്ചാൽ ഒരുമാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാവുന്നതാണ്. വ്യക്തികളോടും കുടുംബങ്ങളോടും കുടുംബക്കൂട്ടായ്മകളോടും ഇടവകകളോടും ഈ മാസാചരണം സമുചിതമായി നടത്താൻ സസ്നേഹം ആഹ്വാനം ചെയ്യുമല്ലോ.

### തിരുവചനമണിക്കൂർ (സമ്പൂർണ ബൈബിൾ 100 ഭാഗങ്ങളായി)

1. ഉത്പത്തി 1-15
2. ഉത്പത്തി 16-28
3. ഉത്പത്തി 29-40
4. ഉത്പത്തി 41-50
5. പുറപ്പാട് 1-13
6. പുറപ്പാട് 14-26
7. പുറപ്പാട് 27-40
8. ലേവ്യർ 1-14

9. ലേവ്യർ 15–27
10. സംഖ്യ 1–10
11. സംഖ്യ 11–22
12. സംഖ്യ 23–36
13. നിയമാവർത്തനം 1–9
14. നിയമാവർത്തനം 10–22
15. നിയമാവർത്തനം 23–34
16. ജോഷ്വ 1–12
17. ജോഷ്വ 13–23
18. ന്യായാധിപന്മാർ 1–10
19. ന്യായാധിപന്മാർ 11–21
20. റൂത്ത് 1–1 സാമുവൽ 8
21. 1 സാമുവൽ 9–20
22. 1 സാമുവൽ 21–31
23. 2 സാമുവൽ 1–12
24. 2 സാമുവൽ 13–24
25. 1 രാജാക്കന്മാർ 1–10
26. 1 രാജാക്കന്മാർ 11–22
27. 2 രാജാക്കന്മാർ 1–13
28. 2 രാജാക്കന്മാർ 14–25
29. 1 ദിനവൃത്താന്തം 1–14
30. 1 ദിനവൃത്താന്തം 15–29
31. 2 ദിനവൃത്താന്തം 1–14
32. 2 ദിനവൃത്താന്തം 15–28
33. 2 ദിനവൃത്താന്തം 29–36
34. എസ്രാ 1–10
35. നെഹെമിയ 1–13
36. തോബിത് 1–14
37. യൂദിത്ത് 1–16
38. എസ്തേർ 1–11
39. 1 മക്കബായർ 1–8
40. 1 മക്കബായർ 9–16
41. 2 മക്കബായർ 1–8
42. 2 മക്കബായർ 9–15
43. ജോബ് 1–15
44. ജോബ് 16–30
45. ജോബ് 31–42
46. സങ്കീർത്തനങ്ങൾ 1–22
47. സങ്കീർത്തനങ്ങൾ 23–37
48. സങ്കീർത്തനങ്ങൾ 38–64
49. സങ്കീർത്തനങ്ങൾ 65–82
50. സങ്കീർത്തനങ്ങൾ 83–105
51. സങ്കീർത്തനങ്ങൾ 106–119
52. സങ്കീർത്തനങ്ങൾ 120–150
53. സുഭാഷിതങ്ങൾ 1–16
54. സുഭാഷിതങ്ങൾ 17–31
55. സഭാപ്രസംഗകൻ+ഉത്തമഗീതം
56. ജ്ഞാനം
57. പ്രഭാഷകൻ 1–14
58. പ്രഭാഷകൻ 15–27
59. പ്രഭാഷകൻ 28–40
60. പ്രഭാഷകൻ 41–51
61. ഏശയ്യ 1–17
62. ഏശയ്യ 18–33
63. ഏശയ്യ 34–49
64. ഏശയ്യ 50–66
65. ജറെമിയ 1–12
66. ജറെമിയ 13–26
67. ജറെമിയ 27–40
68. ജറെമിയ 41–52
69. വിലാപങ്ങൾ + ബാറൂക്ക്
70. എസെക്കിയേൽ 1–15
71. എസെക്കിയേൽ 16–25
72. എസെക്കിയേൽ 26–37
73. എസെക്കിയേൽ 38–48
74. ദാനിയേൽ 1–6
75. ദാനിയേൽ 7–14
76. ഹോസിയ + ജോയേൽ
77. ആമോസ് – മിക്കാ
78. നാഹും – ഹഗ്ഗായി
79. സഖറിയാ + മലാക്കി
80. മത്തായി 1–10
81. മത്തായി 11–21
82. മത്തായി 22–28
83. മർക്കോസ് 1–9
84. മർക്കോസ് 10–16
85. ലൂക്കാ 1–8
86. ലൂക്കാ 9–17

87. ലൂക്കാ 18-24
88. യോഹന്നാൻ 1-11
89. യോഹന്നാൻ 12-21
90. അപ്പ. പ്രവർത്തനങ്ങൾ 1-10
91. അപ്പ. പ്രവർത്തനങ്ങൾ 11-19
92. അപ്പ. പ്രവർത്തനങ്ങൾ 20-28
93. റോമാ
94. 1 കോറിന്തോസ്
95. 2 കോറിന്തോസ്
96. ഗലാത്തിയാ + കൊളോസോസ്
97. 1 തെസലോനിക്കാ + ഫിലെമോൻ
98. ഹെബ്രായർ + യാക്കോബ്
99. 1 പത്രോസ് + യൂദാസ്
100. വെളിപാട്

**ബൈബിൾ പാരായണമാസാചരണം ഡിസംബർ 2024**

(കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ അനുദിനവായനകൾ)

**പഴയനിയമം**

1 ഉത്പ 1-3 INAUGURATION
2 ഉത്പ 12-17
3 ഉത്പ 41-47
4 പുറ 12-14
5 സംഖ്യ 22-24
6 നിയമാ 32-34
7 ജോഷ്വ 3-6
8 2 സാമു 6-7
9 2 രാജാ 22-23
10 നെഹെ 8-10
11 സങ്കീ 119
12 സുഭാ 8-16
13 ഏശ 7-11; 52-55
14 ജറെ 29-33
15 മിക്കാ 4-7

**പുതിയനിയമം**

16 മത്താ 1-3
17 മത്താ 5-7
18 മർക്കോ 11-12
19 ലൂക്കാ 10-12
20 ലൂക്കാ 18-20
21 യോഹ 1:10-13
22 യോഹ 18-20 BIBLE SUNDAY
23 അപ്പ 2-7
24 റോമാ 8-10
25 1 കോറി 12-14 CHRISTMAS
26 ഗലാ 5-6
27 ഫിലി 1-4
28 കൊളോ 1-4
29 ഹെബ്രാ 6-10
30 വെളി 12-15 FINAL DAY

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

നമ്മുടെ മനസ്സുകളിൽ സ്നേഹത്തിന്റെയും പ്രത്യാശയുടെയും തിരിനാളം കൊളുത്തുന്ന ദൈവസുതന്റെ ജന്മദിനത്തിനായി നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. കൊച്ചു കൊച്ചു സുകൃതങ്ങൾക്കൊണ്ട് നമ്മുടെ ഹൃദയത്തിൽ പുൽക്കൂടുണ്ടാക്കി ഉണ്ണീശോയെ സ്വീകരിക്കാൻ നമുക്കൊരുങ്ങാം... തുമ്പപൂവിന്റെ പരിശുദ്ധിയും തൂമഞ്ഞിന്റെ വെൺമയുള്ള ഒരു ഹൃദയവും ഉണ്ണീശോയ്ക്ക് നമുക്ക് നൽകാം കുഞ്ഞുമിഷനറിമാർക്കെല്ലാവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ...

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുപ്പിറവി
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഫ്രാൻസിസ് സേവ്യർ
പ്രാർത്ഥനാനിയോഗം : ഈ വർഷം തിരുപ്പട്ടവും സന്യാസവും സ്വീകരിക്കുന്നവർക്കുവേണ്ടി
സുകൃതജപം : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് നിറയണമേ.
വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ : നവമാലിക അദ്ധ്യായം 6

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ഞായർ : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.
സുകൃത മഞ്ജരി കാർഡ് നൽകുന്നു.

3 ചൊവ്വ : വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ, അസാധാരണ സമ്മേളനം. പൊതുദിവ്യകാരുണ്യസ്വീകരണം.
മാർ ജോസഫ് പാംപ്ലാനി പാതാവിന്റെ ജന്മദിനം

8 ഞായർ : അമലോത്ഭവമാതാവിന്റെ തിരുനാൾ

22 ഞായർ: ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക.
ബൈബിൾ ഞായർ

25 ബുധൻ: പിറവിത്തിരുനാൾ

28 ശനി : കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

29 ഞായർ : തിരുകുടുംബത്തിന്റെ തിരുനാൾ
31 ചൊവ്വ : വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ, ക്രിസ്കാർഡ് മത്സരം റീജിയണൽ തലങ്ങളിൽ, അൾത്താരബാലൻമാരുടെ സെമിനാർ, ടീം ക്വിസ്സ് മത്സരം, കരോൾഗാന മത്സരം, അഗതിമന്ദിര സന്ദർശനം, എം. ടി.സി. ക്ലാസ്സുകൾ.

**3. ക്രിസ്കാർഡ് നിർമ്മാണ മത്സരം**

ക്രിസ്മസ് ആഘോഷഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം റീജിയണൽ തലത്തിൽ നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഡിസംബർ 22-ാം തീയതി റീജിയണൽ തലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്നകാര്യം ഓർമ്മിപ്പിക്കുന്നു. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. (കൂടുതൽ വിവരങ്ങൾക്ക് നവംബർ മാസം ഗിരിദീപം പേജ് 41 -42, മാർഗ്ഗരേഖ പേജ് 58 എന്നിവ കാണുക).

**4. കൈയ്യെഴുത്ത് മാസിക**

മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസിക ജനുവരി 26-ാം തീയതി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57-58, നവംബർ മാസം ഗിരിദീപം പേജ് 41 എന്നിവ കാണുക.)

**5. ടീം ക്വിസ്സ് :** ഈ വർഷത്തെ ടീം ക്വിസ് 2025 ജനുവരി 25 ന് നടത്തപ്പെടും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 56, നവംബർ മാസം ഗിരിദീപം പേജ് 40 കാണുക.)

**6. ഗ്ലോറിയ നൈറ്റ് - അതിരൂപതാതല ക്രിസ്തുമസ് ആഘോഷം**

അതിരൂപതാതല ക്രിസ്തുമസ് ആഘോഷം വായാട്ടുപറമ്പ് - ആലക്കോട് മേഖലകളുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് ഡിസംബർ 23 ന് നടത്തുന്നതായിരിക്കും.

**7. നക്ഷത്ര ദൂത് :** 19 മേഖലകളുടെയും സഹകരണത്തോടെ അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടികളുടെ ക്രിസ്തുമസ് വചനസന്ദേശം ഡിസംബർ ഒന്നുമുതൽ അയക്കുന്നതായിരിക്കും.

**8. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീശോയെ

വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹ സമ്മാനം** എന്ന പേരിൽ സുകൃതമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ്ഡയറക്ടേഴ്സ് ഓരോ ദിവസത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**9. വചനമരം**

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠിക്കാൻ ശ്രദ്ധിക്കുമല്ലോ. പഠിച്ചവചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ് അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ വീടിനുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദമായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളിമുറ്റത്തും വചന മരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരിക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

## 10. ഉണ്ണീശോയ്ക്കൊരു കട്ടിൽ : പഞ്ചാബ് മിഷനിലേക്ക്

എല്ലാവർഷവും ക്രിസ്തുമസ്സിനോടനുബന്ധിച്ച് മിഷൻപ്രദേശത്തേയ്ക്ക് എല്ലാ ശാഖകളുടെയും സഹകരണത്തോടെ നാം തുക ശേഖരിച്ച് നൽകാറുണ്ടല്ലോ. ഈ വർഷം നാം സമാഹരിക്കുന്ന തുക തലശ്ശേരി അതിരൂപതയുടെ മിഷൻപ്രദേശമായ പഞ്ചാബ് മിഷനാണ് നൽകുന്നത്. അവിടെയുള്ള അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കിടക്കുവാനുള്ള കട്ടിലുകളും അനുബന്ധസൗകര്യങ്ങളും ഒരുക്കുവാനാണ് ഇപ്രാവശ്യത്തെ മുഴുവൻ തുകയും ഉപയോഗപ്പെടുത്തുക. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് **5000** രൂപയാണ്. ഒന്നോ അതിൽ കൂടുതൽ കട്ടിലുകൾക്കുള്ള തുകയോ, ഒരു കട്ടിലിനുള്ള ഭാഗികതുകകളോ നൽകണമെന്ന് ഏവരേയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ മിഷനായ പഞ്ചാബ് മിഷനെ സഹായിക്കാൻ നമുക്ക് പൂർണ്ണ മനസ്സോടെ സഹകരിക്കാം... പഞ്ചാബ് മിഷനുവേണ്ടി പ്രാർത്ഥിക്കാം.

## 11. ജീവകാരുണ്യകൂപ്പൺ

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യ കൂപ്പൺ മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും എത്തിക്കാണുമല്ലോ. കൂപ്പണിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

- 10 ലീഫുകളായിരിക്കും ഒരു കുറ്റിയിൽ ഉണ്ടായിരിക്കുക. ഒരു ലീഫിന്റെ വില 20 രൂപ.

- 10 ലീഫുകളും വിൽക്കുന്ന കുട്ടിക്ക് മാത്രമേ കമ്മീഷൻ ഉണ്ടായിരിക്കുക യുള്ളൂ.
- ബംബർ സമ്മാനങ്ങളോടൊപ്പം നാനൂറിൽ പരം സമ്മാനങ്ങൾ ഉണ്ടായി രിക്കും.
- ഒരു ലീഫിന് 4 രൂപ കുട്ടിക്കും 4 രൂപ ശാഖയ്ക്കും 4 രൂപ മേഖലയ്ക്കും എടുക്കാവുന്നതാണ്.
- ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുന്ന ബുക്കുകളുടെ (ഓരോ ബുക്കിനും 200 രൂപ വീതം) മുഴുവൻ തുകയും അതിരൂപതയിൽ ഏൽപ്പിക്കേണ്ടതാണ്.
- പൂർണ്ണമായി തീർക്കുന്ന ഓരോ 100 ബുക്കുകൾക്കും ഒരു പ്രോത്സാഹന സമ്മാനം വീതം ശാഖകൾക്ക് നൽകുന്നതാണ്.
- എല്ലാ സമ്മാനങ്ങളും നറുക്കിട്ടായിരിക്കും തീരുമാനിക്കുന്നത്.
- ഓരോ ലീഫിലും കൃത്യമായി അഡ്രസ്സും ഫോൺ നമ്പറും എഴുതാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുമല്ലോ.
- ഒരു കൂപ്പണിന് 8 രൂപ വീതമാണ് അതിരൂപതയിൽ നൽകേണ്ടത്.
- ഏറ്റവും കൂടതൽ കുറ്റികൾ വിൽക്കുന്ന കുട്ടിക്കുള്ള പ്രോത്സാഹനസ മ്മാനം മേഖല തിരിച്ച് അതിരൂപതയിൽ നിന്ന് നൽകുന്നതായിരിക്കും. ഓരോ ശാഖയിലും ഏറ്റവും കൂടുതൽ കുറ്റി വിൽക്കുന്ന കുട്ടിയുടെ പേര് വൈസ് ഡയറക്ടേഴ്സ് അതിരൂപതയിൽ അറിയിക്കേണ്ടതാണ്.
- ഫെബ്രുവരി 5-ാം തീയതി തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.
- നറുക്കെടുപ്പ് ഫെബ്രുവരി 20-ാം തീയതി നടത്തുന്നതായിരിക്കും.

## 12. വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 25-ാം തീയതി ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും  പിന്നീട് അറിയിക്കുന്നതായിരിക്കും.

## 13. ക്രിസ്റ്റീൻ ധ്യാനം

ക്രിസ്തുമസ് അവധിയോടനുബന്ധിച്ച്  5-ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഡിസംബർ 29 - 31 തിയതികളിലായി  ക്രിസ്റ്റീൻ ധ്യാനം മദർഹോമിൽ വച്ച് നടത്തപ്പെടുന്നു. കുട്ടികൾക്ക് നിർദ്ദേശം കൊടുത്ത് അവരെ ധ്യാനത്തിൽ പറഞ്ഞയക്കുമല്ലോ.

## 14. അഭിവന്ദ്യപിതാക്കൻമാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻ ഗ്രാമങ്ങൾക്കും ക്രിസ്തുമസ് - പുതുവത്സരാശംസാ

കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**15. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം വെള്ളരിക്കുണ്ട് (ഡിസംബർ - 1), പനത്തടി (ഡിസംബർ - 15), കാഞ്ഞങ്ങാട് (ഡിസംബർ 22), കാസർഗോഡ് (ഡിസംബർ - 29) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**16. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

സംസ്ഥാന സമിതി നൽകുന്ന 2023- 2024 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിന് ഗോൾഡൻ സ്റ്റാറായി തലശ്ശേരി അതിരൂപതയും; മേഖലാ തലത്തിൽ ഗോൾഡൻ സ്റ്റാറായി വെള്ളരിക്കുണ്ട്, മണിക്കടവ് മേഖലകളും, ശാഖാതലത്തിൽ ഗോൾഡൻ സ്റ്റാറായി. മണിക്കടവ്, കരുവഞ്ചാൽ, മണിപ്പാറ, വെള്ളരിക്കുണ്ട്, അട്ടക്കണ്ടം, കനകപ്പള്ളിഎന്നീ ശാഖകളും, സിൽവർ സ്റ്റാർ മേഖലയായി നെല്ലിക്കാംപൊയിൽ മേഖലയും സിൽവർ സ്റ്റാർ ശാഖയായി ചേപ്പറമ്പശാഖയും മിഷൻ സ്റ്റാറായി ഇരിട്ടി ശാഖയും അർഹരായി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ-ശാഖാ ഡയറക്ടർമാരെയും, വൈസ് ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**17. സംസ്ഥാന കലോത്സവം - തലശ്ശേരി അതിരൂപത ഓവറോൾ മൂന്നാം സ്ഥാനം കരസ്ഥമാക്കി**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2024-2025 വർഷത്തെ സംസ്ഥാന മിഷൻകലോത്സവത്തിൽ ഓവറോൾ മൂന്നാം സ്ഥാനവും, സാഹിത്യ മത്സരത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പാലക്കാട് യുവക്ഷേത്ര കോളേജിൽ വച്ച് നടന്ന കലോത്സവത്തിൽ അതിരൂപതയിൽ നിന്നും 50 ഓളം കലാ പ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ വിജയികളായവർക്കും പങ്കെടുത്തവർക്കും അവരെ ഒരുക്കിയ ഡയറക്ടർ അച്ചൻമാർക്കും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിനും മാതാപിതാക്കൾക്കും ചെറുപുഷ്പ മിഷൻലീഗ് ശാഖാ - മേഖല - രൂപത ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**18. സംസ്ഥാന കലാമത്സര വിജയികൾ**

| പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|
| **ബൈബിൾ വായന - സബ് ജൂനിയർ (Boys)** | | |
| II A - ഫെലിക്സ് അന്തീനാട്ട് | വെളിമാനം | എടൂർ |
| **സംഗീതം - സബ്ജൂനിയർ (Boys)** | | |
| II A - നഥാനിയേൽ പാമ്പാടിയിൽ | തലശ്ശേരി | തളിപ്പറമ്പ് |

| | | |
|---|---|---|
| **ക്വിസ് - സീനിയർ (Girls)** | | |
| III A എയ്ഞ്ചൽ ആനിത്തോട്ടത്തിൽ | വിമലശ്ശേരി | മേരിഗിരി |
| **പ്രസംഗം - സൂപ്പർ സീനിയർ (Boys)** | | |
| I A - ജിജോ പൂവ്വത്തുമൂട്ടിൽ | കടുമേനി | തോമാപുരം |
| **സംഗീതം - സൂപ്പർ സീനിയർ (Boys)** | | |
| I A - ജോമോൻ പറയംകുഴിയിൽ | ഉദയഗിരി | ആലക്കോട് |
| **പ്രസംഗം - സൂപ്പർ സീനിയർ (Girls)** | | |
| III A - നിമിഷ നെട്ടുനെഴുകയിൽ | ചെറുപുഴ | ചെറുപുഴ |

**സംസ്ഥാന സാഹിത്യമത്സര വിജയികൾ**

| പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|
| **കവിത - ജൂനിയർ (Girls)** | | |
| III A - ആൻ മരിയ തുണ്ടത്തിൽ | എടക്കോം | മേരിഗിരി |
| **കവിത - ജൂനിയർ (Boys)** | | |
| II A - ഡോൺ മരോട്ടിപ്പറമ്പിൽ | മണിപ്പാറ | മണിക്കടവ് |
| **ഉപന്യാസം - ജൂനിയർ (Boys)** | | |
| II A - ആന്റണി കിഴക്കേമ്യാലിൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| **കവിത - സീനിയർ (Boys)** | | |
| II A - മനാസെ കുര്യൻ പയ്യനാട്ട് | പടുപ്പ് | പനത്തടി |
| **ഉപന്യാസം - സീനിയർ (Boys)** | | |
| III A - ജിസ്റ്റോ പ്രയാറ്റിൽ | കനകപ്പള്ളി | വെള്ളരിക്കുണ്ട് |
| **കഥ - സീനിയർ (Boys)** | | |
| II A - ഐസക് തുറയ്ക്കൽ | പടുപ്പ് | പനത്തടി |
| **കഥ - സൂപ്പർസീനിയർ (Boys)** | | |
| I A - ജേക്കബ് മണ്ണാർത്തോട്ടം | നെടുംപുറംചാൽ | പേരാവൂർ |
| **കവിത - സൂപ്പർസീനിയർ (Girls)** | | |
| III A - അൽഫോൻസ മാടത്താനിയിൽ | വെളിമാനം | എടൂർ |
| **കവിത - സൂപ്പർസീനിയർ (Boys)** | | |
| II A - തോമസ് വെട്ടിയോലിൽ | പൂളക്കുറ്റി | പേരാവൂർ |

## 19. സെമിനാറുകൾ, ക്ലാസ്സുകൾ

- 03.11.2024 ന് കാലിച്ചാനടുക്കം ശാഖയിലെ കുട്ടികൾക്ക് ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ എടുത്തു.
- 10.11.2024 ന് റയറോം ശാഖയിലെ കുട്ടികൾക്ക് ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ എടുത്തു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

മാനവകുലത്തെ രക്ഷിക്കുവാൻ വിണ്ണിൽ നിന്നും മണ്ണിലവതരിച്ച ദിവ്യ രക്ഷകന്റെ ജന്മദിനമാണല്ലോ ക്രിസ്തുമസ്. ഈ പുണ്യദിനത്തിന്റെ ഒർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ കൊച്ചു കൊച്ചു ത്യാഗങ്ങളും സുകൃതങ്ങളും നന്മപ്രവർത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂട് നിർമ്മിക്കാം. ഉണ്ണീശോയുടെ എല്ലാ കൊച്ചു കൂട്ടുകാർക്കും ഒരായിരം ക്രിസ്തുമസ് മംഗളങ്ങൾ...

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുപ്പിറവി
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഫ്രാൻസിസ് സേവ്യർ
പ്രാർത്ഥനാനിയോഗം : കുഞ്ഞിപൈതങ്ങൾക്കുവേണ്ടി
സുകൃതംജപം : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് പിറക്കണമേ.
വചനം : കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:45).
പ്രവൃത്തി : ക്രിസ്തുമസിനൊരുക്കമായി ഓരോ ദിവസവും ഒരു സുകൃതജപം വീതം കുട്ടികളെ ചൊല്ലാൻ പഠിപ്പിക്കുക. 25 ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : അതിരൂപതാതലം ക്രിസ്കാർഡ് മത്സരം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ഞായർ : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക. സുകൃത മഞ്ജരി കാർഡ് നൽകുന്നു.
3 ചൊവ്വ : വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ,
അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ജന്മദിനം
8 ഞായർ: അമലോത്ഭവമാതാവിന്റെ തിരുനാൾ
22 ഞായർ : ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക.
ബൈബിൾ ഞായർ

25 ബുധൻ : പിറവിത്തിരുനാൾ
28 ശനി : കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ
29 ഞായർ : തിരുകുടുംബത്തിന്റെ തിരുനാൾ
31 ചൊവ്വ : വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

**2. ക്രിസ്കാർഡ് മത്സരം**

ക്രിസ്തുമസ് ആഘോഷഭാഗമായി തിരുബാലസഖ്യം അംഗങ്ങൾക്കായി ക്രിസ്കാർഡ് മത്സരം നടത്തുന്നു.

**നിബന്ധനകൾ**

- ആൺ പെൺ വിത്യാസം ഇല്ല
- ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായിരിക്കും മത്സരം
- ശാഖയിൽ ക്രിസ്കാർഡ് മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന കാർഡ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്.
- നിർമ്മാണസമയം രണ്ടര മണിക്കൂർ
- 15 സെ. മീ വീതിയും 21 സെ.മീ നീളവുമുള്ള ചാർട്ടു പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- ചായക്കൂട്ടുകൾ, പഴയ ക്രിസ്തുമസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഡിസംബർ 20 ന്.

**3. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീശോയെ വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹ സമ്മാനം** എന്ന പേരിൽ സുകൃതമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ്ഡയറക്ടേഴ്സ് ഓരോ ദിവസത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**4. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം പനത്തടി (ഡിസം. - 3), കാഞ്ഞങ്ങാട് (ഡിസംബർ - 17), കാസർഗോഡ് (ഡിസംബർ 31) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**5. ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ ഉപവിയുള്ളവരാകാം എന്ന അഞ്ചാം അധ്യായം പഠിക്കാം. ഈശോയുടെ ജീവിതം മുഴുവൻ ഉപവിയുടെ

തായിരുന്നു. തനിക്കുള്ളതിനെകുറിച്ചോ മറ്റുള്ളവർക്കുള്ളതിനെകുറിച്ചോ അസൂയയില്ലാത്ത മനസ്സ്. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ എല്ലാവർക്കും നന്മ ചെയ്തും തകർന്നവരെ ആശ്വസിപ്പിച്ചും ഉപവി നിറഞ്ഞ മനസ്സോടേ ജീവിക്കാം.

**6. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ഉപവിയുള്ളവരാകാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 27 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**7. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ഉപവിയുള്ളവരാകാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 28 ൽ കൊടുത്തിരിക്കുന്നത് സുവിശേഷ ത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**8. എയ്ഞ്ചൽസ് ഫെസ്റ്റ് 2025 (കലോത്സവം)**

ഈ വർഷത്തെ തിരുബാലസഖ്യ കലോത്സവം നേരത്തെ അറിയിച്ചിരു ന്നതുപോലെ 2025 ജനുവരി 11 ശനിയാഴ്ച ആലക്കോട് വച്ചാണ് നടത്തപ്പെ ടുക. മത്സരങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒക്ടോബർ മാസത്തെ ഗിരിദീപത്തിലും വാട്സ്ആപ്പിലും നൽകിയിരിക്കുന്നത് നോക്കി മനസിലാ ക്കുമല്ലോ. മേഖലകളിൽ മത്സരങ്ങൾ നടത്തി മേഖല വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് ഡിസം ബർ 30 ന് മുൻമ്പ് അതിരൂപതയിൽ എത്തിക്കുമല്ലോ...

**9. നിറംകൊടുക്കാമോ ? നവംബർ മാസത്തെ വിജയികൾ**

I അഹാന മരിയ തെരുവുകാട്ടിൽ - കോളയാട്
II എയ്ഡൻ വയലിൽ - കടുമേനി
III സേറ റോസ് - കടുമേനി

**10. നിങ്ങൾക്കറിയാമോ ? നവംബർ മാസത്തെ വിജയികൾ**

II ആൽഫ്രഡ് കുറ്റിക്കാട്ട് - കടുമേനി
II എയ്ഞ്ചലീന കാവാലത്ത് - കടുമേനി
III അന്ന കുഴിക്കാട്ട് - കോളയാട്

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"സർവ്വോപരി നിങ്ങൾക്ക് ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ.കാരണം സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു" (1 പത്രോസ് 4,8)

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഡിസംബർ മാസത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ഉണ്ണീശോയെ ഹൃദയത്തിലും ജീവിതത്തിലും സ്വീകരിക്കാൻ ഒരുങ്ങാം. ഇടവകാ ദൈവാലയത്തിൽ പുൽക്കൂട് നിർമ്മാണം കെസിവൈഎം ഏറ്റെടുത്ത് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**മേഖലകൾ / യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

ഡിസം. 01 – 25 നോമ്പ് ആരംഭം
ഡിസം. 03 – വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ
അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ജന്മദിനം
ഡിസം. 08 – പരി. മാതാവിന്റെ അമലോത്ഭവ തിരുനാൾ
ഡിസം. 25 – നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ
ഡിസം. 28 – കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ
ഡിസം. 29 – തിരുകുടുംബത്തിന്റെ തിരുനാൾ
ഡിസം. 30 – അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ പൗരോഹിത്യ സ്വീകരണ വാർഷികം
ഡിസം. 31 – വർഷാവസാനം

**ദിവ്യകാരുണ്യ കോൺഗ്രസ്സ്**

നമ്മുടെ അതിരൂപതയിൽ ദിവ്യകാരുണ്യ കോൺഗ്രസ്സ് നടക്കുകയാണല്ലോ. അതിന്റെ രണ്ടും മൂന്നും ദിവസങ്ങളിൽ (ഡിസംബർ 12,13) ദിവസങ്ങളിൽ യുവജനങ്ങൾക്കായി സിംമ്പോസിയം ക്രമീകരിച്ചിരിക്കുന്നു. രാവിലെ 10 മുതൽ 3.30 വരെയാണ് ആയിരിക്കും ദിവ്യകാരുണ്യ സിംമ്പോസിയം. സിംമ്പോസിയത്തിൽ രണ്ട് യൂത്ത് പ്രതിനിധികളെ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

### ക്രിസ്തുമസ് സന്ദേശറാലി (ബോൺനത്താലെ)

ക്രിസ്തുമസിനോടനുബന്ധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപത യുടെ നേതൃത്വത്തിൽ ഇരിട്ടിയിൽ വച്ച് ക്രിസ്തുമസ് സന്ദേശറാലി നടത്തുന്നു. എടൂർ, കുന്നോത്ത്, നെല്ലിക്കംപൊയിൽ, മണിക്കടവ്, പേരാവൂർ, ഫൊറോന കളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സന്ദേശയാത്ര നടക്കുന്നത്. ഡിസംബർ 21 ശനിയാഴ്ച വൈകുന്നേരം 4:30 ന് പയഞ്ചേരിമുക്കിൽ E-Planet -ന്റെ സമീപത്തുനിന്ന് സന്ദേശറാലി ആരംഭിക്കും. ഇരിട്ടി ടൗണിലൂടെ സഞ്ചരിച്ച് തളിപ്പറമ്പ് ഹൈവേയിലുള്ള സാൻജോസ് ബിൽഡിംഗിന്റെ മുൻപിൽ സമാ പിക്കുന്നു. ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ക്രിസ്തുമസ് സന്ദേശം നൽകും. കരോൾ ഗാനങ്ങളും നൃത്താവിഷ്കാരങ്ങളും പ്ലോട്ടുകളും സന്ദേശ റാലിയിൽ അണിനിരക്കും.

### ടൗൺ കരോൾ

കെസിവൈഎം-ന്റെ നേതൃത്വത്തിൽ 19 ഫൊറോനകളിലും ടൗൺ കരോ ളുകൾ സംഘടിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### SMYM പ്രവർത്തന വർഷ ഉദ്ഘാടനം & യുവനസ്രാണി സംഗമം

ഇടുക്കി കാൽവരി മൗണ്ടിൽ വച്ചു നടന്ന SMYM പ്രവർത്തന വർഷ ഉദ്ഘാടനത്തിലും യുവനസ്രാണി സംഗമത്തിലും SMYM സംസ്ഥാന ജനറൽ സെക്രട്ടറി അഖിൽ ചാലിൽപുത്തൻപുരയിൽ, ജോയൽ പുതുപ്പറമ്പിൽ, അബിൻ വടക്കേക്കര, വിപിൻ മാറുകാട്ടുകുന്നേൽ, അഖിൽ നെല്ലിക്കൽ എന്നിവർ പങ്കെടുത്തു.

### ഐക്യദാർഢ്യം

വഖഫ് നിയമങ്ങളുടെ പേരിൽ നീതി നിഷേധിക്കപ്പെടുന്ന കൊച്ചി മുന മ്പത്തെ ജനതയുടെ അതിജീവന പോരാട്ടത്തിന് ഐക്യദാർഢ്യം പ്രഖ്യാപി ച്ചുകൊണ്ട് തലശ്ശേരിയുടെ കരുത്തുറ്റ ക്രൈസ്തവ യുവജനത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോടൊപ്പം സമരപ്പന്തൽ സന്ദർശിച്ചു.

### സംസ്ഥാന സാഹിത്യമത്സര വിജയികൾ

KCYM സംസ്ഥാന സാഹിത്യമത്സരത്തിൽ മികവാർന്ന വിജയം കൈവ രിച്ച തലശ്ശേരി അതിരൂപതാ വിജയികൾക്ക് അഭിനന്ദനങ്ങൾ.

| പേര് വീട്ടുപേര് | മേഖല | ഇടവക |
|---|---|---|
| **കാർട്ടൂൺ രചന**<br>I - ലയന ലിസ്ബത്ത് | പേരാവൂർ | കൊളക്കാട് |
| **കവിതാ രചന**<br>I - ജോമറ്റ് അറയ്ക്കൽ | മാലോം | ചുള്ളി |
| **ഡിജിറ്റൽ പോസ്റ്റർ**<br>III - തോമസ് പുതുവേലിൽ | മണിക്കടവ് | മണിപ്പാറ |

| | | |
|---|---|---|
| **ഉപന്യാസം**<br>III - ലിബിൻ തെക്കേൽ | വായാട്ടുപറമ്പ് | മാവുംചാൽ |
| **കാർട്ടൂൺ രചന**<br>III - അബിൻ ജോ | പൈസക്കരി | പൈസക്കരി |
| **ഷോർട്ട് ഫിലിം**<br>III - മാലോം ഫൊറോന | | |

**ഹൃദ്യമായ നന്ദി......**

KCYM SMYM കുന്നോത്ത് ഫൊറോന ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. ജോൺ പോൾ പൂവത്താനിക്കൽ അച്ചന്, യുവജനങ്ങളെ ചേർത്തു നിർത്തിയതിനും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചതിനും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

**സ്വാഗതം**

KCYM SMYM കുന്നോത്ത് ഫൊറോന ഡയറക്ടറായി നിയമിതനായ ഫാ. തോമസ് പാണാംകുഴിക്ക് തലശ്ശേരി അതിരൂപത യുവജന കുടുംബത്തിലേക്ക് സ്വാഗതം.

## യുവരചന - സാഹിത്യമത്സര വിജയികൾ

**കഥാരചന**

| | | | |
|---|---|---|---|
| I | പോൾബിൻ ചാക്കോ പുതുമനഅറക്കൽ | കാവുംതല | തോമാപുരം |
| II | ഐറിൻ കുന്നത്തുശ്ശേരിയിൽ | കൊളക്കാട് | പേരാവൂർ |
| III | ജാനറ്റ് വിൽസൺ കണിയാംകുന്നേൽ | എടപ്പുഴ | എടൂർ |

**കവിതാരചന**

| | | | |
|---|---|---|---|
| I | ജോമറ്റ് അറയ്ക്കൽ | ചുള്ളി | മാലോം |
| II | അനീറ്റ തൈക്കുന്നുംപുറം | കിളിയന്തറ | കുന്നോത്ത് |
| II | ആൽഫിയ മ്യാലിൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |

**ഉപന്യാസം**

| | | | |
|---|---|---|---|
| I | മീര ബേബി കൊച്ചുമലയിൽ | എടൂർ | എടൂർ |
| II | ലിബിൻ തെക്കേൽ | മാവുംചാൽ | വായാട്ടുപറമ്പ് |
| III | ആരോഷ് അറയ്ക്കൽ | രണ്ടാംകടവ് | കുന്നോത്ത് |

**കാർട്ടൂൺ രചന**

| | | | |
|---|---|---|---|
| I | ലയന പൂവത്തുങ്കൽതാഴത്തേൽ | കൊളക്കാട് | പേരാവൂർ |
| II | അബിൻ ജോ കോയ്ക്കൽ | പൈസക്കരി | പൈസക്കരി |
| III | അജയ് ഫ്രാൻസിസ് മുണ്ടയ്ക്കാമറ്റത്തിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |

**പത്രവാർത്ത രചന**

| | | | |
|---|---|---|---|
| I | ജോമറ്റ് അറയ്ക്കൽ | ചുള്ളി | മാലോം |
| II | ജോൺ കുപ്പകുഴിയിൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |
| III | ജിതിൻ ചേലനിരപ്പേൽ | പൈസക്കരി | പൈസക്കരി |

**നോട്ടീസ് രചന**

| | | | |
|---|---|---|---|
| I | അജയ് പാറത്താനം | പൂളക്കുറ്റി | പേരാവൂർ |
| II | നിതിൻ വലിയവീട്ടിൽ | മേരിഗിരി | മേരിഗിരി |
| III | ജിസ് മേടക്കൽ | കിളിയന്തറ | കുന്നോത്ത് |

**പോസ്റ്റർ രചന**

| | | | |
|---|---|---|---|
| I | ജുവാൻ തെക്കേമുറി | കരുണാപുരം | വായാട്ടുപറമ്പ് |
| II | എമിൽ അറയ്ക്കൽ | ചുള്ളി | മാലോം |
| III | ക്രിസ്റ്റി മാങ്കുഴിയിൽ | ഏറ്റുപാറ | പൈസക്കരി |

**മുദ്രാവാക്യ രചന**

| | | | |
|---|---|---|---|
| I | ഷജിൽ കെ ജോഷി | എടൂർ | എടൂർ |
| II | സുനിൽ കുര്യൻ | മാടത്തിൽ | കുന്നോത്ത് |
| III | സ്റ്റെഫ്ന കൂനങ്കിൽ | വിളമന | നെല്ലിക്കാംപൊയിൽ |

**ഡിജിറ്റൽ പോസ്റ്റർ മേക്കിങ്**

| | | | |
|---|---|---|---|
| I | തോമസ് പുതുവേലിൽ | മണിപ്പാറ | മണിക്കടവ് |
| II | ജെയ്സ് റോയ് | മാടത്തിൽ | കുന്നോത്ത് |
| III | ജോയൽ സുനോജ് | എടക്കോം | മേരിഗിരി |

**ട്രോൾ മേക്കിങ്**

| | | | |
|---|---|---|---|
| I | മനു ജോസ് കാപ്പിൽ | തയ്യേനി | തോമാപുരം |
| II | അലൻ കൂനമ്മാക്കൽ | മണിപ്പാറ | മണിക്കടവ് |
| III | സ്ക്കറിയ ഓലിക്കൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |

**ഷോർട്ട് ഫിലിം**

| | |
|---|---|
| I | മണിക്കടവ് |
| I | മാലോം |
| II | വെള്ളരിക്കുണ്ട് |
| III | നെല്ലിക്കാംപൊയിൽ |

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത യുവരചന യുടെ ഭാഗമായി നടത്തിയ ക്വിസ് മത്സരത്തിന്റെ അതിരൂപതാതല മത്സരം ഇന്ന് തളിപ്പറമ്പ് വച്ചു നടന്നു. 14 ഫൊറോനകൾ മത്സരത്തിൽ പങ്കെടുത്തു. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ. സഹകരിച്ച എല്ലാ പ്രസിഡന്റുമാർക്കും ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും യുവ ജന സുഹൃത്തുക്കൾക്കും നന്ദി.

**അതിരൂപതാതല ക്വിസ്മത്സര വിജയികൾ**

I വെള്ളരിക്കുണ്ട്
II മണിക്കടവ്
II മാലോം
II ചെറുപുഴ
II വായാട്ടുപറമ്പ്
III ആലക്കോട്

**പോയിന്റ് നില**

| | | |
|---|---|---|
| 1 | മാലോം | **67** |
| 2 | മണിക്കടവ് | **62** |
| 3 | പേരാവൂർ | **54** |
| 4 | വെള്ളരിക്കുണ്ട് | **51** |
| 5 | കുന്നോത്ത് | **45** |
| 6 | വായാട്ടുപറമ്പ് | **45** |
| 7 | തോമാപുരം | **44** |
| 8 | എടൂർ | **43** |
| 9 | നെല്ലിക്കാംപൊയിൽ | **40** |
| 10 | ചെറുപുഴ | **37** |
| 11 | ചെമ്പന്തൊട്ടി | **34** |
| 12 | ആലക്കോട് | **27** |
| 13 | കാഞ്ഞങ്ങാട് | **27** |
| 14 | ചെമ്പേരി | **26** |
| 15 | മേരിഗിരി | **26** |
| 16 | കാസർഗോഡ് | **22** |
| 17 | പനത്തടി | **22** |
| 18 | തളിപ്പറമ്പ് | **07** |

യുവരചന തലശ്ശേരി അതിരൂപത സാഹിത്യോത്സവത്തിൽ ഓവറോൾ ജേതാക്കളായ മാലോം ഫൊറോനക്കും റണ്ണേഴ്സ് അപ്പായ മണിക്കടവ് ഫൊറോനക്കും സെക്കന്റ് റണ്ണേഴ്സ് അപ്പായ പേരാവൂർ ഫൊറോനക്കും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

മനുഷ്യവംശത്തെ വീണ്ടെടുത്ത് രക്ഷിക്കാൻ ദൈവപുത്രൻ മനുഷ്യനായി പിറന്നതിന്റെ ഓർമ്മയാചരണത്തിനായി നമ്മൾ തയ്യാറെടുക്കുകയാണല്ലോ. മാനവകുലത്തിന് അത്രമാത്രം പ്രത്യാശ നല്കുന്ന തിരുനാളാണ് ക്രിസ്തുമസ്. കൂടെ വസിക്കുന്ന ദൈവം കൂട്ടിനുണ്ട് എന്ന സത്യം മനുഷ്യജീവിതത്തിന് നല്കുന്ന ആശ്വാസവും ശക്തിയും വലുതാണ്. ഏറ്റവും അർത്ഥവത്തായി 2024 ലെ തിരുപ്പിറവി ആഘോഷത്തിൽ നമുക്ക് പങ്കുചേരാം. എല്ലാ കുടുംബങ്ങളിലും പരസ്പരം ക്രിസ്തുമസ് ഫ്രണ്ടിനെ എടുക്കുകയും ക്രിസ്തുമസ് ദിനത്തിൽ സമ്മാനങ്ങൾ കൈമാറുകയും ചെയ്യാൻ ഉത്സാഹിക്കണേ. 25 ദിവസവും ദൈവാലയത്തിൽ പോയി കുമ്പസാരിച്ചൊരുങ്ങി, വി. ബലിയിലും ആരാധനയിലും പങ്കുചേരുവാൻ പ്രത്യേകമായി ശ്രദ്ധിക്കണം. ഓരോ കുടുംബവും തങ്ങളുടെ സന്തോഷത്തിൽ മറ്റ് കുടുംബങ്ങളെ, പ്രത്യേകിച്ച് ഇല്ലായ്മകളും ദുരിതങ്ങളും അനുഭവിക്കുന്ന കുടുംബങ്ങളെ പങ്കുചേർക്കാൻ പരിശ്രമിക്കുമ്പോൾ ദൈവത്തിന് മഹത്വവും മനുഷ്യർക്ക് സമാധാനവും സംഭവിക്കുന്ന അത്ഭുതമായി ക്രിസ്തുമസ് ആഘോഷം മാറും. അതിനായി ഒത്തൊരുമിച്ച് പരിശ്രമിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

നവംബർ 14-16 തീയതികളിലായി പടന്നക്കാട് വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 140 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടു ക്കുന്നു.

| MPC - 2024 | | | |
|---|---|---|---|
| December | 19-21 | (Thursday, Saturday) | Thalassery |

- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടു ക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| January | 02-04 | (Thusday-Saturday) | Thalassery |
| January | 23-25 | (Thusday-Saturday) | Padannakkad |
| February | 13-15 | (Thusday-Saturday) | Thalassery |
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II . മാതൃവേദി

### (a) അഗതിമന്ദിര സന്ദർശനം- "മിസരിക്കോർദ്ദിയ 2024"

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതാതല ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി നവംബർ 5ന് അതിരൂപതാ ടീം അംഗങ്ങളും, ചെറുപുഴ മേഖലാ ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും ചേർന്ന് താബോർ സ്നേഹഭവൻ സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ സ്നേഹഭവൻ പരി സരം വൃത്തിയാക്കി. അന്നേ ദിവസത്തെ ഉച്ചഭക്ഷണം അമ്മമാർ സ്പോൺസർ ചെയ്തു. അതിരൂപതയിൽ നിന്നും 5000 രൂപ ധനസഹായം നല്കി.

**ഡിസംബർ മാസത്തെ അഗതിമന്ദിര സന്ദർശനം**

ഡിസംബർ 17 – അഞ്ജലി വിദ്യാനികേതൻ, മാതമംഗലം

**(b) വചനമെഴുത്ത് മത്സരം**

തലശ്ശേരി അതിരൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റും ഫാമിലി അപ്പൊസ്റ്റൊലേറ്റും സംയുക്തമായി അമ്മമാർക്കായി വചനം എഴുത്ത് മത്സരം സംഘടിപ്പിക്കുന്നു. ഈ വർഷം നാല് സുവിശേഷങ്ങളിൽ നിന്നുള്ള വചനങ്ങൾ മാത്രമായിരിക്കും എഴുതേണ്ടത്. 1 മണിക്കൂർ സമയം ആണ് ലഭിക്കുക. ഒരേ അദ്ധ്യായത്തിൽ നിന്നും തുടർച്ചയായി വചനങ്ങൾ എഴുതരുത്. എന്നാൽ ഒരേ അദ്ധ്യായത്തിൽ നിന്നും പല വചനങ്ങൾ എഴുതാം. ഡിസംബർ 10ന് ചൊവ്വ പടന്നക്കാട്, ചെറുപുഴ, ആലക്കോട്, ചെമ്പേരി, ഇരിട്ടി എന്നീ കേന്ദ്രങ്ങളിൽ വെച്ചായിരിക്കും മത്സരം ഒരേ സമയം നടത്തപ്പെടുന്നത്. കൂടുതൽ പേരെ പങ്കെടുപ്പിക്കാനും നേരത്തെ പഠിച്ചൊരുങ്ങാൻ ഓർമ്മിപ്പിക്കാനും ശ്രദ്ധിക്കുമല്ലോ.

**(c) അതിരൂപതാ ടീം തീർത്ഥാടനം**

ഒക്ടോബർ 23, 24 തീയതികളിലായി അതിരൂപതാ ഭാരവാഹികൾ തൃശ്ശൂർക്ക് തീർത്ഥാടനം നടത്തി. ഒല്ലൂർ, വേലൂർ, പുത്തൻപള്ളി എന്നീ ദൈവാലയങ്ങൾ സന്ദർശിച്ചു. ആനക്കൊട്ടിൽ, അക്വേറിയം എന്നിവിടങ്ങളിൽ വിനോദയാത്രയും നടത്തി.

**(d) വിവിധതരം മത്സരങ്ങൾ**

**1. ദമ്പതി ക്വിസ്**

ദിവ്യകാരുണ്യവർഷത്തിൽ വി. കുർബ്ബാനയുടെ അർത്ഥതലങ്ങൾ ആഴത്തിൽ മനസ്സിലാക്കുവാനായി ദമ്പതികൾക്കായി വി. കുർബ്ബാന കരുണയും കരുതലും എന്ന പുസ്തകത്തെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുകയുണ്ടായി.

**വിജയികളായവർ**

1–ാം സമ്മാനം : സണ്ണി & സലില അറയ്ക്കൽ – ചുള്ളി യൂണിറ്റ്

2–ാം സമ്മാനം : അഖിൽ & ചിന്നു മാമ്മൂട്ടിൽ – പെരുമ്പടവ് യൂണിറ്റ്

3–ാം സമ്മാനം : ആന്റണി & ആൻസി പുളിയൻമാക്കൽ – പൈസക്കരി യൂണിറ്റ്

**(e) ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

- നവംബർ 22ന് ദിവ്യകാരുണ്യവർഷ പ്രതിമാസ ഓൺലൈൻ ആരാധന നടത്തി.

**അടുത്ത മാസത്തെ ഓൺലൈൻ ആരാധന**

- ഡിസംബർ 20 – 8.00 pm – 09.00 pm

**(f) ഡിസംബർ മാസത്തെ മാർഗ്ഗരേഖ**

1 – 25 നോമ്പാരംഭം 25 ദിവസവും സാധിക്കുന്നിടത്തോളം അമ്മമാർ വി. കുർബ്ബാനയിൽ സംബന്ധിക്കുക. നോമ്പെടുത്ത് പ്രത്യേക നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക. ലോക എയ്ഡ്സ് ദിനത്തിൽ എല്ലാ എയ്ഡ്സ് രോഗികൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

3 – ലോക ഭിന്നശേഷി ദിനത്തിൽ ഓരോ യൂണിറ്റിലുമുള്ള വികലാംഗർ ആയിട്ടുള്ള ആളുകളെ സന്ദർശിച്ച് അവർക്ക് സമ്മാനങ്ങൾ നല്കുക. മേഖലാതലത്തിൽ ഇത്തരം ആളുകൾക്കായുള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് സഹായങ്ങൾ ചെയ്യുക.

6 – സന്ധ്യയോടെ എടൂർ, ആലക്കോട് എന്നിവിടങ്ങളിൽ നിന്നും ചെമ്പേരി ബസിലിക്കയിലേക്ക് നടത്തപ്പെടുന്ന മരിയൻ തീർത്ഥാടനത്തിൽ പരമാവധി എല്ലാവരും പങ്കെടുക്കുക.

8 – അമലോത്ഭവ തിരുനാൾ – കാഴ്ചസമർപ്പണം നടത്തി പാവപ്പെട്ട കുടുംബത്തിലെ ഒരു കുഞ്ഞിന് പഠന സഹായം നല്കുക.

9 – അഖിലലോക അഴിമതി വിരുദ്ധ ദിനത്തിൽ സമൂഹത്തിൽ നടമാടുന്ന അഴിമതിക്കെതിരെ ഉചിതമായ ബോധവത്ക്കരണം നടത്തി അമ്മമാർ അഴിമതി വിരുദ്ധ പ്രതിജ്ഞ ചൊല്ലുക. (യൂണിറ്റ് തലത്തിൽ)

10 – മനുഷ്യാവകാശ ദിനത്തിൽ മേഖലാതലത്തിൽ മനുഷ്യാവകാശങ്ങളെക്കുറിച്ച് പ്രത്യേകിച്ച് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരണം നല്കാനുതകുന്ന സെമിനാർ നടത്തുക.

11 – ദിവ്യകാരുണ്യ വർഷസമാപനത്തോടനുബന്ധിച്ച് ഡിസംബർ 11–14 വരെ തോമാപുരത്ത് വച്ച് നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിലും ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും പരമാവധി അമ്മമാർ പങ്കുചേരുക.

17 – അതിരൂപതാതല ജീവകാരുണ്യപ്രവർത്തനം @ അഞ്ജലി വിദ്യാനികേതൻ, മാതമംഗലം.

18 – ഇന്ത്യയിലെ ന്യൂനപക്ഷാവകാശ ദിനത്തിൽ ഇന്ന് ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അതിരൂപത നടത്തുന്ന വെബിനാറിൽ സംബന്ധിക്കുക. യൂണിറ്റ് തലത്തിൽ ഉചിതമായ വിധത്തിൽ ന്യൂനപക്ഷാവകാശദിനം ആചരിക്കുക. വെബിനാർ @ 8.00 pm

20 – ദിവ്യകാരുണ്യവർഷ ഓൺലൈൻ ആരാധന,
സന്ദേശം (8.00 pm – 09.00 pm)

26 – വി. സ്തേഫാനോസിന്റെ തിരുനാൾ ദിനത്തിൽ വിവിധ ഇടങ്ങളിൽ രക്തസാക്ഷികളായവർക്കുവേണ്ടി പ്രാർത്ഥിക്കുക.

27 – വി. യോഹന്നാന്റെ തിരുനാൾ ദിനത്തിൽ യോഹന്നാൻ നാമധാരികളെ ആദരിക്കുക. വി. യോഹന്നാന്റെ സുവിശേഷം 21:20–25 വരെയുള്ള ഭാഗം വായിക്കുകയും സന്ദേശങ്ങൾ നല്കുകയും ചെയ്യുക.

28 – കുഞ്ഞിപൈതങ്ങളുടെ തിരുനാൾദിനത്തിൽ 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുക.

29 – തിരുക്കുടുംബദിനം – കുടുംബാംഗങ്ങൾ എല്ലാരും ഒത്തുചേർന്ന് വ്യത്യസ്തമായ പരിപാടികളോടെ കുടുംബദിനമായി ആചരിക്കുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

**1. കുടുംബകരോൾഗാനമത്സരം**

**(ഡിസംബർ 23 തിങ്കൾ 10am @ സന്ദേശഭവൻ)**

1. കുറഞ്ഞത് 10 ടീമെങ്കിലും ഉണ്ടെങ്കിലേ മത്സരം നടത്തുകയുള്ളൂ. **പങ്കെടുക്കുന്ന ടീമുകൾ ഡിസംബർ 10നു മുമ്പായി പേര് ഫാമിലി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് (9400206974).**
2. ഒരേ കുടുംബത്തിലെ അംഗങ്ങളായിരിക്കണം പാടേണ്ടത്.
3. രജിസ്ട്രേഷൻ ഫീസ് 250 രൂപ
4. ഏറ്റവും കുറഞ്ഞത് മൂന്നു പേരെങ്കിലും ഒരു ടീമിൽ ഉണ്ടായിരിക്കണം.
5. ടീമുകൾ അവർ ഒരേ കുടുംബത്തിലെ അംഗങ്ങൾ ആണെന്നു തെളിയിക്കുന്ന വികാരിയച്ചന്റെ കത്ത് ഹാജരാക്കണം.
6. ഏതെങ്കിലും ഒരു കരോൾഗാനമായിരിക്കണം പാടേണ്ടത്. (പല ഗാനങ്ങളിലെ ഭാഗങ്ങൾ ചേർത്ത് പാടരുത്)
7. കരോക്കെ ഉപയോഗിക്കാം, സൗണ്ട് ഇവിടെ നിന്നു നല്കുന്നതാണ്.
8. വേഷവിധാനം പരിഗണിക്കുന്നതാണ്.

**2. നക്ഷത്ര നിർമ്മാണ മത്സരം**

ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന നക്ഷത്രങ്ങൾ നിർമ്മിച്ച് അതിന്റെ വീഡിയോ അയച്ചുതരിക.

**3.** എല്ലാ യൂണിറ്റിലും ക്രിസ്തുമസ് ഫ്രണ്ട് എടുത്ത് പ്രാർത്ഥിക്കുക. സമ്മാനങ്ങൾ നല്കുക. കൂടാതെ എല്ലാ മേഖലകളിലും ഭാരവാഹികൾ ക്രിസ്തുമസ് ഫ്രണ്ട് എടുക്കുകയും യൂണിറ്റ് പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ച് ഏതെങ്കിലും സ്ഥലത്ത് വച്ച് ക്രിസ്തുമസ് ആഘോഷം സമുചിതമായി നടത്തുകയും ചെയ്യുക.

**4.** ദൈവവചന എഴുത്ത് മത്സരം ഡിസംബർ 10 ചൊവ്വ 11.00am –12.00 pm പരമാവധി അമ്മമാർ പങ്കെടുക്കുക. (സുവിശേഷങ്ങളിൽ നിന്ന് മാത്രം)

5. അതിരൂപത മാതൃവേദി ജനറൽ ബോഡി. അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഡിസംബർ 16, 9.30am @ തളിപ്പറമ്പ്

## III. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ **syromalabarmatrimony.org** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

### IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191.

### V. പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. **Web Site: www.prolifemarry.com**

### VI. മരിയൻ സിംഗിൾസ്

ഏകസ്ഥരായ ചേച്ചിമാരുടെ കൂട്ടായ്മ നവംബർ 20-21 തീയതികളിൽ സന്ദേശഭവനിൽ വച്ച് നടത്തി. 17 ചേച്ചിമാർ പങ്കെടുത്തു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ആരാധന, ദിവ്യബലി, ക്ലാസ്സ്, ചർച്ച എന്നിവ അവർക്കായി സംഘടിപ്പിച്ചു.

### VII. യാത്രയയപ്പ്, സുസ്വാഗതം

കഴിഞ്ഞ ആറുമാസക്കാലമായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനു ശേഷം അടുത്ത റീജൻസിക്കായി കരുവൻചാൽ പ്രീസ്റ്റ് ഹോമിലേക്ക് പോകുന്ന ബ്രദർ നിഖിൽ ആലപ്പാട്ടിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സേവനമനുഷ്ഠിക്കാനായി കടന്നു വന്നിരിക്കുന്ന ബ്രദർ സ്കറിയ പായിക്കാട്ടിന് ഹൃദ്യമായി സ്വാഗതമാശംസിക്കുന്നു.

### VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com
### Web Site: www.familytly.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ തീക്ഷണയോടെ പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ലോകം അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്കൂളും പഠനസാഹചര്യങ്ങളും മാറ്റത്തിന് വിധേയമാകുന്നു ഒപ്പം മാതാപിതാക്കളുടെയും കുട്ടികളുടെയും സമൂഹത്തിന്റെയും മനോഭാവങ്ങളും. നമ്മുടെ പ്രവർത്തനശൈലിയിലും സമൂലമായ മാറ്റങ്ങൾ അനിവാര്യമാണ്. കുട്ടികളോടുള്ള ഇടപെടലുകളിൽ അധ്യാപകർ വളരെ ജാഗ്രതയും ശ്രദ്ധയും പുലർത്തേണ്ടതുണ്ട്. സമീപകാല അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നതും അതു തന്നെയാണ്. കുട്ടികളെ നമ്മൾ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം ആവശ്യമായ തിരുത്തലുകളും യഥാസമയം നൽകണം. ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യം അതാണ് കുട്ടികളിൽ നിന്ന് അധികാരികൾ പ്രതീക്ഷിക്കുന്നത്. മാതാപിതാക്കളോടുള്ള ബന്ധവും ഊഷ്മളമായിരിക്കണം. കുട്ടികളിൽ കാണുന്ന പ്രകടമായ സ്വഭാവ വ്യത്യാസങ്ങൾ അതതു സമയങ്ങളിൽ മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തണം. ഓരോ കുട്ടിയെയും സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കരുതലിന്റെ കാവലാളായി മാറിക്കൊണ്ട് ഓരോ അധ്യാപകനും തങ്ങളുടെ ജോലി ഭംഗിയായി നിർവ്വഹിക്കട്ടെ.

**സന്മാർഗ്ഗ – മതബോധന വാർഷിക പരീക്ഷ 2024 – 2025**

ഈ അധ്യയന വർഷത്തെ സന്മാർഗശാസ്ത്രത്തിന്റെയും മതബോധനത്തിന്റെയും വാർഷിക പരീക്ഷ **2025 ജനുവരി 16, 17** വ്യാഴം, വെള്ളി ദിവസങ്ങളിലായാണ് നടത്തുന്നത്.

വാർഷിക പരീക്ഷക്ക് 1 മുതൽ 12 വരെ ക്ലാസുകളിൽ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.

**പരീക്ഷയുടെ സമയം**

**വ്യാഴം :** ക്ലാസ് 1 മുതൽ 12 വരെ

– ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.30 വരെ – സന്മാർഗ ശാസ്ത്രം

**വെള്ളി :** ക്ലാസ് 1 മുതൽ 10 വരെ

– ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ – മതബോധനം

**താഴെ പറയുന്ന സെന്ററുകളിൽ നിന്ന് 14/01/2025 മുതൽ ചോദ്യപേപ്പർ പേക്കറ്റുകൾ എടുക്കാവുന്നതാണ്.**

- പേരാവൂർ എച്ച്.എസ്, എടൂർ എച്ച്എസ്, കിളിയന്തറ എച്ച്.എസ്, വയത്തൂർ യുപി, ചെമ്പേരി എച്ച്.എസ്, വായാട്ടുപറമ്പ എച്ച്.എസ്, ചെറുപുഴ എച്ച്.എസ്, വെള്ളരിക്കുണ്ട് എച്ച്.എസ്.

## മാസ്റ്റർ മൈൻഡ് 2 k 24

സ്കൂൾതല പരീക്ഷ ഡിസംബറിൽ നടത്തുന്നു. അതിൽ 70% –ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവരെ കോർപ്പറേറ്റ്തല പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതാണ്. സ്കൂൾതല പരീക്ഷയുടെ ചോദ്യ മാതൃക ഒരു കോപ്പി സ്കൂളിൽ എത്തിക്കുന്നതായിരിക്കും. കോർപ്പറേറ്റ് തലത്തിലുള്ള പരീക്ഷ ജനുവരി ആദ്യവാരം നടത്തും.

## കരോൾ ഗാനമത്സരം

ക്രിസ്തുമസ് കരോൾ ഗാന മത്സരം ഡിസംബർ 14 ന് ചെമ്പേരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. ഇരിട്ടി റീജിയൺ 4 ടീം, ചെമ്പേരി റീജിയൺ 3 ടീം, ചെറുപുഴ റീജിയൺ 3 ടീമുകൾക്ക് മത്സരിക്കാവുന്നതാണ്. രജിസ്ട്രേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 8 ആണ്.

ഫോൺ നമ്പർ 1) ഇരിട്ടി : 9961430203
2) ചെമ്പേരി : 9656519645
3) ചെറുപുഴ : 6238116358

## സ്നേഹത്തണൽ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും ആഭിമുഖ്യത്തിൽ പണിത് കൊടുക്കുന്ന സ്നേഹവീട് പദ്ധതിയിലെ അഞ്ചാമത്തെ വീടിന്റെ ആശീർവാദകർമ്മവും താക്കോൽകൈമാറ്റവും അറബിയിൽ നടന്നു. അറബി സെന്റ് ജോസഫസ് യുപി സ്കൂളിലെ വിദ്യാർത്ഥിയായ അബിയ ബെന്നിക്ക് വേണ്ടി പണിത വീടിന്റെ ആശീർവാദ കർമ്മം മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ താക്കോൽ കൈമാറി. ടീച്ചേഴ്സ് ഗിൽഡ് അതിരൂപത ഭാരവാഹികൾ സംബന്ധിച്ചു. നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അറബി സെന്റ് ജോസഫ്സ് പള്ളി വികാരി ഫാ. ജോസഫ് കോയിപ്പുറം, കൈക്കാരന്മാർ, പിടിഎ ഭാരവാഹികൾ എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങളും. പ്രാർത്ഥനകളും.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### ജൂബിലി ആഘോഷം

ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ടിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷം തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം വിമൽജ്യോതി ഓഡിറ്റോറിയത്തിൽ വച്ച് ഉദ്ഘാടനം ചെയ്യുന്നു. സമീപം ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ് ഞറളക്കാട്ട്, ഫാ. ജെയിംസ് ചെല്ലങ്കോട്ട്, ഫാ. മാത്യു മുളയോലിൽ, കോളേജ് ചെയർമാൻ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലക്കുഴി, ഡോ. ജോർജ് കാഞ്ഞിരക്കാട്ട് (ചെമ്പേരി ബസലിക്ക റെക്ടർ), ഡോ. ബെന്നി ജോസഫ് (പ്രിൻസിപ്പൽ, വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്), ഡോ. ജിനു വടക്കേമുളഞ്ഞിനാൽ (പ്രിൻസിപ്പൽ, എം.ബി.എ. കോളേജ്), ഫാ. ജെയ്സൺ ആനിക്കാത്തോട്ടത്തിൽ തുടങ്ങിയവർ.

### പ്ലേസ്മെന്റ് വാർത്തകൾ November 2024

മൾട്ടി നാഷണൽ കമ്പനിയായ SUTHERLAND GLOBAL ഡിസംബർ രണ്ടാം വാരത്തിൽ വിമൽജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി ക്യാംപസ് റിക്രൂട്ട്മെന്റ് നടത്തുന്നു. 100 ലധികം ഒഴിവുകൾ നിലവിലുണ്ട്. പ്രതിമാസം 22,000/ രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു. 170 കുട്ടികൾ പങ്കെടുക്കുന്നു.

ഡിസൈൻ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ ELEATION, സിവിൽ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി നവംബർ 5-ാം തീയതി നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ 7 വിദ്യാർത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സെക്ഷൻ പ്രോസസ്സ് ഡിസംബർ ആദ്യവാരത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

TECH MAHINDRA അവരുടെ ചെന്നൈ ഓഫീസിൽ നിലവിലുള്ള 50 ഓളം ഒഴിവുകളിലേയ്ക്കായി 2024, 2025 അധ്യയനവർഷങ്ങളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്കായി നവംബർ 18, 20 തീയതി, MES Engineering college, കുറ്റിപ്പുറത്ത് വെച്ച് ഒരു pool campus drive സംഘടിപ്പിക്കുന്നു. വിമൽജ്യോതിയിൽ നിന്നും 70 വിദ്യാർത്ഥികൾ ഈ റിക്രൂട്ട്മെന്റിൽ പങ്കെടുക്കുന്നു.

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രോഡക്റ്റ് ഡെവലപ്മെന്റ് കമ്പനിയായ GD Technologies, നവംബർ 13-ാം തീയതി ക്യാംപസ് റിക്രൂട്ട്മെന്റ് നടത്തുന്നു. 2025 ജനുവരി പകുതിയോടെ സെക്ഷൻ പ്രോസസ്സ് പൂർത്തിയാകുമെന്ന് കരുതുന്നു.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

## SANTHITHEERAM
### INSTITUTE OF FAMILY & MENTALHEALTH
**തലശ്ശേരി അതിരൂപതയുടെ മനശാസ്ത്ര കൗൺസിലിംഗ് സെന്റർ**

## SIFAM ഒരുക്കുന്ന 'ഏകദിന വിവാഹ ഒരുക്ക സെമിനാർ'
**(PRE MARITAL PSYCHOLOGICAL WORKSHOP)**

- **എന്തുകൊണ്ട് ഇതിൽ പങ്കെടുക്കണം?**
  സന്തോഷകരമായ കുടുംബജീവിതത്തിന് ഇത് നിങ്ങളെ ഒരുക്കും. ജീവിതകാലം മുഴുവൻ നിലനില്ക്കുന്ന ഒരു ബന്ധത്തിന് തീർച്ചയായും തയ്യാറെടുപ്പ് വേണം. നിങ്ങൾ തമ്മിലുള്ള സ്നേഹമാണ് കുട്ടികൾക്ക് കൊടുക്കുന്ന ഏറ്റവും വലിയ സമ്മാനം.

- **ക്ലാസ്സുകൾ**

സ്ത്രീ പുരുഷമനശാസ്ത്രം (Male and Female psychology Mr. Dr. Bipin John and Mrs. Josmi Bipin)

ആഴബന്ധവും ആശയവിനിമയവും (Communication and Intimacy in married life) Dr. Seban Cheripurath (Psychologist)

ഗർഭധാരണവും ശിശുപരിചരണവും (Pregency and Child birth cases) Dr. Reena SH (Gynecologist)

സാമ്പത്തിക ആസൂത്രണം കുടുംബജീവിതത്തിൽ (Financial Management) Muhammed Ashkar CA

കുട്ടികളെ എങ്ങനെ വളർത്തണം (Perenting Kids) Adv. Rapina Shaj

- എവിടെ : (SIFAM COUNSELLING CENTRE, NAYANAR ROAD, THALASSERY)
- എന്ന് : December 29 *(തുടർന്ന് എല്ലാ മാസാവാസാന ഞായറാഴ്ചകളിലും)*
- സമയം : 9.30 മുതൽ 4.30 വരെ.
- ഫീസ് : 1000/Person including lunch and materials
  *വിവാഹത്തിന് തയ്യാറെടുക്കുന്ന എല്ലാ യുവതീ യുവാക്കൾക്കും പങ്കെടുക്കാം. FOR Booking : 8281444094, 9562420293.*

**ഫാ. റെന്നി അരീപ്ലാക്കൽ**
*അസോ. ഡയറക്ടർ*

**ഫാ. സെബാൻ ചെരിപുറത്ത്**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് പ്രവർത്തനങ്ങൾ

### കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ എക്സിക്യൂട്ടീവ്

7-11-24 ന് പനത്തടി സെന്റ് ജോസഫ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ എക്സിക്യൂട്ടീവ് യോഗതീരുമാനങ്ങൾ:

1. റബ്ബർ വിലയിടിവിന് എതിരെ 19 ഫൊറോനയിലും റബ്ബർ ബോർഡ് ഓഫീസുകളുടെ മുൻപിലോ വില്ലേജ് ഓഫീസുകൾക്ക് മുൻപിലോ പ്രതിഷേധ സമര പരിപാടികൾ നടത്തുവാൻ നിശ്ചയിച്ചു.
2. മുനമ്പം സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോപ്പം മുനമ്പത്ത് സമരപ്പന്തൽ സന്ദർശിക്കുവാനും ഉപവാസം ഇരിക്കുവാനും തീരുമാനിച്ചു.
3. ഡിസംബർ പത്തിന് നെല്ലിക്കംപൊയിൽ ഫൊറോനയിൽ വച്ച് അടുത്ത അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു.

### പൊതു പ്രവർത്തനങ്ങൾ

1. കുടിയിറക്ക് ഭീഷണി നേരിടുന്ന മുനമ്പം നിവാസികൾ നടത്തുന്ന സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ പത്തിനും തുടർന്നുള്ള ദിവസങ്ങളിലുമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 210 കേന്ദ്രങ്ങളിൽ മുനമ്പം ഐക്യദാർഢ്യ സമ്മേളനങ്ങൾ നടത്തി. അതിരൂപതാതല ഉദ്ഘാടനം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ പാലാവയൽ ഇടവകയിൽ നിർവഹിച്ചു. തലശ്ശേരി അതിരൂപതാ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി മണിപ്പാറ ഇടവകയിലും, കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ചെറുപുഴയിലും, ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നേൽ പയ്യന്നൂരും, ചെമ്പേരി ലൂർദ് മാതാ ബസലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് ചെമ്പേരിയിലും, ജനറൽ സെക്രട്ടറി ജിമ്മി

ആയിത്തമറ്റം കുടിയാൻമലയിലും മുനമ്പം ഐക്യദാർഢ്യ സദസ്സ് ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡണ്ട്മാർ, സെക്രട്ടറിമാർ, ഗ്ലോബൽ സെക്രട്ടറിമാർ, ബഹു. ഫൊറോന വികാരിയച്ചൻമാർ, ബഹു. ഇടവക വികാരിയച്ചന്മാർ കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോന, യൂണിറ്റ് ഭാരവാഹികൾ എന്നിവർ വിവിധ ഇടങ്ങളിൽ മുനമ്പം ഐക്യദാർഢ്യ പരിപാടികൾക്ക് നേതൃത്വം നൽകി.

2. സമരം നടത്തുന്ന മുനമ്പം നിവാസികൾക്ക് പിന്തുണ അറിയിച്ചുകൊണ്ട് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നേൽ എന്നിവരുടെയും നേതൃത്വത്തിൽ 75 ഓളം കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ മുനമ്പം സമരപ്പന്തലിൽ എത്തി ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ഉപവാസസമരം നടത്തി.
3. കത്തോലിക്കാ കോൺഗ്രസ് പടുപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി.
4. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് തടയാൻ നടപടി സ്വീകരിക്കുക, വന്യമൃഗശല്യത്തിൽ നിന്നും കർഷകരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കുക, ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുക, 400 കെ വി ലൈൻ പദ്ധതിയിലെ ആശങ്ക പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് മണിക്കടവ് ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ സദസ്സ് നടന്നു. മണിക്കടവ് ടൗണിൽ നടന്ന പ്രതിഷേധസദസും റാലിയും കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഉദ്ഘാടനം ചെയ്തു. മണിക്കടവ് ഫൊറോന വികാരി വെരി റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത പ്രൊക്യൂറേറ്റർ റവ. ഡോ. ജോജി കക്കരമറ്റം മുഖ്യഭാഷണം നടത്തി. ജിമ്മി ആയിത്തമറ്റം, ബഹു. ഫാ. ജോമറ്റ് മഞ്ഞളാംകുന്നേൽ, ബിജു ഒറ്റപ്ലാക്കൽ, ബെന്നിച്ചൻ മഠത്തിനകം, വർഗീസ് പള്ളിച്ചിറ എന്നിവർ പ്രസംഗിച്ചു.
5. കിളിയന്തറ കത്തോലിക്ക കോൺഗ്രസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി അതിരൂപത സംരംഭമായ ബയോ മൗണ്ടൻ കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ വില്പന കേന്ദ്രം കത്തോലിക്കാ കോൺഗ്രസ് സൺഡേ മാർക്കറ്റ് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. അതിരൂപത മുഖ്യ വികാരി ജനറൽ മോൺ. ആൻറണി മുതുകുന്നേൽ ഉദ്ഘാടനം നിർവഹിച്ചു. കിളിയന്തറ ഇടവക വികാരി റവ. ഫാ. സിബി ആനക്കല്ലിൽ അധ്യക്ഷത വഹിച്ചു.

### സംഘടനാ പ്രവർത്തനങ്ങൾ

1. മണിപ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ വാർഷിക പൊതുയോഗവും സമുദായ ശക്തീകരണ സമ്മേളനവും 2024 ഒക്ടോബർ 27 മണിപ്പാറ പാരിഷ്

ഹാളിൽ വച്ച് നടന്നു. മണിക്കടവ് ഫൊറോന വികാരി പെരിയ ബഹു. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ബഹു. ഫാ. ജോസഫ് കുരിശുംമൂട്ടിൽ അധ്യക്ഷത വഹിച്ചു. മണിക്കടവ് ഫൊറോന ഡയറക്ടർ ബഹു. ഫാ. ജോർജ് ഇലവുംകുന്നേൽ, അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി അയിത്തമറ്റം, ബിജു ഒറ്റപ്ലാക്കൽ, ബെന്നിച്ചൻ മഠത്തിനകം എന്നിവർ സംസാരിച്ചു.

2. മുളപ്ര ഇടവകയിൽ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കത്തോലിക്കാ സമുദായ സംഘത്തിന്റെ ഉദ്ഘാടനം റവ. ഫാ. ബെന്നി നിരപ്പേൽ നിർവഹിച്ചു. അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു.
3. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കോട്ടയം റബർ ബോർഡ് ഓഫീസിന് മുന്നിൽ നടന്ന റബ്ബർ കർഷക കണ്ണീർ ജ്വാലയിൽ ഫാ. ഫിലിപ്പ് കവിയിലിന്റെയും ടോണി ജോസഫ് പുഞ്ചക്കുന്നലിന്റെയും നേതൃത്വത്തിൽ പ്രവർത്തകർ പങ്കെടുത്തു.
4. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയിൽ സീറോ മലബാർ സഭയുടെ വൈദിക പ്രതിനിധിയായി നിയമതിനായ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ബഹു. ഫിലിപ്പ് കവിയിലച്ചന് പനത്തടിയിൽ ചേർന്ന അതിരൂപത എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികൾ ആശംസകൾ നേർന്നു.
5. കത്തോലിക്ക കോൺഗ്രസ് മാട്ടറ യൂണിറ്റ് സമുദായ ശാക്തീകരണ സെമിനാർ നവംബർ 9 ശനിയാഴ്ച മാട്ടറ പാരീഷ് ഹാളിൽ വച്ച് മണിക്കടവ് ഫൊറോന വികാരി വെരി. റവ. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ബഹു. ഫാ. ജോർജ് ഇലവുംകുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജിമ്മി ആയിത്തമറ്റം, വർഗീസ് പള്ളിച്ചിറ, ബിജു ഒറ്റപ്ലാക്കൽ, എന്നിവർ സംസാരിച്ചു.

**6. കത്തോലിക്കാ കോൺഗ്രസ് പനത്തടി ഫൊറോന കൺവെൻഷൻ**

ഫൊറോന വികാരി പെരിയ ബഹു. ഫാ. ജോസഫ് വാരണത്ത് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ സമുദായ ശാക്തീകരണത്തേക്കുറിച്ച് മുഖ്യഭാഷണം നടത്തി. കൺവെൻഷനിൽ ഫൊറോന പ്രസിഡണ്ട് ജോണി തോലമ്പുഴ അധ്യക്ഷത വഹിച്ചു. അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത്, ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചകുന്നേൽ, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ഫൊറോന ഡയറക്ടർ ബഹു. ഫാ. അനീഷ് ചക്കിട്ടമുറിയിൽ, ഗ്ലോബൽ സെക്രട്ടറി പീയൂസ് പറയിടം എന്നിവർ സംസാരിച്ചു

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

### 1. പ്രോത്സാഹന സമ്മാനം

നവംബർ മാസത്തിലെ കുടുംബക്കൂട്ടായ്മയും നിർദ്ദിഷ്ട ചർച്ചാ വിഷയവും ഭംഗിയായി നടന്നല്ലോ. ഇതിനോടകം അറിയിച്ചിരുന്നതു പോലെ, 2024–ൽ നൽകപ്പെട്ട നിർദ്ദേശങ്ങൾ പാലിച്ചും മാതൃകാപര മായും കുടുംബക്കൂട്ടായ്മകൾ നടത്തിയ ഇടവകകൾക്കുള്ള കുടുംബ ക്കൂട്ടായ്മകൾ നടത്തിയ ഇടവകകൾക്കുള്ള സമ്മാനം 2025 ഫെബ്രു വരി 1 ശനിയാഴ്ച നടത്തപ്പെടുന്ന ഇടവകാ കോർഡിനേറ്റർമാരുടെ സമ്മേളനത്തിൽവച്ച് നൽകുന്നതാണ്. 2024 – ജനുവരി മുതൽ ഡിസം ബർ വരെ നടത്തപ്പെട്ട കുടുംബക്കൂട്ടായ്മകളുടെ ഏകീകരിച്ച ഒരു റിപ്പോർട്ട് 2025 ജനുവരി 10–നകം ഓഫീസിൽ നൽകേണ്ടതാണ്. ലഭ്യ മാകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അതിരൂപതാതല സമ്മാ നങ്ങളും ഫൊറോനാതല ഒന്നും രണ്ടും സ്ഥാനങ്ങൾക്കുള്ള സമ്മാന ങ്ങളും നൽകുന്നതാണ്.

### 2. ഇടവക കോർഡിനേറ്റർമാരുടെ സമ്മേളനം

2025 ഫെബ്രുവരി 1 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ തളിപ്പറമ്പ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിൽ എല്ലാ ഇടവക കോർഡിനേറ്റർമാരും കൃത്യ സമയത്ത് എത്തിച്ചേരുമല്ലോ. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കോർഡിനേറ്റർക്ക് അസൗകര്യം വന്നാൽ പകരം ഒരാളെ നിർബന്ധമായും വിടേണ്ടതാണ്.

### 3. റിപ്പോർട്ട് – 2024

ഇടവകാതല റിപ്പോർട്ടുകൾ അയക്കേണ്ട മേൽവിലാസവും വാട്സാപ്പ് നമ്പറും ശ്രദ്ധിക്കുക.

a) വാട്സാപ്പ് നമ്പർ : 8330 870228.

b) Postal Address : Director, FRUITS
Archbishop's House
Thalassery - 670 101, PB No 70, Kannur

**4. ക്രിസ്തുമസ് ഒരുക്കം**

a) കുടുംബക്കൂട്ടായ്മകളുടെ നേതൃത്വത്തിൽ ഇടവകയോട് ചേർന്ന് അതിരൂപതാതല മരിയൻ തീർത്ഥാടനത്തിൽ പങ്കെടുക്കുക.

b) അനാഥാലയം/ വൃദ്ധമന്ദിരം / ബാലഭവൻ സന്ദർശിച്ച് ക്രിസ്തുമസ് ആഘോഷം നടത്തുക.

c) 25 ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.

d) കുടുംബക്കൂട്ടായ്മയിൽ കുടുംബതല ക്രിസ്തുമസ് ഫാമിലി ഫ്രണ്ട് എടുക്കുക.

e) കൃത്യതയോടെ കുടുംബക്കൂട്ടായ്മയിൽ പങ്കെടുക്കുക.

f) നിർദ്ദിഷ്ട ചർച്ചാവിഷയം ചർച്ച ചെയ്ത് റിപ്പോർട്ട് അതിരൂപതാ ഓഫീസിലേക്ക് അയയ്ക്കുക.

**5. ദിയാക്കോണിയ**

അതിരൂപതാതല ദിയോക്കോണിയ സംഗമം 2025 ഫെബ്രുവരി 01 ന് ശനിയാഴ്ച രാവിലെ 11 മണിക്ക് തളിപ്പറമ്പ് ഫൊറോനാ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ കൂടുന്ന പ്രസ്തുത സമ്മേളനത്തിൽ എല്ലാ അപ്പൊസ്റ്റൊലേറ്റുകളുടെയും അതിരൂപതാതല ഭാരവാഹികൾ പങ്കെടുക്കുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**സ്പോട്ട് കൗൺസിലിംഗ്**

ആദം മിനിസ്ട്രിയുടെ ഭവന ശുശ്രൂഷയുടെ ഭാഗമായി ബത്തേരി, മാനന്തവാടി ഭാഗങ്ങളിലെ സഹോദരങ്ങളുടെ ഭവനങ്ങളിൽ മാനന്തവാടി രൂപത മേരി മാതാ കോളേജ് പ്രൊഫസർ റവ. ഫാ. ജെറി ഓണംപള്ളി യുടെ സഹായത്തോടെ നവംബർ 1, 2 തീയതികളിൽ കൗൺസിലിംഗ് നൽകി.

**ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി**

മാസാധ്യ ഞായറാഴ്ച ആലക്കോട് സമൂഹത്തിലെ അംഗങ്ങൾ ഒന്നിച്ച് ചേർന്ന് ബലി അർപ്പിക്കുകയും, തുടർന്ന് വി. കുർബാനയിലെ ഗാനങ്ങളും, പ്രാർത്ഥനകളും പരിശീലിക്കുകയും ചെയ്തു.

**ആംഗ്യഭാഷ വി. ബലി – മാർത്തോമാ വിദ്യാലയം, ചെർക്കള**

കാസർഗോഡ് ജില്ലയിൽ മാർത്തോമാ സഭയാൽ സ്ഥാപിതമായ ആദ്യ ബധിര വിദ്യാലയത്തിൽ ആംഗ്യഭാഷ വിശുദ്ധ കുർബാന ആരംഭിച്ചു. സ്കൂൾ മാനേജർ ബഹു. ബേബി അച്ചന്റെ അഭ്യർത്ഥന പ്രകാരം അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ അനുവാദത്തോടുകൂടി ആദം മിനിസ്ട്രി സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾ, സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കായി വിശുദ്ധ കുർബാനയും, കുമ്പസാരവും, ആത്മീയ ശുശ്രൂഷകളും ആരംഭിച്ചു. നവംബർ ഏഴാം തീയതി നടന്ന വിശുദ്ധ ബലിയിൽ കോളേജ് സ്റ്റാഫ് അംഗങ്ങളും വിദ്യാർത്ഥികളും പങ്കുചേർന്നു. വിശുദ്ധ ബലിയിൽ സഹായിച്ച റവ. സി. കൃപ സിഎംസി, റവ. സി. പുഷ്പ സിഎംസി എന്നിവർക്ക് പ്രത്യേകം നന്ദി. ജില്ലയിൽ ആദ്യമായി ആരംഭിച്ച ബധിര വിദ്യാലയത്തിൽ ആംഗ്യഭാഷ ബലിയർപ്പണം തുടങ്ങുവാൻ കൃപ നൽകിയ ദൈവത്തിന് സ്തുതി.

**വിവാഹ ആശീർവാദം**

തൃശ്ശൂർ അതിരൂപത പൊന്നൂക്കര ഇടവകയിൽ വച്ച് നവംബർ 10–ാം തീയതി ഞായറാഴ്ച കേൾവി പരിമിതിയുള്ള ജോബിൻ, ലിഷ

എന്നിവരുടെ വിവാഹ ആശീർവാദകർമ്മത്തിൽ പങ്കുചേരുകയും ആംഗ്യഭാഷയിൽ പരിഭാഷ നൽകുകയും ചെയ്തു. വധുവരന്മാർ തങ്ങളുടെ മാതൃഭാഷയായ ആംഗ്യഭാഷയിൽ പരസ്പരം സമ്മതം പ്രകടിപ്പിക്കുകയും, പ്രതിജ്ഞകൾ ആംഗ്യഭാഷയിൽ ചൊല്ലുകയും, പ്രാർത്ഥനകളിൽ പങ്കു ചേരുകയും ചെയ്തത് പൊന്നൂക്കര ഇടവകയ്ക്ക് പുതിയൊരു അനുഭവമായി. ഇരുവർക്കും ആദം മിനിസ്റ്ററിയുടെ ആശംസകൾ, അഭിനന്ദനങ്ങൾ.

**കൗൺസിലിംഗ് സെഷൻസ്**

പടന്നക്കാട് ആദം മിനിസ്റ്ററി ശാന്തിതീരം കൗൺസിലിംഗ് സെന്ററിൽ എത്തിയ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് കൗൺസിലിംഗ് നൽകി.

**ബാംഗ്ലൂർ മിഷൻ**

എഫാത്താ ബാംഗ്ലൂർ മിഷനിൽ നവംബർ 17 അംഗങ്ങൾ ഒരുമിച്ചു കൂടി വിശുദ്ധ ബലി അർപ്പിച്ചു. ക്രിസ്തുമസ് ആഘോഷങ്ങളെ കുറിച്ച് ചർച്ച ചെയ്തു. ബാംഗ്ലൂർ ബധിര സംഘടന പ്രസിഡന്റ് ശ്രീമതി നീതുവിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥന നടത്തി.

**ഗോവ തീർത്ഥാടനം**

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ഭൗതികശരീരം ദർശിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനായി കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയും ആദം മിനിസ്ട്രിയും സംയുക്തമായി നടത്തിയ തീർത്ഥയാത്രയിൽ 110 അംഗങ്ങൾ പങ്കുചേർന്നു. ഇരുപത്തിനാലാം തീയതി രാവിലെ 8:30 ന് സെന്റ് സേവിയേഴ്സ് ബധിര വിദ്യാലയത്തിൽ നടത്തപ്പെട്ട ആംഗ്യഭാഷ വിശുദ്ധ ബലിയിൽ ഗോവയിൽ നിന്നുള്ള ബധിര കത്തോലിക്ക സമൂഹം ഉൾപ്പെടെ 150 ഓളം പേര് പങ്കുചേർന്നു. ഗോവ രൂപത ഭിന്നശേഷി വിഭാഗം ഡയറക്ടർ ഫാ. വാൾട്ടർ വിശുദ്ധ ബലിക്കുള്ള ക്രമീകരണങ്ങൾ നടത്തി. തുടർന്ന് വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ഭൗതികശരീരം ചുംബിച്ച് അനുഗ്രഹം പ്രാപിച്ചു. 24, 25 തീയതികളിലായി ഗോവയിലെ മറ്റു സ്ഥലങ്ങളും സന്ദർശിച്ചു. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ സി.ഡി.എ.ഐ. പ്രസിഡന്റ് സ്റ്റാലിൻ, സെക്രട്ടറി ജോഷി എന്നിവർക്ക് പ്രത്യേകം നന്ദി.

**വിവാഹ രജത ജൂബിലി ആഘോഷം**

വയനാട് എഫാത്താ ഗ്രൂപ്പ് അംഗങ്ങളായ പുളിയപ്പള്ളി സാബു-റോജി ദമ്പതികളുടെ വിവാഹ രജത ജൂബിലി പെരിക്കല്ലൂർ ഇടവകയിൽ വച്ച് ആഘോഷിച്ചു. ബധിര ദമ്പതികളായ ഇവർക്ക് ദൈവം മൂന്ന് മക്കളെ നൽകി അനുഗ്രഹിച്ചു. 25 വർഷങ്ങൾ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് ആംഗ്യഭാഷയിൽ അവർ നന്ദിയുടെ ബലി അർപ്പിച്ചു. ആദം മിനിസ്ട്രിയുടെ അനുമോദനങ്ങളും ഉപഹാരങ്ങളും ജൂബിലേറിയൻസിന് നൽകി.

**ഫാ. ജോർജ് കളരിമുറിയിൽ**

*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

**മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം**

## സർക്കാർ മദ്യനയം വ്യക്തമാക്കണം

കേരളസർക്കാർ വിവിധ മേഖലകളിൽ നയരൂപീകരണം നടത്തുമ്പോഴും സമൂഹത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും ഭയാനകമായ മദ്യത്തിന്റെയും, ലഹരിവസ്തുക്കളുടെയും വ്യാപനത്തിൽ തികച്ചും അലംഭാവമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ അതിരൂപതാ കമ്മിറ്റി കുറ്റപ്പെടുത്തി. ബാറുകളും, വിദേശമദ്യഷാപ്പുകളും സർക്കാരിന്റെ ഇഷ്ടത്തിനനുസരിച്ച് ആരംഭിക്കുന്നതിനാണ് മദ്യനയം പ്രഖ്യാപിക്കാത്തത്. ഇന്നത്തെ കുടുംബപശ്ചാത്തലം പരിശോധിച്ചാൽ സാമ്പത്തിക തകർച്ചയെ അഭിമുഖീകരിക്കുന്ന അനേകരെ നമുക്ക് കണ്ടെത്താൻ കഴിയുമെന്നും, അതിനുള്ള പ്രധാന കാരണം മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും അമിതമായ ഉപയോഗമാണെന്നും യോഗം വിലയിരുത്തി.

ഇന്നത്തെ യുവതലമുറ ലഹരിവസ്തുക്കൾക്ക് അടിമപ്പെടുന്നത് കയ്യുംകെട്ടി നോക്കി നിൽക്കാൻ ഈ സമൂഹത്തിന് കഴിയില്ലെന്നും അവരെ രക്ഷിക്കാൻ യുവജനകൂട്ടായ്മകൾ ഒരുക്കി മദ്യവിരുദ്ധപ്രസ്ഥാനങ്ങൾ മുന്നോട്ടുപോകുമെന്നും യോഗം മുന്നറിയിപ്പു നല്കി. ജനങ്ങളുടെ ജീവനും, സ്വത്തും, ആരോഗ്യവും നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുപകരം ഖജനാവ് നിറയ്ക്കാൻ നോക്കുന്ന ഈ ജനദ്രോഹം ഇനിയും അനുവദിക്കാനാകില്ല. അതിനാൽ സർക്കാർ മദ്യനയം പ്രഖ്യാപിച്ച് മദ്യം മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗത്തിനെതിരെ കർശനമായ നിയമസംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

ചെമ്പേരി അൽഫോൻസാ ഓഡിറ്റോറിയത്തിൽ നടന്ന അതിരൂപതാ എക്സിക്യൂട്ടീവ് യോഗം ചെമ്പേരി ലൂർദ് മാതാ ബസലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. മദ്യ

വിരുദ്ധസമിതി അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് പൂവത്തോലിൽ അനുഗ്രഹപ്രഭാഷണവും ചെമ്പേരി ബസലിക്ക അസി. റെക്ടർ ഫാ. അമൽ ചെമ്പകശേരി, മുക്തിശ്രീ അതിരൂപതാ പ്രസിഡന്റ് ഷിനോ പാറയ്ക്കൽ അതിരൂപതാ ആനിമേറ്റർ സി. ജോസ് മരിയ CMC, ടി.സി. ദേവസ്യ, സോളി രാമച്ചനാട്ട്, സോയി ജോസഫ്, ഷെൽസി കാവനാടി, പൈലി വലിയകണ്ടം, പുഷ്പ വെള്ളാപ്പാടം എന്നിവർ പ്രസംഗിച്ചു.

ജോസ് ശാശ്ശേരി, വിൻസെന്റ് മൂങ്ങാട്ടുചുണ്ടയിൽ, സെബാസ്റ്റ്യൻ പെരുമ്പുഴ, ജോസ് ചിറ്റേട്ട്, തങ്കമ്മ പാലമറ്റം, ജിൻസി കുഴിമുള്ളിൽ, മോളി സജി, സിനി കൊച്ചുപുറത്താനത്ത്, ജോളി ബിജു എന്നിവർ നേതൃത്വം നൽകി.

**അർദ്ധവാർഷിക ജനറൽ ബോഡിയോഗം**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ അർദ്ധവാർഷിക സമ്മേളനം 2024 ഡിസംബർ 7 ന് എറണാകുളം പി.ഒ.സി-യിൽവെച്ച് നടക്കും. അതിരൂപതാ ഭാരവാഹികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കും.

**മണിക്കടവ് മേഖലാ സമ്മേളനം**

മദ്യവിരുദ്ധസമിതി, മുക്തിശ്രീ മണിക്കടവ് മേഖല രൂപീകരണയോഗം ഡിസംബർ ആദ്യവാരം മണിക്കടവിൽ നടക്കും. എല്ലാ ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ യോഗത്തിൽ പങ്കെടുക്കും. അന്നേ ദിവസം അതിരൂപതാ എക്സിക്യൂട്ടീവ് യോഗവും മണിക്കടവിൽ നടക്കും.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# ഫ്രാൻസിസ്ക്കൻ അല്മായ സഭ (SFO)

## 'സമാധാനവും സൗഭാഗ്യവും'

കേരളത്തിലെ സീറോമലബാർ റീത്തിലെ രൂപതകളിൽ ഇന്ന് ഫ്രാൻസിസ്കൻ അല്മായസഭ അനസ്യൂതം വളർന്നു കൊണ്ടിരിക്കുകയാണ്. അഭിവന്ദ്യപിതാക്കന്മാരുടെ അനുഗ്രഹവും പ്രോത്സാഹനവും സീറോ മലബാർ സഭയുടെ തനതായ ആദ്ധ്യാത്മിക പാരമ്പര്യവുമാണ് ഈ വളർച്ചയുടെ പ്രധാന കാരണങ്ങൾ.

ഇരിട്ടി റീജിയണിലെ 9 ഭ്രാതൃത്വങ്ങൾ വളരെ സജീവമായി പ്രവർത്തിച്ചു വരുന്നു. കരിക്കോട്ടക്കരി, കല്ലുവയൽ, നെല്ലിക്കാംപൊയിൽ, എടൂർ എന്നീ ഭ്രാതൃത്വങ്ങളിൽ വ്രതവാഗ്ദാനം നടത്തി. വ്രതവാഗ്ദാനത്തിനൊരുക്കമായി ഭ്രാതൃത്വങ്ങൾ പരിശീലന ക്ലാസുകൾ നടത്തി. പരിശീലന ക്ലാസുകൾക്ക് ബ്രദർ വിൻസെന്റ് കുരിശുംമൂട്ടിൽ, ബ്രദർ നിഖിൽ ചേറാടിയിൽ, ബ്രദർ യേശുദാസ് ഇല്ലിക്കൽ, ബ്രദർ ജോസഫ് മൂക്കട എന്നിവർ നേതൃത്വം നൽകി. ബാക്കിയുള്ള ഭ്രാതൃത്വങ്ങളിലും, നവംബർ - ഡിസംബർ മാസങ്ങളിൽ വ്രതവാഗ്ദാനം നടത്തുന്നതാണ്.

അതുപോലെ കരിക്കോട്ടക്കരി, മാടത്തിൽ, പട്ടാരം എന്നീ ഭ്രാതൃത്വങ്ങളിൽ തിരഞ്ഞെടുപ്പുകൾ നടത്തുകയും പുതിയ ഭാരവാഹികൾ, തിരഞ്ഞെടുക്കപ്പെടുകയും അവർ ഭ്രാതൃത്വങ്ങളുടെ ചുമതലകൾ ഏറ്റെടുക്കുകയും ചെയ്തു.

പ്രിയമുള്ള അല്മായ സഹോദരങ്ങളെ 25 നോമ്പ് ആരംഭിക്കുകയാണല്ലോ, നാം ഏറ്റവും നല്ല ഒരുക്കത്തോടെ വേണം ഉണ്ണിശോയെ നമ്മുടെ ഹൃദയത്തിലേയ്ക്ക് സ്വീകരിക്കാൻ. അതിനുവേണ്ടി നാം ഉപവസിക്കുകയും, പാപങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും, അമിതമായ ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കുകയും എല്ലാദിവസവും ദിവ്യബലിയിൽ പങ്കെടുക്കുകയും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുകയും പശ്ചാത്താപത്തിനു യോഗ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുകയയും വേണം. സാധിക്കുന്നിടത്തോളം എല്ലാദിവസവും ഒരു കാരുണ്യ പ്രവർത്തിയെങ്കിലും ചെയ്യണം.

അതുപോലെതന്നെ സാധിക്കുന്ന എല്ലാ അല്മായ സഹോദരങ്ങളും ഡിസംബർ 6 ന് വെള്ളിയാഴ്ച രാത്രി 7 മണിക്ക് എടൂരിൽ നിന്നും ചെമ്പേരി ലൂർദ്മാതാ ബസലിക്കയിലേയ്ക്ക് നടത്തുന്ന മരിയൻ തീർത്ഥാടനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാവർക്കും സമാധാനവും സൗഭാഗ്യവും നേർന്നുകൊണ്ട്,

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

## സമ്പൂർണ്ണ TSSS മേഖല

ചെറുപുഴ മേഖലയെ നവംബർ 21-ാം തീയതി ചെറുപുഴ പള്ളി ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിച്ച മീറ്റിംഗിൽ വച്ച് TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് സമ്പൂർണ്ണ TSSS മേഖലയായി പ്രഖ്യാപിച്ചു. 15 യൂണിറ്റുകളാണ് ചെറുപുഴ മേഖലയിലുള്ളത്. മറ്റു മേഖലകൾക്കും മാതൃകയാവുന്നവിധത്തിലുള്ള ഈ നേട്ടത്തിന് പിന്നിൽ അദ്ധ്വാനിച്ച മേഖലാ ഡയറക്ടർ പ്രിയ ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചനും, മേഖലാ പ്രസിഡണ്ട് ശ്രീ. ജെമിനി എം. ജോസഫിനും, മേഖലാ ഭാരവാഹികൾക്കും, പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമിയ്ക്കും അഭിനന്ദനങ്ങൾ.

## അരികെ പദ്ധതി

മെഡിക്കൽ ഉപകരണങ്ങളുടെ ബാങ്കിംഗ് സംവിധാനമായ അരികെ പദ്ധതി ചെറുപുഴ മേഖലയിൽ നടപ്പിലാക്കി. നവംബർ 21-ാം തീയതി സമ്പൂർണ്ണ മേഖലയായി പ്രഖ്യാപിക്കപ്പെട്ട മീറ്റിംഗിൽവച്ച് അരികെ പദ്ധതിയുടെ അതിരൂപതാതല ഉദ്ഘാടനകർമ്മം TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് നിർവ്വഹിച്ചു. സാമ്പത്തികമായി ബുദ്ധിമുട്ടുകൾ നേരിടുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുക എന്നതാണ് അരികെ പദ്ധതിയിലൂടെ TSSS ലക്ഷ്യമാക്കുന്നത്. മീറ്റിംഗിൽവച്ച് ചെറുപുഴ മേഖലയിലെ എല്ലാ യൂണിറ്റുകളിലേക്കുമുള്ള മെഡിക്കൽ ഉപകരണങ്ങളുടെ വിതരണവും സംഘടിപ്പിച്ചു. മീറ്റിംഗിൽ ചെറുപുഴ ഫൊറോന വികാരി വെരി. റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് അധ്യക്ഷത വഹിക്കുകയും, TSSS മുൻ പ്രസിഡണ്ടും ഡയറക്ടറുമായ റവ. ഫാ. അബ്രാഹം പോണാട്ട് ആശംസ അർപ്പിക്കുകയും ചെയ്തു. TSSS യൂണിറ്റ് ഡയറക്ടർമാരും, ആനിമേറ്റർമാരും, യൂണിറ്റ് ഭാരവാഹികളും പ്രസ്തുത ചടങ്ങിൽ സംബന്ധിച്ചു.

## പ്രതിമാസ പ്രവർത്തനങ്ങൾ

2024 ഡിസംബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1). ഡിസംബർ 03**

**അന്താരാഷ്ട്ര ദിവ്യാംഗതരുടെ ദിനം (International Disability Day)**

**പ്രവർത്തനം:**

- യൂണിറ്റ് പരിധിക്കുള്ളിലെ ദിവ്യാംഗതരെ അവരുടെ വീടുകൾ സന്ദർശിച്ച് ആദരിക്കുക. (യൂണിറ്റിലെ പത്ത് അംഗങ്ങളെങ്കിലും ഈ പ്രവർത്തനത്തിൽ പങ്കെടുക്കേണ്ടതാണ്).

**2). ഡിസംബർ 23**

**ദേശീയ കർഷകദിനം (National Farmers' Day)**

**പ്രവർത്തനങ്ങൾ:**

- കുട്ടികർഷകരെ വിവിധ തരത്തിൽ പ്രോത്സാഹിപ്പിക്കുക.
- മികച്ചയിനം ഫലവൃക്ഷത്തൈകളും വിത്തുകളും വിതരണം ചെയ്യുക.

**3). ഡിസംബർ 25**

**ക്രിസ്തുമസ് (Christmas)**

**പ്രവർത്തനം:**

- ക്രിസ്തുമസ് ആഘോഷത്തിനായി കിറ്റ് വിതരണം. (യൂണിറ്റ് അതിർത്തിക്കുള്ളിൽ സഹായാർഹരായ മൂന്നിന് മുകളിൽ കുടുംബങ്ങൾക്ക് കിറ്റുകൾ നൽകുക).

## യൂണിറ്റ് രൂപീകരണം

പനത്തടി മേഖലയിലെ പെർളയിലും, വെള്ളരിക്കുണ്ട് മേഖലയിലെ പറമ്പയിലും പുതിയ TSSS യൂണിറ്റുകൾ ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ചേർന്നുനിന്നുകൊണ്ട് പുതിയ തുടക്കം കുറിച്ച യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

### പെർള

| | |
|---|---|
| *യൂണിറ്റ് ഡയറക്ടർ* | : ഫാ. ആൽബർട്ട് തെക്കേവയലിൽ |
| *പ്രസിഡണ്ട്* | : സോജൻ പൂവത്തോലിൽ |
| *വൈസ് പ്രസിഡണ്ട്* | : ജോസ് മുതുപ്ലാക്കൽ |
| *സെക്രട്ടറി* | : സിജി ചെമ്പരത്തിക്കൽ |
| *ജോ. സെക്രട്ടറി* | : ലില്ലിക്കുട്ടി പൊരിമറ്റത്തിൽ |
| *എക്സി. അംഗങ്ങൾ* | : ജോഷി കല്ലംപ്ലാക്കൽ |
| | : ചാക്കോ തെക്കിനിയിൽ |
| | : ജോജോ കുളിരുപ്ലാക്കൽ |
| | : സന്തോഷ് മരങ്ങോലി |

### പറമ്പ

| | |
|---|---|
| *യൂണിറ്റ് ഡയറക്ടർ* | : ഫാ. തോമസ് മരശ്ശേരി |
| *പ്രസിഡണ്ട്* | : അന്നമ്മ മാത്യു തലാപ്പള്ളി |
| *വൈസ് പ്രസിഡണ്ട്* | : പ്രിൻസ് കാഞ്ഞമല |

*സെക്രട്ടറി* : ജോയി ഊട്ടുകുളത്തിൽ
*ജോ. സെക്രട്ടറി* : മഞ്ജുഷ വെട്ടുകല്ലേൽ
*എക്സി. അംഗങ്ങൾ* : ജോഷി കല്ലംപ്ലാക്കൽ
: സന്തോഷ് തടത്തിൽ
: മിനി നെടുമരുതുംചാലിൽ
: മേഴ്സി കുളത്തറയിൽ
: മനോജ് അറയ്ക്കൽ

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. 2024 നവംബർ മാസത്തിലെ ക്യാമ്പ് 9-ാം തീയതി ശനിയാഴ്ച ആലക്കോട് മേഖലാ ഓഫീസിൽവച്ച് നടത്തി. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ ആലക്കോട്, കരുവഞ്ചാൽ, കാർത്തികപുരം, വായാട്ടുപറമ്പ്, പാത്തൻപാറ യൂണിറ്റുകളിൽ നിന്നും ആളുകൾ പങ്കെടുത്തു. അടുത്ത മാസത്തെ ക്യാമ്പ് **ഡിസംബർ 02 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി നെല്ലിക്കാംപൊയിൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**മാസാന്ത്യ മെഡിക്കൽക്യാമ്പ്**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാർ കൗൺസിംഗ് സൗകര്യം ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽക്യാമ്പ് പ്രവർത്തിച്ചുവരുന്നു. ഒക്ടോബർ മാസത്തിലെ ക്യാമ്പിൽ 30-ലേറെ ആളുകൾ പങ്കെടുത്തു.

## RADIO 4U 89.6 - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ RADIO 4U 89.6 വ്യത്യസ്തങ്ങളായ മേഖലകളിലെ പരിപാടികൾ കോർത്തിണക്കിക്കൊണ്ട് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ഞാറ്റുവട്ടം, ക്ലബ്ബ് ടൈം, കാവലാൾ, മിന്നും താരം, എന്റെ പാട്ട്, ഡോക്യുമെന്ററി, സ്കൂൾ മുറ്റം, ഡോക്ടേഴ്സ് ടോക്ക്, ട്രാഫിക്, സ്വപ്നവീട്, നിയമവും നീതിയും, പാട്ടുപുസ്തകം, സപ്തഭാഷാ ഗാനങ്ങൾ, അകപ്പൊരുൾ, അനാമയം, ടാലന്റ് ഹണ്ട്, ചിന്താമൃതം, കാവ്യഗീതികൾ, പ്രാർത്ഥനാ മഞ്ജരി തുടങ്ങിയ പ്രതിവാര പരിപാടികൾ പ്രക്ഷേപണം ചെയ്തുവരുന്നു. റേഡിയോയിൽ പരസ്യങ്ങൾ നൽകുന്നതിനും, മികച്ച സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ സംവിധാനമുപയോഗിച്ച് ഗാനങ്ങളും മറ്റു പ്രോഗ്രാമുകളും റെക്കോർഡ് ചെയ്യുന്നതിനും +91 9495482485 (ഫാ. ജോമിഷ് നൂറമ്മാക്കൽ), +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഇനി എല്ലാ വീട്ടിലും സോളാർ

സൗരോർജ്ജ വൈദ്യുതിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന പുരപ്പുറ സോളാർ പദ്ധതിയിലൂടെ ആലക്കോട്, കോലുവള്ളി പള്ളികൾ ഉൾപ്പെടെ TSSS-ന്റെ നേതൃത്വത്തിൽ 100-ലേറെ സോളാർ പാനലുകൾ ഇതുവരെ സ്ഥാപിക്കുവാൻ സാധിച്ചു. GEPS കമ്പനിയുമായി സഹകരിച്ചുകൊണ്ട് ലോകോത്തര നിലവാരമുള്ള സോളാർ പാനലുകളാണ് ഉപയോഗിച്ചു വരുന്നത്. സിബിൽ സ്കോർ മിനിമം 700 ഉള്ള ഏതൊരു വ്യക്തിക്കും 7% പലിശ നിരക്കിൽ സമീപത്തെ എല്ലാ നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും വായ്പാ സൗകര്യവും ലഭിക്കുന്നു. നമ്മുടെ ഇടവകകളിലെ പള്ളിമുറികളിലും, വീടുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

## രോഗീസന്ദർശനം & ചികിത്സാസഹായം

- മണിക്കടവ്, മാട്ടറ, പേരാവൂർ, കനകപ്പള്ളി, നാട്ടക്കൽ, വെള്ളരിക്കുണ്ട്, കണിച്ചാർ, നെടുംപുറംചാൽ, കനീലടുക്കം, മാനടുക്കം, ബദിയടുക്ക തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ രോഗീസന്ദർശനങ്ങൾ നടത്തുകയും, ചികിത്സാസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു.
- കാഞ്ഞിരക്കൊല്ലി, പാലാവയൽ, കൊന്നക്കാട്, പുഞ്ച, പുന്നക്കുന്ന്, വെള്ളരിക്കുണ്ട് തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും, പൊതിച്ചോർ വിതരണം നടത്തുകയും, ചികിത്സാ/ധനസഹായം നൽകുകയും ചെയ്തു. പുല്ലടി യൂണിറ്റിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ആകാശപറവകൾക്ക് ഭക്ഷണം നൽകിവരുന്ന പദ്ധതിയിൽ ഈ മാസവും ഭക്ഷണവിതരണം നടത്തി.

- പുഞ്ച, കൊന്നക്കാട്, ചുള്ളി, മാലോം, പുന്നക്കുന്ന്, ഭീമനടി, നാട്ടക്കൽ, വെള്ളരിക്കുണ്ട്, ആനമഞ്ഞൾ, കനകപ്പള്ളി, നെല്ലിക്കാംപൊയിൽ, കാഞ്ഞിരക്കൊല്ലി, കോളയാട്, കനീലടുക്കം, പടുപ്പ്, ബദിയടുക്ക, കാഞ്ഞി രടുക്കം, പനത്തടി, പാണത്തൂർ, കരിവേടകം, പുല്ലടി, കള്ളാർ, പടിമരുത്, കാലിച്ചാനടുക്കം, എണ്ണപ്പാറ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ അൽഷിമേഴ്സ്രോഗം ബാധിച്ചവർക്ക് ചികിത്സാധനസഹായം, കിറ്റ് വിതരണം എന്നിവ നടത്തി.

**മെഡിക്കൽക്യാമ്പ്**

- പേരട്ട യൂണിറ്റിന്റെ നേതൃത്വത്തിൽ പുറവയൽ PHC-യുടെ സഹകരണ ത്തോടെ പ്രഷർ, ഷുഗർ തുടങ്ങിയ ജീവിതശൈലീരോഗ പരിശോധന ക്യാമ്പ് നടത്തി.
- കണിച്ചാർ യൂണിറ്റും അർച്ചന കുടുംബശ്രീയും സംയുക്തമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
- കോളയാട് യൂണിറ്റ് ക്രിസ്തുരാജ ആയുർവേദ ആശുപത്രിയുടെ നേതൃത്വ ത്തിൽ മെഡിക്കൽക്യാമ്പ് നടത്തി.
- ചേപ്പറമ്പ് യൂണിറ്റ്, കെ.സി.വൈ.എം., മാതൃവേദി എന്നീ സംഘടന കളുമായി സഹകരിച്ചുകൊണ്ട് സൗജന്യ നേത്രപരിശോധനാക്യാമ്പ് സംഘടിപ്പിച്ചു.
- ചെമ്പേരി യൂണിറ്റ് ലയൺസ് ക്ലബ്ബുമായി സഹകരിച്ച് പ്രമേഹരോഗ നിയന്ത്രണക്യാമ്പ് സംഘടിപ്പിച്ചു.

**ബോധവത്കരണ ക്ലാസ്**

- പേരട്ട യൂണിറ്റിന്റെ നേതൃത്വത്തിൽ പകർച്ചവ്യാധികൾക്കെതിരെയുള്ള ബോധവത്ക്കരണക്ലാസ്സ് നടത്തി
- പുളിങ്ങോം യൂണിറ്റിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണത്തെക്കുറിച്ച് ബോധവത്ക്കരണക്ലാസ് സംഘടിപ്പിച്ചു.
- കൊളക്കാട് യൂണിറ്റിന്റെ സ്വാശ്രയസംഘങ്ങളിൽ *ജീവിതശൈലി രോഗങ്ങളും കാൻസറും* എന്ന വിഷയത്തിൽ കൊളക്കാട് PHC-യിലെ ഹെൽത്ത് നേഴ്സ് ക്ലാസ് നൽകി.
- കൊളക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ SHG മെമ്പർമാർക്കായി കൊള ക്കാട് സെന്റ് തോമസ് പള്ളിയും മാതൃവേദിയുമായി സഹകരിച്ചുകൊണ്ട് കുടുംബജീവിതത്തെക്കുറിച്ച് സംഘടിപ്പിച്ച ബോധവത്ക്കരണക്ലാസിന് സി. ബിൻസി SH നേതൃത്വം നൽകി.
- മാനസികാരോഗ്യ ദിനാചരണത്തോടനുബന്ധിച്ച് കരുവഞ്ചാൽ, വായാട്ടു പറമ്പ്, പുഞ്ച, പനത്തടി യൂണിറ്റുകളുടെ നേതൃത്വത്തിൽ ബോധ വത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.
- പൂളക്കുറ്റി യൂണിറ്റിന്റെ നേതൃത്വത്തിൽ ലോക പ്രമേഹരോഗദിനത്തിൽ പ്രമേഹം, മുണ്ടിനീര് എന്നീ രോഗങ്ങളെക്കുറിച്ച് ബോധവത്കരണക്ലാസ് നടത്തി.

- പാണത്തൂർ യൂണിറ്റും, മിഷൻലീഗും സംയുക്തമായി കുട്ടികൾക്കും ടി.എസ്.എസ്.എസ്. മെമ്പർമാർക്കുമായി ബാലപീഡനം, അടിസ്ഥാന ട്രാഫിക് നിയമങ്ങൾ, ലഹരി വിമുക്തസമൂഹം എന്നീ വിഷയങ്ങളെ ക്കുറിച്ച് രാജപുരം സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ ബോധ വത്ക്കരണക്ലാസ് എടുത്തു.

**മറ്റു പ്രവർത്തനങ്ങൾ**

- ചെറുപുഴ യൂണിറ്റിന്റെ നേതൃത്വത്തിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു.
- ചൂരപ്പടവ് യൂണിറ്റ് കാർഷിക സെമിനാറും കൂൺ കൃഷി പരിശീലനവും നൽകി.
- സംസ്ഥാന സ്കൂൾ കായിക മേളയിൽ സീനിയർ പെൺകുട്ടികളുടെ 46 കി.ഗ്രാം. ബോക്സിങ്ങിൽ സ്വർണം നേടിയ കുമാരി. ദിൽന ഷിജുവിനെ രാജഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ ആദരിച്ചു.
- മണിക്കടവ് സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന രക്തദാനക്യാമ്പിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും, രക്തദാനം നടത്തുകയും ചെയ്തു. നസ്രത്ത് കോൺഗ്രിഗേഷനിലെ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ആനിമേറ്റർ സി. റോസിലിക്ക് യൂണിറ്റ് സ്നേഹോപഹാരം നൽകി ആദരിച്ചു. സംസ്ഥാന കായികമേളയിൽ ഹാമർ ത്രോയിൽ സ്വർണ്ണം നേടിയ മണിക്കടവ് യൂണിറ്റ് മെമ്പറായ ശ്രീമതി ജിജി സജിയുടെ മകൾ കുമാരി നിവേദ്യയ്ക്ക് മൊമെന്റോ നൽകി ആദരിച്ചു.
- മുണ്ടാനൂർ യൂണിറ്റ് ഭരണസമിതിയംഗങ്ങൾക്ക് ആനിമേറ്റർ സിസ്റ്റർ ക്ലാസ്സ് നൽകി.
- അറബി യൂണിറ്റ് മതാധ്യാപകദിനത്തിൽ അധ്യാപകരെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.
- കൊളക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ സെമിത്തേരി ശുചീകരണം നടത്തുകയും, സാന്തോം മാതൃക കുരുമുളകുതോട്ടത്തിലെ കളപറിക്കൽ നടത്തുകയും ചെയ്തു. കൊളക്കാട് വച്ച് നടന്ന ഇരിട്ടി ഉപജില്ലാ കലോത്സവത്തിൽ യൂണിറ്റ് അംഗങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടായി രുന്നു.
- വിളക്കന്നൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ അംഗങ്ങൾക്ക് ശീതകാല പച്ചക്കറിതൈകൾ വിതരണം ചെയ്തു.
- കേരളപ്പിറവിദിനത്തോടനുബന്ധിച്ച് കരുവഞ്ചാൽ യൂണിറ്റ് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും സന്ദേശങ്ങൾ നൽകുകയും ചെയ്തു. ലോക വിദ്യാർത്ഥിദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് അവരുടെ ക്രിയാത്മകത വളർത്തുന്നതിനുള്ള പരിശീലനങ്ങൾ നൽകുകയും, ഗ്രാമിക കൃഷിക്കൂട്ടത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കപ്പകൃഷിയുടെ

വിളവെടുപ്പ് നടത്തുകയും, വിത്ത് ബാങ്കിലേക്കുള്ള പച്ചക്കറിവിത്തുകൾ സംഭരിക്കുകയും, എല്ലാ യൂണിറ്റ് അംഗങ്ങൾക്കും പച്ചക്കറി വിത്തുകൾ വിതരണം നടത്തുകയും ചെയ്തു. കൂടാതെ അംഗങ്ങളിൽ നിന്നും പച്ചപപ്പായ ശേഖരിക്കുകയും അധിക വരുമാനം വിതരണം നടത്തുകയും ചെയ്തു. ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, ഗ്രേഡിങ് നടത്തുകയും ചെയ്തു.

- വായാട്ടുപറമ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറിതൈകൾ വിതരണം നടത്തുകയും, അടുക്കളത്തോട്ടം പദ്ധതി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും, വാർഷിക പൊതുയോഗം സംഘടിപ്പിക്കുകയും ചെയ്തു.
- മതാധ്യാപകദിനത്തിൽ പ്രധാനാധ്യാപകനെ കല്ലുവയൽ യൂണിറ്റ് ഷാൾ അണിയിച്ച് ആദരിച്ചു.
- മണിപ്പാറ യൂണിറ്റ് ജീവകാരുണ്യനിധിയിലേക്ക് 2000/- രൂപ നൽകുകയും, യൂണിറ്റിൽ പുതുതായി നാല് അംഗങ്ങൾക്ക് മെമ്പർഷിപ്പ് നൽകുകയും, ചെയ്തു.
- നെല്ലിക്കാംപൊയിൽ യൂണിറ്റിന്റെ നേതൃത്വത്തിൽ പള്ളി സെമിത്തേരിയും പരിസരവും വൃത്തിയാക്കി.
- തോമാപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ മികച്ച കർഷകനെ ആദരിച്ചു.
- പാലാവയൽ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി വാർഡ് യോഗങ്ങളും, കുടുംബസംഗമം നടത്തി. അതോടനുബന്ധിച്ച് പൊതുസമ്മേളനവും കലാപരിപാടികളും സ്നേഹവിരുന്നും നടത്തി.
- കണിച്ചാർ യൂണിറ്റിലെ മെമ്പറുടെ മകളുടെ കല്യാണത്തിന് അംഗങ്ങളിൽ നിന്നും 10000/- രൂപ പിരിച്ച് നൽകി. യൂണിറ്റിൽ ആട് വിതരണപദ്ധതി നടപ്പിലാക്കി.
- നടുവിൽ, പാണത്തൂർ, പടുപ്പ്, കാഞ്ഞിരടുക്കം, പനത്തടി, മണിക്കടവ്, മുണ്ടാനൂർ, കോളയാട്, കണ്ണിവയൽ, ഏറ്റുപാറ എന്നീ യൂണിറ്റുകളിൽ മുനമ്പം വഖഫ് അധിനിവേശ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും, പ്രതിഷേധറാലികൾ സംഘടിപ്പിക്കുകയും ചെയ്തു.
- കനീലടുക്കം യൂണിറ്റ് സൺഡേ സ്കൂളിൽ നോട്ടുബുക്കുകൾ വിതരണം ചെയ്തു.
- പാണത്തൂർ യൂണിറ്റ് ഹരിതകർമ്മസേനയിൽ എല്ലാ മാസവും രോഗികളെ സന്ദർശിക്കുകയും, അവർക്ക് ആവശ്യമായ പരിചരണങ്ങൾ നൽകുകയും ചെയ്തുവരുന്നു.
- ബദിയടുക്ക യൂണിറ്റിന്റെ വാർഷിക പൊതുയോഗത്തിൽ അംഗങ്ങളുടെ പ്രോത്സാഹനാർത്ഥം 4300/- രൂപയുടെ ഉപഹാരങ്ങൾ നൽകി.

- കാലിച്ചാനടുക്കം യൂണിറ്റിൽ സംഘടിപ്പിച്ച സോപ്പുപൊടി ഇതര ഉൽപന്നങ്ങളുടെ നിർമ്മാണപരിശീലന ക്ലാസുകൾക്ക് ശ്രീമതി ലിസ്സി ജിജി, ശ്രീമതി ബീന എന്നിവർ നേതൃത്വം നൽകി.
- ഉപജില്ലാ കലോത്സവത്തിന് സംഭാവനയായി ചെമ്പന്തൊട്ടി യൂണിറ്റ് 8500/- രൂപ നൽകി. നാല് ദിവസങ്ങളിലായി നടന്ന കലോത്സവത്തിൽ യൂണിറ്റിൽ നിന്നും 20 പേർ വീതം ഭക്ഷണകമ്മിറ്റിയിൽ പങ്കാളികളായി.
- ചെമ്പന്തൊട്ടി, കുടിയാന്മല എന്നിവിടങ്ങളിൽ ക്രെഡിറ്റ് യൂണിയനും എം.എസ്.എസ്സും. സംയുക്തമായി യശഃശരീരനായ മനോജ് അച്ചന്റെ പാവനസ്മരണയ്ക്കായി യൂണിറ്റ് അംഗങ്ങളുടെ മക്കൾക്കും, സ്കൂൾ വിദ്യാർത്ഥികൾക്കുമായി ചിത്രരചനാമത്സരം നടത്തി.
- ചേപ്പറമ്പ് യൂണിറ്റും മാതൃവേദിയും സംയുക്തമായി 60 വയസ്സിനു മുകളിൽ പ്രായമുള്ള അമ്മമാരെ ആദരിച്ചു.
- പൊട്ടംപ്ലാവ് യൂണിറ്റിലെ പ്രായമായ മുൻ അംഗത്തെ സന്ദർശിക്കുകയും ഉപകാരം നൽകുകയും ചെയ്തു.
- പൈസക്കരി യൂണിറ്റ് 11 കർഷകർക്കായി 4800/- രൂപ ചിലവിൽ പച്ചക്കറി തൈകൾ, വളം, കീടനാശിനികൾ എന്നിവയടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്തു.
- ഏറ്റുപാറ യൂണിറ്റിൽ 135 കോഴിക്കുഞ്ഞുങ്ങളെ 21440/- രൂപ ചിലവിൽ വിതരണം ചെയ്തു.
- ശാന്തിനഗർ യൂണിറ്റിന്റെ നേതൃത്വത്തിൽ പള്ളി പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി നടപ്പാതയും, പരിസരവും വൃത്തിയാക്കി.
- അരീക്കമല യൂണിറ്റിന്റെ നേതൃത്വത്തിൽ ലോക പ്രമേഹരോഗദിനത്തിൽ മാതൃവേദിയുമായി സഹകരിച്ചുകൊണ്ട് ക്ലാസ് സംഘടിപ്പിച്ചു.
- കുടിയാന്മല, പാലാവയൽ യൂണിറ്റുകളിൽ കുടുംബസംഗമം നടത്തുകയും, ആദ്യകാല മെമ്പർമാരെ പാലാവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ആദരിക്കുകയും, കുടിയാന്മല യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറി തൈകളുടെ വിതരണവും ഔഷധ നിർമ്മാണക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.
- കരുവഞ്ചാൽ യൂണിറ്റിന്റെ വാർഷിക പൊതുയോഗം സംഘടിപ്പിച്ചു.
- രയറോം യൂണിറ്റിലെ ഒരു നിർധനകുടുംബത്തിന് ഭവനനിർമ്മാണത്തിന് സാമ്പത്തികസഹായം നൽകി. യൂണിറ്റിൽ ആരംഭിച്ച കൂൺകൃഷി അംഗങ്ങളുടെ നേതൃത്വത്തിൽ വിജയകരമായി നടത്തിവരുന്നു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനത്തോടെ - ലൈസൻസ് ലഭിച്ചു**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് എക്സ്പോർട്ട് ലൈസൻസും എഫ്എസ്എസ്എഐ-ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (FSSAI) ലൈസൻസും ലഭിച്ചു. ഇതിലൂടെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഒപ്പം വിദേശരാജ്യങ്ങളിലും നമ്മുടെ ഉത്പ്പന്നങ്ങൾ വിപണനം ചെയ്യാൻ സാധിക്കും.

**ഡൽഹി എക്സിബിഷൻ**

ഡൽഹി - പ്രഗതി മൈതാനിലെ ഭാരതമണ്ഡപം കോംപ്ലക്സിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ്ഫെയർ 2024-ൽ (IITF) തിളങ്ങി ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും. കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും ഓഫീസ് സ്റ്റാഫ് ആഘോഷും പങ്കെടുത്ത ട്രേഡ്ഫെയറിൽ ബയോ മൗണ്ടൻ ഉത്പ്പന്നങ്ങൾക്ക് വലിയ സ്വീകാര്യത ലഭിച്ചു.

**ഇടവകകളിലെ ഷെയർ**

പേരാവൂർ, എടക്കാനം എന്നീ ഇടവകകളിൽ ബയോ മൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ഷെയർ എടുത്ത എല്ലാ ബഹു. വികാരി അച്ചൻമാർക്കും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി നമ്മൾ ആരംഭിച്ച ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെകൂടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺ നമ്പറും

സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺ നമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

**നമ്മുടെ സംരംഭങ്ങൾ**

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

## കമ്പനി ഓഫീസ്

കമ്പനി ഓഫീസ് കുന്നോത്ത് പ്രവർത്തനം ആരംഭിച്ചു. ഫുൾടൈം പ്രവർത്തിക്കുന്ന ഓഫീസും സ്റ്റാഫും വാഹനങ്ങളും കുന്നോത്ത് ഉണ്ട്. നമ്മൾ ആരംഭിച്ച പതിനൊന്നോളം വരുന്ന മസാല പൗഡറുകളുടെ ഉൽപാദനവും വിൽപ്പനയുമെല്ലാം നടന്നുവരുന്നു. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും.

**9656054322**

Mail.id: tsssbiomountain@gmail.com

ഡിസംബർ മാസത്തിൽ എല്ലാ ഫൊറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്.

ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. അരുൺ മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2024 ഡിസംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

ഡിസംബർ 01–05 : ആന്തരീക സൗഖ്യ ധ്യാനം
06 (10 am) : RHEMA - 6
-08 (5 pm) വിശ്വാസപരിശീലകരുടെ ധ്യാനം (തലശ്ശേരി അതിരൂപത)
14 : വചനാഗ്നി (Live 9 am –2.30 pm)
ഏകദിന കൺവെൻഷൻ
15–18 : കന്നഡ ധ്യാനം
19–23 : ആന്തരീക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

ഡിസംബർ 07,21 : ഏകദിന ധ്യാനം
07–11 : ആന്തരീക സൗഖ്യ ധ്യാനം
20 : പ്രേഷിത കൂട്ടായ്മ
26–30 : അഗ്നി അഭിഷേക ധ്യാനം (Dr. John D.)

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

ഡിസംബർ 07 : ഏകദിന ധ്യാനം (9 am – 2 pm)
08–11 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
19–22 : ദിവ്യകാരുണ്യാനുഭവ ധ്യാനം
21 : മദ്ധ്യസ്ഥ പ്രാർത്ഥന (2 pm – 4 pm)
27–29 : മരിയൻ ധ്യാനം

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

ഡിസംബർ 07 : ഏകദിന ശുശ്രൂഷ
(അഖണ്ഡ ജപമാല, Spiritual Sharing , 10 am – 3 pm)
08–12 : മരിയൻ ആന്തരീക സൗഖ്യ ധ്യാനം
13 : ജാഗരണ പ്രാർത്ഥന
26–28 : കുടുംബ നവീകരണ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഒക്ടോബർ 2024

21-30 റോമിൽവച്ച് ചേർന്ന ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

31 ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ച്ബിഷപ് അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

### നവംബർ 2024

01 നസ്രത്ത് സിസ്റ്റേഴ്സ് കുന്നോത്ത് നിർമ്മിച്ച പ്രകൃതി ചികിത്സാ കേന്ദ്രത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് മരിയൻ തീർത്ഥാടനത്തിന്റെ ഒരുക്കങ്ങൾക്കായി വിളിച്ചുചേർത്ത ഫൊറോനാ വികാരിമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു.

02 രാവിലെ നടുവിൽ പുതുതായി നിർമ്മിച്ച എഫ്.സി.സി. കോൺവെന്റ് വെഞ്ചരിച്ചു. ഉച്ചയ്ക്കുശേഷം ചെറുപുഴയിൽവച്ച് സംഘടിപ്പിച്ച മതാധ്യാപകരുടെ റീജിയണൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം പാലാവയൽ ഇടവകാംഗമായ ഡീക്കൻ അമൽ വള്ളിയിലിന്റെ ഭവനം സന്ദർശിച്ചു.

03 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് സാങ്താ മാതാ നഴ്സിംഗ് കോളേജ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാംഗങ്ങളായ ഡീക്കന്മാരുമായി അഭിമുഖം നടത്തി. രാത്രിയോടെ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

04 മൈനർ സെമിനാരിയിൽ പാരന്റ്സ് ഡേ മീറ്റിംഗിനെത്തിയ മാതാപിതാക്കളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം മേരിഗിരി ഇടവകാംഗമായ അന്നക്കുട്ടി ചെറുകരയുടെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ശാലോം ടീവിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഷൂട്ടിംഗിൽ പങ്കെടുത്തു.

05 രാവിലെ കരുണാപുരം ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോബിഷ് കച്ചോലക്കാലായിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ഡീക്കൻ മാർട്ടിൻ പാഴൂപറമ്പിലിന്റെ ഭവനം സന്ദർശിച്ചു. വൈകുന്നേരം ശാലോം ടീവിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഷൂട്ടിംഗിൽ പങ്കെടുത്തു.

06 രാവിലെ ഡീക്കൻ സിറിൽ ചെറുകരക്കുന്നേലിന്റെയും ഡീക്കൻ റിബിൻ കളപ്പുരക്കലിന്റെയും ഭവനങ്ങൾ സന്ദർശിച്ചു. തുടർന്ന് വായാട്ടുപമ്പ്

ഫൊറോനാ ദൈവാലയത്തിൽവച്ച് മണിമല സോണി, ആശ ദമ്പതികളുടെ നാലാമത്തെ കുട്ടിയായ സെലിന് മാമ്മോദീസാ നൽകി. തുടർന്ന് ബഹു. ജോർജ് തൈക്കുന്നുപുറം അച്ചന്റെ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു.

07 കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറൽ ഇലക്ഷന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

08 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനായുടെ കമ്മീഷൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന മരിയൻ തീർത്ഥാടനത്തിനുള്ള സംഘാടക സമിതി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

09 തലശ്ശേരിയിൽവച്ച് നടത്തിയ ആൽഫാ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ഓടന്തോടുവച്ച് സംഘടിപ്പിച്ച പന്തപ്ലാക്കൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് എടൂർ നെടുമുണ്ടയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

10 കണ്ണൂർ രൂപതയുടെ പുതിയ സഹായമെത്രാൻ അഭിവന്ദ്യ ഡെന്നിസ് കുറുപ്പശ്ശേരി പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു.

11 നെല്ലിക്കുറ്റിയിൽവച്ച് 3 എം.എസ്.എം.ഐ. സന്ന്യാസസഭാംഗങ്ങളുടെ പ്രഥമ വ്രതസ്വീകരണ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം വെളിമാനത്ത് പുതുതായി നിർമ്മിച്ച സി.എം.സി. കോൺവെന്റ് വെഞ്ചരിച്ചു.

13 വഖഫ് വിഷയവുമായി ബന്ധപ്പെട്ട് മുനമ്പത്തെ സമരപ്പന്തൽ സന്ദർശിക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.

14 എടൂർ ഇടവകാംഗമായ സോണിയ ബിനോയ് കിഴക്കേപ്പടവത്തിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. കരുണാപുരം ഇടവകയിൽവച്ച് സംഘടിപ്പിച്ച ബഹു. ജിയോ പുളിക്കൽ അച്ചന്റെ ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ ഓഡിറ്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. രാത്രി പരിയാരം മദർഹോമിൽവച്ച് സംഘടിപ്പിച്ച എമ്മാവൂസ് നൈറ്റ് ആരാധനയിൽ പങ്കെടുത്തു.

15 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാംഗങ്ങളായ ഡീക്കന്മാരുമായി അഭിമുഖം നടത്തി. രാത്രിയോടെ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

16 ആലക്കോടുവച്ച് സംഘടിപ്പിച്ച വിയാനിനിധി ഉപകാരികളുടെ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ജെറിൻ ജോസ് പ്ലാത്തോട്ടത്തിന്റെയും അമല മെറിൻ കുന്നുംപുറത്തിന്റെയും വിവാഹം ആശീർവ്വദിച്ചു.

ഉച്ചയ്ക്കുശേഷം കുന്നോത്തുവച്ച് സംഘടിപ്പിച്ച മതാധ്യാപകരുടെ റീജിയണൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

17 രാവിലെ മുടയരഞ്ഞി ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം നവീകരിച്ച പെരിങ്കരി ഇടവകാ ദൈവാലയം കൂദാശ ചെയ്തു.

18 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം റീജൻസി ബ്രദേഴ്സിന്റെ ഡയറക്ടർമാരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ജൂബിലി വർഷത്തിലായിരിക്കുന്ന വൈദികരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

19 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ജൂബിലി വർഷത്തിലായിരിക്കുന്ന വൈദികർക്കായി ദിവ്യബലിയർപ്പിച്ചു. തുടർന്ന് വൈദിക സമിതി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം നടന്ന തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

20 ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് സംഘടിപ്പിച്ച ബഹു. ജെയിംസ് ചെല്ലംകോട്ട് അച്ചന്റെ ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം അതിരൂപതാംഗങ്ങളായ ഡീക്കന്മാരുമായി അഭിമുഖം നടത്തി. രാത്രിയോടെ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

---

## DECEMBER 2024 ENGAGEMENTS

### ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01-04 | | - | Pariyaram: Deacons Retreat |
| 05 | | - | KCBC |
| 06-07 | | - | Edoor to Chemperi: Marian Pilgrimage |
| 07 | 05:00 pm | - | Kanhangad: Forane Retreat |
| 08 | 08:00 am | - | Marypuram: Church Foundation stone laying ceremony |
| | 05:00 pm | - | Kanhangad: Forane Retreat |
| 09 | 09-12 pm | - | Thalassery: Visitors Day |
| | 05:00 pm | - | Karunapuram: Eucharistic Rally |
| 10 | 04:00 pm | - | Belthangady: Bible Convention |
| 11 | | - | Thomapuram: Eucharistic Conference |

| | | | |
|---|---|---|---|
| 12 | 05:00 pm | - | Kasargod: Forane Retreat |
| 13-14 | | - | Thomapuram: Eucharistic Conference |
| 15 | 05:00 pm | - | Kasargod: Forane Retreat |
| 16 | 10:00 am | - | Thalassery: Finance Council |
| 17 | 09:00 am | - | Iritty: Amala Hospital |
| | 10:00 am | - | Kiliyanthara: SABS Provincial House |
| | 05:00 pm | - | Nellickampoil: Forane Retreat |
| 18 | 05:00 pm | - | Nellickampoil: Forane Retreat |
| 19 | 10-01 pm | - | Padannakkad: Visitors Day |
| | 05:30 pm | - | Padannakkad: Stella Maris School Annual Day |
| 20 | 05:00 pm | - | Thalassery: Town Carol |
| 21 | 06:00 am | - | Peravoor: Marathon Inauguration |
| | 10:00 am | - | Chemperi: Pastoral Council |
| | 03:00 pm | - | Iritty: Boun Nathale |
| 22 | | - | Engaged |
| 23 | 04:00 pm | - | Nellickampoil |
| 24 | | - | Engaged |
| 25 | | - | Cathedral |
| 26 | 09:00 am | - | Alakode: Ordination |
| | 03:00 pm | - | Kiliyanthara |
| | 06:00 pm | - | Thirur: Baptism |
| 27 | 09:00 am | - | Santhinagar: Ordination |
| | 11:30 am | - | Edathotty |
| | 02:30 pm | - | Cherupara: Ordination |
| 28 | 09:00 am | - | Edoor: Ordination |
| 29 | 04:00 pm | - | Palavayal: Jubilee |
| 30 | 09:00 am | - | Chully: Ordination |
| | 04:00 pm | - | Kallar |
| 31 | 09:00 am | - | Kalanki: Ordination |
| | 12:00 pm | - | Anara: Church Foundation stone laying ceremony |
| | 04:00 pm | - | Sisumala, Mananthavady |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**നവംബർ 2024**

01 രാവിലെ കുന്നോത്ത് നസ്രത്ത് സിസ്റ്റഴ്സിന്റെ നാച്യുറോപ്പതി സെന്ററിന്റെ വെഞ്ചിരിപ്പിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ചെമ്പേരി അച്ചൂസ് സ്റ്റുഡിയോയുടെയും നവീകരിച്ച ഗിഫ്റ്റ് ഷോപ്പിന്റെയും വെഞ്ചിരിപ്പ് നടത്തി.

02 രാവിലെ കോട്ടൂർ സെന്റ് തോമസ് ഇടവകാംഗമായ അതുൽ തങ്കച്ചന്റെ വിവാഹം ആശീർവ്വദിച്ചു.

04 രാവിലെ കോഴിച്ചാൽ ഇടവകാംഗമായ ഡീക്കൻ അലക്സ് മുതുപ്ലാക്കലിനു തിരുപ്പട്ടം നൽകി.

05 രാവിലെ മാനന്തവാടി രൂപത കുറുമണി ഇടവകയിൽ കാവാലത്ത് വിൻസെന്റിന്റെ ചരമ വാർഷികത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകിട്ട് അങ്ങാടിക്കടവിൽ വച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

06 രാവിലെ കുന്നോത്ത് പ്രകൃതി ചികിത്സാസെന്ററിൽ വി. കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് വായാട്ടുപറമ്പ് വച്ച് നടന്ന ബഹു. ജോർജ് തൈക്കുന്നുംപുറം അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

09 രാവിലെ തോമാപുരം ഇടവകയിൽ വച്ച് നടുവിലേക്കൂറ്റ് കാതറൈൻ അജു അലക്സിന് പ്രാരംഭകൂദാശകൾ നൽകി. തുടർന്ന് പെരുമ്പടവ് വച്ച് നടന്ന മിഷൻലീഗ് മേഖലകൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

10 ഉച്ചക്ക് കണ്ണൂർ രൂപതാ സഹായമെത്രാൻ മോൺ. ഡെന്നിസ് കുറുപ്പശ്ശേരിയുടെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു.

13 രാവിലെ ചെമ്പേരി ബസിലിക്കാ ദൈവാലയത്തിൽ വച്ച് കുറുംതോട്ടത്തിൽ ആന്റണി അബ്രാം ഐസക്കിന് പ്രാരംഭകൂദാശകൾ നൽകി.

14 രാവിലെ കരുണാപുരത്ത് വച്ച് നടന്ന ബഹു. ജിയോ പുളിക്കൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

16 രാവിലെ പരിയാരം എസ്. എം. എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

17 വൈകുന്നേരം നെടുമുണ്ട സെന്റ് ജൂഡ്സ് ദൈവാലയത്തിൽ തിരുനാൾ ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

18 മാനന്തവാടി രൂപത കയ്യുന്നി ഇടവകയിൽ ഇഞ്ചിമലയിൽ സബിൻ – ലിറ്റി എന്നിവരുടെ വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരം തലശ്ശേരി ആർച്ച്ബിഷപ്പ് ഹൗസിൽ നടന്ന ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.

20 രാവിലെ കുന്നോത്ത് സെമിനാരിയിൽ ക്ലാസ് എടുത്തു. ഉച്ചയ്ക്ക് ചെമ്പേരി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ബഹു. ജെയിംസ് ചെല്ലംകോട്ട് അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം പുലിക്കുരുമ്പ ഇടവകയിൽ നിര്യാതയായ മരുതുംകുഴിയിൽ അന്നമ്മയുടെ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ചു.

21 രാവിലെ ആർച്ച്ബിഷപ്പ് ഹൗസിൽ നടന്ന തലശ്ശേരി പ്രൊവിൻസിന്റെ കീഴിലുള്ള പിതാക്കന്മാരുടെ കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം തൊക്കിലങ്ങാടി എസ്.എച്ച് ഹോസ്പിറ്റൽ ഡേ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

23 രാവിലെ ബാംഗ്ലൂർ രാമമൂർത്തിനാഗർ ഇടവകയിൽ നടന്ന 'എൽഡേഴ്സ്ഡേ' പ്രോഗ്രാമിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

24 ഉച്ചയ്ക്ക് പെരിങ്കരി ഇടവകയിലെ കുട്ടികൾക്ക് ആദ്യകുർബാന സ്വീകരണം നൽകി.

25 രാവിലെ മഞ്ഞളാംപുറം ഇടവകയിൽ വച്ച് കേച്ചേരി അതുല്യയുടെയും അറാക്കൽ ഷെഫിന്റെയും വിവാഹവാഗ്ദാനം നടത്തി. വൈകുന്നേരം പൂപ്പറമ്പ ഫുസ്കോ സ്കൂൾ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

27 രാവിലെ ചെമ്പേരി ഇടവകയിൽ നടന്ന എസ്.വി.ഡി.പിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മാനന്തവാടി മേരിമാതാ കോളേജിൽ മിസ്റ്റർ ജോൺസൺ ചെറുവള്ളിയുടെ റിട്ടയർമെന്റ് യോഗത്തിൽ സംബന്ധിച്ചു.

28 രാവിലെ മാനന്തവാടി രൂപത മണിമൂലി ഇടവകയിൽ അറാക്കൽ ഷെഫിൻ – അതുല്യ ദമ്പതികളുടെ വിവാഹം ആശീർവ്വദിച്ചു.

29 വൈകുന്നേരം കരുവഞ്ചാൽ ശാന്തിഭവനിൽ നടന്ന ബഹു. ജോസഫ് കാരകുന്നേൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

30 എണ്ണപ്പാറ ഇടവകയിൽ നടന്ന ബഹു. തോമസ് മുളങ്ങാട്ടിൽ സി.എസ്.ടി. അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം ഇരിട്ടി തന്തോടിൽ പുതിയതായി നിർമ്മിച്ച കപ്പേളയുടെ വെഞ്ചിരിപ്പ് നിർവഹിച്ചു.

**DECEMBER 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 04 | 10:30 am | - | Holy Mass, Chalakkudy |
| 10 | 06:45 am | - | Holy Mass, Synaxis (CMC), Nellickampoil |
| 11 | 4:30 pm | - | Holy Mass, Chittarickal |
| 15 | 06:30 | - | Holy Mass (SABS), Kiliyanthara |
| 26 | 10:30 | - | Baptism, Palavayal |
| 27 | 09:00 am | - | Ordination, Dn. Ajith Thadathil MST, Angadikadavu. |
| | 04:00 pm | - | Jubilee, Palavayal |
| 28 | 09:00 am | - | Ordination, Dn. ShebinPanthackal CST, Rajagiri |
| | 04:00 pm | - | House Blessing, Kappimala |
| 29 | 10:00 am | - | First Communion, Thirur |
| | 6:30 pm | - | Holy Mass (NS), Kunnoth |
| 30 | 09:00 am | - | Ordination, Dn. Joseph Vembenickal MST, Malom |
| 31 | 09:00 am | - | Ordination, Dn. Jerin Kuzhiparambil CST, Kolayad |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോർജ് വലിയമറ്റം

## ഒക്ടോബർ 2024

31 ചങ്ങനാശ്ശേരിയിൽ അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി ആർച്ചുബിഷപ്പ മാർ തോമസ് തറയിൽ പിതാവിന്റെ സ്ഥാനാരോഹണത്തിൽ പങ്കുചേരുകയും പിതാവിന് പ്രാർത്ഥനകളും ആശംസകളും നേർന്നു.

## നവംബർ 2024

01 10:30 ന് കുന്നോത്ത് നസ്രത്ത് പ്രകൃതി ചികിത്സ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

02 ആനമഞ്ഞളിൽ ഉണ്ണിമിശിഹ ദൈവാലയത്തിൽ പുല്ലാട്ട് അപ്പച്ചൻ – അന്നമ്മ വിവാഹ ജീവിതത്തിന്റെ സുവർണ്ണ ജൂബിലിയും അവരുടെ പേരക്കുട്ടികളായ നിയാ മെറിൻ നോയൽ ആദ്യകുർബാനയിലും മുഖ്യകാർമികത്വം വഹിച്ചു.

04 പേരാവൂരിൽ നിര്യാതനായ പോട്ടയ്ക്കൽ ജോസഫിന് ആദരാഞ്ജലികൾ നേരുകയും കുടുംബാംഗങ്ങളോടൊപ്പം വിയോഗത്തിൽ പങ്കുകൊള്ളുകയും ചെയ്തു. ബഹുമാനപ്പെട്ട തോമസ് ചെറുകര അച്ചന്റെ പ്രിയ മാതാവ് ശ്രീമതി അന്നക്കുട്ടിയുടെ ഭവനത്തിൽ നടത്തിയ മൃതസംസ്ക്കാര ശുശ്രൂഷയിൽ മേരിഗിരിയിലെ ഭവനകാർമികത്വത്തിൽ വെച്ച് പങ്കെടുക്കുകയും ചെയ്തു.

06 ജോർജ് തൈക്കുന്നുംപുറത്ത് അച്ചന്റെ ജൂബിലിക്ക് വായാട്ടുപറമ്പ് സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ വച്ച് മുഖ്യകാർമികത്വം വഹിച്ചു .

09 തലശ്ശേരി സാൻജോസ് മെട്രോപൊളിറ്റൻ സ്കൂളിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോൺവൊക്കേഷനിൽ പങ്കെടുക്കുകയും സമ്മാനദാനങ്ങൾ നടത്തുകയും ചെയ്തു.

10 പ്രഥമ സഹായമെത്രനായി ബിഷപ്പ് ഡോ. ഡെന്നിസ് കുറുപ്പശേരിയുടെ മെത്രാഭിഷേക ചടങ്ങുകളിൽ കണ്ണൂരിൽ വെച്ച് പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു.

12. ചെമ്പേരി ലൂർദ് മാതാ ബസലിക്കയിൽ വച്ച് നിർമല ഹയർ സെക്കൻഡറി സ്കൂളിലെ (ചെമ്പേരി) റിട്ട. അധ്യാപകൻ ജോസ് ചാലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

14 നിര്യാതയായ സോണിയ ബിനോയി കിഴക്കേപടവത്തിന്റെ എടൂരിലെ ഭവനത്തിൽ വച്ച് ഒപ്പീസ് ചൊല്ലി. ഉച്ചകഴിഞ്ഞ് കരുണാപുരത്തിൽ നടന്ന ബഹു. ജിയോ പുളിക്കൽ അച്ചന്റെ ജൂബിലിയുടെ സമ്മേളനത്തിൽ

അധ്യക്ഷ സ്ഥാനം വഹിച്ചു. വൈകുന്നേരം 6: 30 മുതൽ 15 ന് പുലർച്ചെ 5:30 വരെ മദർ ഹോമിൽ വെച്ച് നടന്ന എമ്മാവൂസ് വിജിലിൽ പങ്കെടുത്തു.

15 എടൂർ നെടുമുണ്ട സെന്റ് ജൂഡ് തീർത്ഥാടന കേന്ദ്രത്തിൽ നൊവേന യോട് അനുബന്ധിച്ച് ബലിയർപ്പിച്ചു.

18 സി. ആൽഫി MSMI-യുടെ രജത ജൂബിലിയോടനുബന്ധിച്ച് തലശ്ശേരി നിർമ്മല കോൺവെന്റിൽ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം സുവർണ്ണ ജൂബിലിയും രജത ജൂബിലിയും ആഘോഷിക്കുന്ന വൈദികരെ അതിരൂപതാകേന്ദ്രത്തിൽ വച്ച് ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

20 ബഹു. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, ബഹു. ഫാ. മാത്യു മുളയോലിൽ എന്നി വരുടെ ചെമ്പേരിയിൽ വച്ച് നടന്ന പൗരോഹിത്യ രജതജൂബിലി പങ്കെടുത്തു.

21 നസ്രത്ത് സിസ്റ്റേഴ്സ് - സി. ലിനറ്റ്, സി. ലീന, MST വൈദികനായ ഫാ. ജോബിസ് എന്നിവരുടെ മാതാവായ മരുതുംകുഴിയിൽ അന്നമ്മയുടെ (അച്ചാമ്മ) പുലിക്കുരുമ്പയിലെ ഭവനത്തിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹത്തിന്റെ മലബാർ സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. അമല തേരേട്ടിന്റെ മൃതസംസ് ക്കാരശുശ്രൂഷകൾക്ക് കരുണാഭവൻ വിശുദ്ധ യൂദാതദേവൂസ് ദൈവാല ത്തിൽ വച്ച് മുഖ്യകാർമികത്വം വഹിച്ചു.

---

**DECEMBER 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 1-10 | - | Engaged |
| 11, 12 ,13 | - | Eucharistic Conference at Thomapuram |
| 27 | - | Ordination at Vayattuparamba: Dn. Ribin Kalappurackal |
| 3:00 pm | - | Kanjiradukkom : House Blessing - Kaithakkulam family |
| 28, 29, 30 | - | Idukki |

**Secretary to the Archbishop Emeritus**

# SILVER JUBILERIANS








Rev. Fr. Sebastian
**Ambattu**



Rev. Fr. James
**Areeparambil**



Rev. Fr.Mathew
**Areeplackal**



Rev. Fr.Sebastian
**Cheripurath**



Rev. Fr. Philip
**Eruppakkattu**



Rev. Fr. Thomas
**Noorammackal**




Rev. Fr. Joseph
**Puthussery**



Rev. Fr. Martin
**Thattaparambil**



Rev. Fr. Xavier
**Thelakkatt**




Rev. Fr. Mathew
**Valavanal**



RNI Reg. No. 5910  Date of Publication: 28/11/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 12 വില : ₹10

# ഡിസംബർ 08
# പരി. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.